
പനമരം ഗ്രാമപഞ്ചായത്ത്



ആധികാരം ജനങ്ങളിലേക്ക്

ജനകീയാസൂത്രണം സമഗ്രവികസനരേഖ

പനമരം ഗ്രാമപഞ്ചായത്ത്




137-7

പനമരം ഗ്രാമ പഞ്ചായത്ത്



സമഗ്ര വികസന രേഖ


ഗ്രാമ പഞ്ചായത്ത് ഭരണ സാരഥികൾ



ജി.പ്രതാപ ചന്ദ്രൻ
(പ്രസിഡന്റ്)



രുഗ്മിണി ഭാസ്കരൻ നായർ
(വൈസ് പ്രസിഡന്റ്)



അഡ്വ.കെ.എം.തോമസ്
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)


മെമ്പർമാർ




ഗബ്രിയേൽ രാമൻ



ടി.ഉഷാകുമാരി




പി.രാമൻ



എം.സി.സെബാസ്റ്റ്യൻ



മെഹ്റുന്നീസ റസാഖ്




എൻ.ഹംസ




കെ.വി.സുലോചന



ഷെർളി ടീച്ചർ



എൻ.കാദർ



കെ.ചെറിയ മൂസ

എഡിറ്റോറിയൽ ബോർഡ്

ജി. പ്രതാപചന്ദ്രൻ

എൻ. പി. വേണുഗോപാലൻ

എം. പി. ബാലകുമാർ

കെ. മൊയ്തീൻ

കെ. സുരേന്ദ്രൻ

ഷേർളി തോമസ്

ശശിധരൻ തമ്പി

എം. സദാനന്ദൻ

രാമനാരായണൻ

എസ്. സദാശിവൻപിള്ള

ആർ. അജയകുമാർ

പി. എം. ഹമീദ്

പഞ്ചായത്ത് ഭരണസമിതി


1. ജി. പ്രതാപചന്ദ്രൻ- പ്രസിഡൻറ്
2. രുഗ്മിണി ഭാസ്കരൻനായർ- വൈസ് പ്രസിഡൻറ്
3. അഡ്വ. കെ. എം. തോമസ് ചെയർമാൻ സ്റ്റാൻറിംഗ് കമ്മറ്റി
4. ഗബ്രിയേൽ രാമൻ- മെമ്പർ
5. ടി. ഉഷാകുമാരി -''
6. പി. രാമൻ- ''
7. എം. സി. സബാസ്റ്റ്യൻ -''
8. മെഹറുന്നീസ റസാക്ക് - ''
9. എൻ. ഹംസ - ''
10. കെ. വി. സുലോചന - ''
11. ഷേർളി ടീച്ചർ - ''
12. എൻ. കാദർ - ''
13. കെ. ചെറിയമൂസ - ''

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

1. കെ. അമ്മു
2. കെ. ഉസ്മാൻ

ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

1. കെ. സി. കുഞ്ഞിരാമൻ
2. പി. പി. എ. കരീം



പഞ്ചായത്ത് പ്രസിഡണ്ടും ജീവനക്കാരും

ആമുഖം

പഞ്ചായത്ത് പൊതു വിവരണം

പനമരം ഗ്രാമ പഞ്ചായത്ത് സംക്ഷിപ്ത വിവരണം

ജനകീയാസൂത്രണം - ഡയറി

പേജ് 1 കൃഷിയും ജലസേചനവും

9 മൃഗ സംരക്ഷണം

12 വ്യവസായം

14 വിദ്യാഭ്യാസം

20 സംസ്കാരം

22 പൊതുജനാരോഗ്യം കുടിവെള്ളം പരിസരശുചിത്വം

31 ഗതാഗതം - ഊർജ്ജം

40 പാർപ്പിടവും സാമൂഹ്യക്ഷേമവും

46 വനിതാക്ഷേമം

49 സഹകരണം

56 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

64 വിഭവ സമാഹരണം

67 ഉപസംഹാരം

ആമുഖം

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 49 വർഷങ്ങൾ കടന്നുപോയിട്ടും 'അധികാരം ജനങ്ങളിലേക്ക്' എന്ന സങ്കൽപം യാഥാർത്ഥ്യമാക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്ന സാക്ഷാത്കാരം 73-ാം ഭരണഘടനാ ഭേദഗതിയോടുകൂടി നടപ്പിൽ വരികയും ഗ്രാമപഞ്ചായത്തുകൾക്ക് ഇന്നുള്ള ഭരണഘടനാദത്തമായ അധികാരങ്ങൾ ലഭ്യമാവുകയും ചെയ്തത് സ്വാതന്ത്ര്യ പുലരിയുടെ 47-ാം വർഷത്തിലാണ്.

അധികാരവും ആസൂത്രണവും, ജനകീയ ആവശ്യങ്ങളെ വേണ്ടത്ര പരിഗണിക്കാതെ, കേന്ദ്രീയമായിരുന്നു. എന്നാൽ ജനകീയാസൂത്രണ പ്രക്രിയയിലൂടെയുള്ള അധികാരവികേന്ദ്രീകരണം ഈ അവസ്ഥ കീഴ്മേൽ മറിക്കാൻ പര്യാപ്തമായി എന്നത് ജനാഭിലാഷത്തിന്റെ വിജയമാണ്. ഭാരതത്തിലെ ഇതര സംസ്ഥാനങ്ങൾക്ക് എന്നും അനുകരണീയമായ മാതൃക ആകാറുള്ള കേരളം, ജനകീയാസൂത്രണ പ്രക്രിയയിലൂടെ അതുല്ല്യമായ മറ്റൊരു മാതൃകകൂടി സൃഷ്ടിച്ചിരിക്കുകയാണ്. ഈ പുതിയ ആസൂത്രണ പ്രക്രിയ - **അധികാരം അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക്** എന്ന **വ്യതിയാനം** - കേരളത്തിന്റെ സമഗ്രവികസനത്തിന് പുതിയൊരു മാനം സൃഷ്ടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കക്ഷി രാഷ്ട്രീയ - ജാതിമത ചിന്താഗതികൾക്കതീതമായ കൂട്ടായ്മ എന്ന മഹത്തായ സങ്കൽപ്പം ഇവിടെ പ്രാവർത്തികമാവുകയാണ്.

ഒൻപതാം പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന 40 ശതമാനത്തോളം വരുന്ന ഉപാധിരഹിതഫണ്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും ജനകീയ സംഭാവനകളും അജയ്യമായ മാനവശേഷിയുമെല്ലാം ഈ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളാണ്.

ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ നിലവിലുള്ള പദ്ധതികളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തികളുടെയും നടത്തിപ്പ് സുഗമവും സുതാര്യവും കാര്യക്ഷമവുമായി തീരുന്നു. മാത്രമല്ല, അഴിമതിയുടെ ഊടുവഴികളെല്ലാം ഏറെക്കുറേ കൊട്ടിയടക്കപ്പെടുകയും ചെയ്യുന്നു.

കൃഷി, ജലസേചനം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, സഹകരണം, ഗതാഗതം, ഊർജം, പട്ടികജാതി പട്ടികവർഗ ക്ഷേമം തുടങ്ങിയ വിവിധ മേഖലകളിൽ അഭിലഷണീയമായ പുരോഗതി കൈവരിക്കാൻ ഈ പുത്തൻ ആസൂത്രണ പ്രക്രിയക്ക് കഴിയും.

ഇതിന്റെ ചരിത്രപരമായ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ വിഭാഗം ജനങ്ങളും പദ്ധതിയുടെ വിജയത്തിനായി ഒത്തു ചേരണമെന്നും ഹൃദയം നിറഞ്ഞ സഹായസഹകരണങ്ങൾ നൽകണമെന്നും സ്നേഹാദരവുകളോടെ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്ത് -പൊതു വിവരണം

1. പഞ്ചായത്തിന്റെ പേര്	:	പനമരം പഞ്ചായത്ത്
2. ഉൾപ്പെടുന്ന വില്ലേജുകൾ	:	1. പനമരം 2. അഞ്ചുകുന്ന് 3. ചെറുകാട്ടൂർ 4. നടവയൽ (ഭാഗികം)
3. ബ്ലോക്ക് പഞ്ചായത്ത്	:	മാനന്തവാടി
4. താലൂക്ക്	:	മാനന്തവാടി
5. അസംബ്ലി മണ്ഡലം	:	വടക്കേ വയനാട്
6. വിസ്തീർണ്ണം	:	80.90 ച. കി. മീ.
7. അതിരുകൾ	:	വടക്ക്: പുൽപ്പള്ളി, മാനന്തവാടി പഞ്ചായത്തുകൾ റിസർവ് ഫോറസ്റ്റ്, പുഴ കിഴക്ക്: പൂതാടി പഞ്ചായത്ത് തെക്ക്: കണിയാംപറ്റ, പൂതാടി പഞ്ചായത്തുകൾ പടിഞ്ഞാറ്: വെള്ളമുണ്ട, എടവക പഞ്ചായത്തുകൾ
8. ജനസംഖ്യ (1991 സെൻസസ്)	:	36815 പുരുഷൻ : 18738 സ്ത്രീകൾ : 18077 പട്ടികജാതി : 1007 പട്ടിക വർഗ്ഗം : 8530
9. ജനസാന്ദ്രത	:	455
10.സാക്ഷരർ	:	24147
11. വാർഡുകൾ	:	പതിമൂന്ന്
12. പ്രസിഡൻറിന്റെ പേര്	:	ജി. പ്രതാപചന്ദ്രൻ
13. വൈസ് പ്രസിഡൻറിന്റെ പേര്	:	രുഗ്മിണി ഭാസ്കരൻ നായർ
14. സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാന്റെ പേര്	:	അഡ്വ. കെ. എം. തോമസ്

പനമരം ഗ്രാമ പഞ്ചായത്ത് സംക്ഷിപ്ത ചരിത്രം

ഭൂമിശാസ്ത്രപരമായി വയനാട് ജില്ലയുടെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന പനമരം ഗ്രാമപഞ്ചായത്ത് രൂപീകരിക്കപ്പെട്ടത് 1962 - ലാണ്.

നദികളാലും മലകളാലും വയലേലകളാലും ചുറ്റപ്പെട്ട ഈ ഗ്രാമപഞ്ചായത്ത് പ്രകൃതി രമണീയമാണ്.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനെതിരെ നടത്തിയ വീറുറ്റ പോരാട്ടത്തിന്റെ ചരിത്രപരമായ പ്രാധാന്യവുമുണ്ട് ഈ ഗ്രാമത്തിന്.

മാത്രമല്ല, വൈവിധ്യമാർന്ന സാംസ്കാരിക പാരമ്പര്യവും ഈ ഗ്രാമപഞ്ചായത്തിനെ ധന്യയാക്കുന്നു.

പുഞ്ചവയലിനടുത്തുള്ള പുത്തങ്ങാടിയും പാലുകുന്നും മഹത്തായ ജൈന സംസ്കൃതിയുടെ കഥ പറയുന്നു.

വേടരാജാക്കൻമാരുടെയും വീരപഴശ്ശിയുടെയും ടിപ്പുവിന്റെയും ചരിത്രങ്ങളുമായി ബന്ധപ്പെട്ട വീരകഥകൾ പറയുമ്പോൾ ഈ ഗ്രാമപഞ്ചായത്ത് വാചാലയാകുന്നു.

1802 തലക്കൽ ചന്തുവിന്റെ നേതൃത്വത്തിൽ പനമരത്തെ ബ്രിട്ടീഷ് മിലിട്ടറി പോസ്റ്റിനു നേരെ നടത്തിയ അക്രമണം ചരിത്രാധ്യായങ്ങളിലെ സുവർണാക്ഷരങ്ങളാണ്.

പഴശ്ശിയുടെയും ടിപ്പുവിന്റെയും കോട്ടകളുടെ അവശിഷ്ടങ്ങൾ ചരിത്രവിദ്യാർത്ഥികൾക്കുള്ള മൺചിരാതുകളായി ഇന്നും അവശേഷിക്കുന്നു.

വിവിധ മതങ്ങൾ സംഭാവന ചെയ്ത ഒരു സങ്കലിത സംസ്കാരമാണ് ഈ പഞ്ചായത്തിനേറത്.

എരനെല്ലൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രം, അഞ്ചുകുന്ന് രവിമംഗലം ക്ഷേത്രം, പുഞ്ചവയലിനടുത്തുള്ള ജൈന ക്ഷേത്രം, പനമരം, കൈതക്കൽ, ഉള്ളിശ്ശേരി എന്നിവിടങ്ങളിലെ ചിരപുരാതനങ്ങളായ മുസ്ലീം പള്ളികൾ, ഉള്ളിശ്ശേരി മൊക്കത്തുള്ള സൈനുദ്ദീൻ അമ്മത് മുസലിയാരുടെ ജാറം, പള്ളിക്കുന്ന് ലൂർദ് മാതാ ദേവാലയം തുടങ്ങിയവ ഈ ഗ്രാമപഞ്ചായത്തിന്റെ അധ്യാത്മിക പാരമ്പര്യത്തിന്റെ പ്രതിബിംബങ്ങളാണ്.

45,000 -ത്തിൽ പരം വരുന്ന ജനസംഖ്യയുടെ 34% വും ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ്.

1930 -കളിലെ കുടിയേറ്റ കർഷകരുടെ ആഗമനവും അതുവഴിയുണ്ടായ വൈവിധ്യമാർന്ന പുരോഗതിയും ഈ ഗ്രാമ പഞ്ചായത്തിന്റെ ഗതകാല ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളാണ്.

എങ്കിൽ പോലും 35 വർഷത്തെ ആയുസ്സ് അഭിമാനാർഹമായ നേട്ടങ്ങൾ നമുക്ക് നൽകി എന്ന് പറയുക വയ്യ.

ഈ ഗ്രാമ പഞ്ചായത്തിന്റെ ഇന്നത്തെ ഐശ്വര്യത്തിന്റെ തുടക്കം കുറിച്ചത് പ്രഥമ പ്രസിഡണ്ടായ, യശഃ ശരീരനായ പാലുകുന്ന് ചന്ദ്രയ്യ ഗൗഡരും തുടർന്ന് അധികാരത്തിൽ വന്ന പരേതനായ വി. കുഞ്ഞിമമ്മു സാഹിബും, ശേഷം അധികാരത്തിൽ വന്ന സർവ്വ ശ്രീ. കെ. വാസു പിള്ളയും, ടി. മോഹനനും അവരവരുടെ നേതൃത്വത്തിലുണ്ടായിരുന്ന ഭരണ സമിതിയുമാണ്.

1962 - ൽ വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പഞ്ചായത്ത് ഓഫീസ് 1981 - ൽ പ്രൗഢ ഗംഭീരമായ ആസ്ഥാന മന്ദിരത്തിലേക്ക് മാറ്റാൻ ശ്രീ. ടി. മോഹനൻ പ്രസിഡണ്ടായിരുന്ന ഭരണ സമിതിക്ക് കഴിഞ്ഞു. പനമരം അങ്ങാടിയുടെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായ 2 ഷോപ്പിംഗ് കോംപ്ലക്സും ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനും ഈ സമിതിക്കു സാധിച്ചിട്ടുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിന്റെ സാമൂഹ്യ-സാമ്പത്തിക രംഗത്ത് ഗണ്യമായ സംഭാവനകൾ ഇവിടുത്തെ സാമ്പത്തിക സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്. കാർഷിക-വ്യാവസായിക മേഖലകളിൽ ഒട്ടേറെ സംഭാവനകൾ ഈ പ്രദേശത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്.. ഇന്നും അത് തുടർന്ന് കൊണ്ടിരിക്കുകയുമാണ്. എല്ലാ സ്ഥാപനങ്ങളുടേയും ബന്ധപ്പെട്ടവരേയും ഓർക്കുകയാണ്; ഏറെ നന്ദിയോടെ. ഈ രംഗങ്ങളിലെല്ലാം നിസ്തുലമായ സംഭാവനകൾ നൽകിയ എത്രയോ മഹൽ വ്യക്തികളുമുണ്ട്. അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ, കാല യവനികക്കുള്ളിൽ അഭയം പ്രാപിച്ചവരും അല്ലാത്തവരുമായ എല്ലാ മഹത് വ്യക്തികളേയും,

നന്ദി പൂർവ്വം സ്മരിക്കുക;
അവരുടെ സ്മരണക്ക് മുന്നിൽ
ശിരസ്സു നമിക്കുക ....

ജനകീയാസൂത്രണ ഡയറി

തീയ്യതി	പരിപാടികൾ
13-9-96	പഞ്ചായത്ത് അംഗങ്ങളുടെയും,റിസോഴ്സ് പേഴ്സൺമാരുടേയും യോഗം
17-9-96	ടാസ്ക് ഫോഴ്സ് രൂപീകരണവും ഒന്നാംഘട്ട പരിശീലനവും
21-9-96 to 2-10-96	വിശേഷാൽ ഗ്രാമസഭകൾ
4-10-96 to 31-10-96	വിവര ശേഖരണം
23-10-96	ബ്ലോക്ക് തല പരിശീലനം
24-10-96	,,
25-10-96	,,
2-11-96	രണ്ടാംഘട്ട പരിശീലനം
3-11-96	പഠനയാത്ര
4-11-96 to 9-11-96	റിപ്പോർട്ട് ക്രോഡീകരണം
11-11-96	റിപ്പോർട്ട് -ഗ്രൂപ്പ് ചർച്ചകൾ
12-11-96	റിപ്പോർട്ട്-തയ്യാറാക്കൽ
20-11-96	പഞ്ചായത്ത് അംഗങ്ങളുടെയും ആർ. പിമാരുടെയും യോഗം
20-11-96	പഞ്ചായത്ത് ഭരണസമിതി യോഗം-റിപ്പോർട്ടുകൾ അംഗീകരിക്കൽ
30-11-96	പഞ്ചായത്ത് വികസന സെമിനാർ

ജനകീയാസൂത്രണം-ഡയറി വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ

ക്രമ നമ്പർ	വാർഡ്	തീയതി	പങ്കെടുത്തവർ		ആകെ	ഉദ്യോഗസ്ഥർ	എസ്സി/എസ്ടി
			സ്ത്രീ.	പു.			
1	I കായക്കുന്ന്	29.9.96	31	116	147	5	21
2	II നീർവാരം	29.9.96	73	207	280	15	32
3	III ചെറുകാട്ടൂർ	2.10.96	41	173	214	8	54
4	IV കൈതക്കൽ	2.10.96	41	139	170	10	21
5	V കുണ്ടാല	2.10.96	36	206	242	11	40
6	VI അഞ്ചുകുന്ന്	29.9.96	21	140	161	15	20
7	VII പാലുകുന്ന്	29.9.96	34	177	211	12	52
8	VIII വിളമ്പുകണ്ടം	22.9.96	35	220	255	10	48
9	IX ഏച്ചോം	22.9.96	37	121	158	10	30
10	X അരിഞ്ചേർമല	21.9.96	42	162	204	15	22
11	XI പനമരം വെസ്റ്റ്	28.9.96	9	117	126	5	18
12	XII പനമരം ഈസ്റ്റ്	28.9.96	21	140	161	10	19
13	XIII പുഞ്ചവയൽ	28.9.96	34	124	158	8	28
		ആകെ -	455	2042	2497	134	405

പരിശീലനങ്ങൾ

ക്രമനമ്പർ	പരിശീലനം	തീയതി	പങ്കെടുത്തവർ	പരിശീലനത്തിന്റെ ഉള്ളടക്കം
I	ഭരണസമിതി അംഗങ്ങൾക്കുള്ള പരിശീലനം	17.9.96	പു. 58 സ്ത്രീ. 13 71	ഭരണസമിതി അംഗങ്ങൾക്കുള്ള പരിശീലനം
	ഭരണസമിതി അംഗങ്ങൾക്കുള്ള ഉപപദ്ധതി രൂപീകരണ പരിശീലനം		13	
	ഭരണസമിതി അംഗങ്ങൾക്കുള്ള ഉപപദ്ധതി നിർവ്വഹണ പരിശീലനം		32	
	ഭരണസമിതി അംഗങ്ങൾക്കുള്ള ജില്ലാ വികസന ഏജൻസി പരിശീലനം		9	
	ഭരണസമിതി അംഗങ്ങൾക്കുള്ള പരിശീലനം	മാനിഷാദ 9 മുതൽ ഒരാഴ്ച . 6 ദിവസം	1	
	കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തകർക്കുള്ള പരിശീലനം			
	ഭരണസമിതി അംഗങ്ങൾക്കുള്ള പരിശീലനം			
II	സ്ത്രീ. ഗ്രാമ. പ്രാ. ഗ്രാമ. പ്രാ. പുരുഷ	മാനിഷാദ 9.30 മുതൽ ഒരാഴ്ച . 6 ദിവസം	1 30	
		2.11.96	പു. 65 സ്ത്രീ. 22 87	

1 കൃഷിയും ജലസേചനവും

പനമരം ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമ പ്രദേശമാണ്. തൊണ്ണൂറ്റിയഞ്ച് ശതമാനം ജനങ്ങളും കൃഷിയെ ആശ്രയിച്ചു മാത്രമാണ് ജീവിക്കുന്നത്. വയനാട്ടിലെ മുഖ്യ നദിയായ കബനിയുടെ ശാഖകളായ പനമരം പുഴ, നരസി പുഴ, ചെറു പുഴ, മാനന്തവാടി പുഴ തുടങ്ങിയവയും ധാരാളം കുളങ്ങളും തോടുകളും അടങ്ങിയതാണ് ഈ ഭൂപ്രദേശം. മുഖ്യ കൃഷികൾ നെല്ല്, കുരുമുളക്, കാപ്പി, കവുങ്ങ്, തെങ്ങ്, റബ്ബർ, ചേന , ഇഞ്ചി മുതലായവയാണ്. ഈ പഞ്ചായത്തിലെ കൃഷിയോഗ്യമായ നിലം ഏകദേശം 1800 ഹെക്ടറും, കര 5274 ഹെക്ടറുമാണ്. 105 ഹെക്ടർ സ്ഥലം പുറമ്പോക്കായും 50 ഹെക്ടർ സ്ഥലം തരിശു ഭൂമിയായിട്ടുമുണ്ട്. വനഭൂമിയുടെ വിസ്തീർണ്ണം ഏകദേശം 428 ഹെക്ടറാണ്. കൂടുതലായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തി വരുന്നത്.

വയനാടിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ ഗ്രാമത്തിന്റെ പഴയകാലസ്മരണകൾ അയവിറക്കുമ്പോൾ ഒന്നാമതായി ഓർമ്മ വരുന്നത് ഇവിടെ നിവസിച്ചിരുന്ന ജനപഥങ്ങളെക്കുറിച്ചുതന്നെ. ഏറ്റവും പ്രാകൃതവും എന്നാൽ പുറം ലോകത്തു നിന്ന് ഒറ്റപ്പെട്ടും ജീവിതത്തിന് പ്രത്യേക ലക്ഷ്യങ്ങളൊന്നുമില്ലാത്ത ആദിവാസി വിഭാഗങ്ങളായിരുന്നു ഇവിടെയുള്ള ഭൂരിഭാഗം ജനങ്ങളും.

1802 ൽ തലക്കൽ ചന്തുവിന്റെ നേതൃത്വത്തിൽ കുറിച്യർ പടയാളികൾ പനമരത്തെ ബ്രിട്ടീഷ് പോസ്റ്റിനു നേരെ നടത്തിയ ആക്രമണം ചരിത്ര രേഖകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. വേടരാജാക്കൻമാരുടെയും പഴശ്ശിയുടെയും ടിപ്പുവിന്റെയും ചരിത്രവുമായി ബന്ധപ്പെട്ട മറ്റനേകം കഥകളും പനമരം ഗ്രാമ പഞ്ചായത്തിന് എടുത്തു പറയാനുണ്ട്.

കർണാടകത്തിൽ നിന്നും കുടിയേറിപാർത്ത ജൈന- വൈഷ്ണവ മതസ്ഥരായ ഗൗഡർമാർ വളരെ മുമ്പു തന്നെ ഇവിടങ്ങളിൽ വന്ന് കൂടുകയും കൃഷിയിൽ മുഴുകി ജീവിതം നയിച്ചു പൊന്നിരുന്നു. ഇവരിൽ മിക്കവരും കാർഷിക വൃത്തിയിലൂടെ തന്നെ സാമ്പത്തികമായി വളരെ ഉന്നതിയിലെത്തി. അതുപോലെ തന്നെ കൃഷി കാര്യങ്ങളിൽ വ്യാപൃതരായി ഏറെക്കുറെ മെച്ചപ്പെട്ട അവസ്ഥയിലെത്തിയ മറ്റൊരു വിഭാഗമായിരുന്നു ചെട്ടിമാർ.

കൃഷി , നായാട്ട്, വനവിഭവശേഖരണം എന്നീ കാര്യങ്ങളിൽ ഒരു പോലെ തത്പരരായിരുന്നു കുറിച്യ-കുറുമ വിഭാഗങ്ങൾ. അസ്ത്രാഭ്യാസങ്ങളിൽ നിപുണരായ ഇവരിൽ പലരും പഴശ്ശിയുടെ പടയാളികൾ കൂടിയായിരുന്നു.

അടിയാൻമാർ, പണിയർ എന്നിവരിൽ ഭൂരിഭാഗവും തൊഴിലാളികളായിരുന്നു. വളരെ പൂർവ്വികരായ ഇവർ തീർത്തും നിരക്ഷരരും നാടോടികളുമായിരുന്നു. അടിമകളെപ്പോലെ ഒരു ജൻമിയുടെയോ കുടിയാന്റെയോ കീഴിൽ ജീവിക്കുകയും സ്വന്തം തൊഴിലിൽ മാത്രം ജീവിതം കണ്ടെത്തിയവരും ആയിരുന്നു.

എന്നും ഭൂരിഭാഗം ജനങ്ങളുടെയും പ്രദാന ജീവനോപാധി കൃഷി തന്നെയായിരുന്നു. കൃഷിയിടങ്ങൾ, ഒരു കാലത്ത് വൻകിട ജൻമിമാരുടെ കുത്തകയായിരുന്നു. കുപ്പത്തോട് നായർ തറവാട്, മുരിക്കൻമാർ, ദേവസ്വം എന്നിവരുടെ വകയായിരുന്നു കൃഷിഭൂമിയുടെ ഏറിയ പങ്കും.

പല സവിശേഷതകളോടും കൂടിയ നാടൻ വിത്തിനങ്ങളാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. കർത്തൻ, പൊന്നരിമാല, ചോമാല, വെളിയൻ, തൊണ്ടി, ഗന്ധകശാല, പാൽ വെളിയൻ തുടങ്ങിയ വിത്തിനങ്ങൾ ജൈവവളമുപയോഗിച്ച് കൃഷി ചെയ്തിരുന്നു. 1970 തോടെ പുതിയ ഇനം വിത്തിനങ്ങൾ കർഷകർ ഉപയോഗിക്കാൻ തുടങ്ങി. രാസവളപ്രയോഗവും ഏറെക്കുറെ ഈ കാലയളവിലാണ് തുടങ്ങിയത്. പുതിയ വിത്തിനങ്ങളുടെയും രാസവളങ്ങളുടെയും പ്രയോഗം കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുകയും ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ പമ്പു സെറ്റുകൾ ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു.

ചിലയിടങ്ങളിൽ വ്യാപകമല്ലാത്തതോതിൽ ഇടവിളയായി ചാമ, മുത്താറി, എള്ള്, പയർ എന്നീ ധാന്യങ്ങളും കിഴങ്ങു വർഗ്ഗങ്ങളായ ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, കൂർക്ക മുതലായവയും വാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവയും കൃഷിചെയ്തുപോന്നു.

ആദിവാസികൾ പണ്ടുമാസങ്ങളിൽ മുളയരി, മുളങ്കൂമ്പ്, പനച്ചോറ്, കാട്ടുകിഴങ്ങ് തുടങ്ങിയവ ആഹാരത്തിന് ഉപയോഗിച്ചിരുന്നു,

തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി കൈത വെച്ച് പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. തോടുകളിൽ നിന്നും കൃഷി സ്ഥലങ്ങളിലേക്ക് വെള്ളം തിരിച്ചു വിടുന്നതിനായി വാഴപ്പിണ്ടി, ഓല, മുളങ്കുറ്റി എന്നിവ ഉപയോഗിച്ച്

താൽകാലിക തടയണകൾ നിർമിച്ചിരുന്നു. ഈ സൗകര്യം ഉപയോഗിച്ച് രണ്ടാം വിള എടുത്തിരുന്നു. നാടൻ ജലസേചന ഉപകരണങ്ങളായ ഏത്തം, പോള എന്നിവയും ഉപയോഗിച്ചിരുന്നു. എലികളേയും കീടങ്ങളേയും നിയന്ത്രിക്കുന്നതിനായി എലിപ്പെട്ടി, എലിക്കെണി, വിളക്കുകെണി, മുറംവീശൽ, വെണ്ണീർ പറപ്പിക്കൽ എന്നീ നാടൻ രീതികളാണ് ആദ്യകാലത്ത് പ്രയോഗത്തിൽ ഉണ്ടായിരുന്നത്.

നാണ്യവിളകളോട് വേണ്ടത്ര ആഭിമുഖ്യം ഈ കാലത്തുണ്ടായിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. കുഴിക്കാണം എന്നറിയപ്പെടുന്ന പാട്ടവ്യവസ്ഥ ഇതിന്റെ മുഖ്യ കാരണമായിരുന്നു. 1970 ലെ ഭൂപരിഷ്കരണനിയമത്തോടെ പാട്ടവ്യവസ്ഥ അവസാനിക്കുകയും നാണ്യവിളകൾ അഭിവൃദ്ധിപ്പെടുകയും ചെയ്തു. കാർഷികോൽപ്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം അന്ന് കോഴിക്കോട്ടായിരുന്നു.

ഉൽപ്പന്ന കൈമാറ്റ വ്യവസ്ഥയായിരുന്നു ആദ്യകാലത്ത് ഈ പ്രദേശത്ത് നിലവിലുണ്ടായിരുന്നത്. ഒരു വർഷ കാലത്തേക്ക് വേണ്ടുന്ന സാധനങ്ങളുടെ വില വിളവെടുപ്പോടെയാണ് മേൽ സംവിധാന പ്രകാരം കർഷകർ നൽകുക. പല കർഷകരുടെയും തകർച്ചക്ക് ഇത് കാരണമായിട്ടുണ്ട്.

കുടിയേറ്റക്കാരുടെ ആഗമനം കാർഷിക മേഖലയുടെയും അതുവഴി ഗ്രാമത്തിന്റെയും മുഖച്ഛായതന്നെ മാറ്റി. ആധുനികമായ പല കാർഷിക രീതികളും നടപ്പിൽ വന്നു. കാർഷിക രംഗത്തെ പുത്തനുണർവ് ജീവിതരംഗത്തും സാംസ്കാരിക മേഖലയിലും പ്രകടമായി.

കാലക്രമത്തിൽ കാർഷികവൃത്തിയോടുള്ള സമീപനത്തിൽ മാറ്റം വന്നു തുടങ്ങി. കൂട്ടു കുടുംബ രീതിയിൽ മാറ്റം വന്നു. ഭൂമി തുണ്ടു തുണ്ടുകളായി വിഭജിക്കപ്പെട്ടു. ഭക്ഷ്യവിളകൾ നാണ്യവിളകൾക്ക് വഴിമാറിക്കൊടുത്തു. വീടു നിർമ്മാണത്തിനു പോലും വയലേലകൾ ഉപയോഗിച്ചു. ഇത് ഭക്ഷ്യ വിളകളും നാണ്യ വിളകളും തമ്മിൽ പാലിക്കപ്പെടേണ്ടുന്ന തുലനാവസ്ഥയ്ക്ക് ഭംഗം വരുത്തി.

പ്രധാന കൃഷികൾ

നെല്ല്

ഒരു ഏക്കറിൽ ശരാശരി പത്തു കിൻറൽ എന്ന തോതിലാണ് നെല്ലുൽപാദനം. ജലസേചന സൗകര്യമുള്ള 25% വയലുകളിൽ ഇരുപ്പൂകൃഷി നടത്തുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലൊ ശാസ്ത്രീയമായോ അല്ല പല കർഷകരുടെയും വളപ്രയോഗം. മഞ്ഞളിപ്പ്, ഓല കരിച്ചൽ തുടങ്ങിയവ നെൽച്ചെടികളെ ബാധിക്കുന്ന പ്രധാന രോഗങ്ങളാണ്. നെൽകൃഷിയെ ബാധിക്കുന്ന പ്രധാന കീടങ്ങൾ ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, ചാഴി, മുഞ്ഞ തുടങ്ങിയവയാണ്.

കാപ്പി

പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട ഒരു തോട്ട വിളയാണിത്. പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണ് ഈ കൃഷിയിൽ നിന്നുള്ള ഉൽപാദനം. വിപണനത്തിലെ നിയന്ത്രണങ്ങൾ നീക്കം ചെയ്തതും അന്താരാഷ്ട്ര മാർക്കറ്റിലെ വിലവർദ്ധനവും ഈ കൃഷിയിലുള്ള ജനങ്ങളുടെ താൽപര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. മുഞ്ഞ, തണ്ടു തുരപ്പൻ, കായ തുരപ്പൻ തുടങ്ങിയ രോഗങ്ങളും കീടങ്ങളും ഈ കൃഷിയുടെ പ്രധാന ശത്രുക്കളാണ്.

കുരുമുളക്

കറുത്തപൊന്നെന്ന് വിശേഷിപ്പിക്കുന്ന കുരുമുളക് മിശ്രവിളയായും തൻ വിളയായും കൃഷി ചെയ്തു വരുന്നു. ദ്രുത വാട്ടം, മഞ്ഞളിപ്പ് , അഴുകൽ തുടങ്ങിയ രോഗങ്ങൾ ഈ കൃഷിയെ മാരകമായി ബാധിച്ചിട്ടുണ്ട്. ഏക്കറിന് ശരാശരി അഞ്ചു കിൻറലാണ് ഉൽപാദനം.

തെങ്ങ്

ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന കൃഷി. കൃഷി വകുപ്പും കേരവികസന ബോർഡും ഈ രംഗത്ത് ശ്രദ്ധിക്കുന്നുണ്ട്. T x D, D x T , വെസ്റ്റ് കോസ്റ്റ് തുടങ്ങിയവയാണ് പ്രധാന ഇനങ്ങൾ.

കവുങ്ങ്

കരയിലും വയലിലും ഇപ്പോൾ ഈ കൃഷി വ്യാപകമായിട്ടുണ്ട്. നാടൻ ഇനങ്ങളും സങ്കര ഇനങ്ങളും കൃഷി ചെയ്തുവരുന്നു.

കൃഷി വകുപ്പിന്റെ നടപ്പു പദ്ധതികൾ

സംയോജിത സുഗന്ധവിള വികസന പദ്ധതിയുടെ കീഴിൽ കുരുമുളകു വള്ളികളുടെ ഉൽപാദനവും വിതരണവും, കുരുമുളക് പുനരുദ്ധാരണം, കുരുമുളക് പ്രദർശനത്തോട്ടം, കുരുമുളക് കൃഷി വ്യാപിപ്പിക്കൽ

മഞ്ഞൾ കൃഷി വ്യാപിപ്പിക്കൽ, മിനി കിറ്റ് വിതരണം, വൃക്ഷ സുഗന്ധ വിളകളുടെ പ്രദർശനത്തോട്ടം, സമഗ്ര നാളികേര വികസന പദ്ധതി, ഗ്രൂപ്പ് ഫാമിംഗ്, പ്രത്യേക നെല്ലുൽപാദക പദ്ധതി തുടങ്ങിയവ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണ്. നാളികേര വികസന പദ്ധതി പ്രകാരം ജലസേചന ആവശ്യാർത്ഥം കർഷകർക്ക് കിണറുകൾ, മൊട്ടോർ പമ്പുകൾ തുടങ്ങിയവ അനുവദിക്കപ്പെടുന്നുണ്ട്. നെൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി മുഖേന കർഷകർക്ക് വിവിധ തരം ആനുകൂല്യങ്ങളും നൽകി വരുന്നു.

നിലവിലുള്ള പദ്ധതികളുടെ അവലോകനം

1. **കോട്ടക്കുന്ന് L I സ്കീം** - 1988 ൽ പണി ആരംഭിച്ചു. 90 ൽ പൂർത്തിയായി. മൊത്തം ചെലവ് 10.03 ലക്ഷം രൂപ. 86.84 ഹെക്ടർ നിലം ഇരുപ്പൂ ആക്കുകയായിരുന്നു പ്രധാന ലക്ഷ്യം. പക്ഷെ ലക്ഷ്യത്തിലെത്തൽ പോയിട്ട് നാമമാത്രമായിപ്പോലും ഈ പദ്ധതി പ്രകാരം ജലമുപയോഗിച്ച് കൃഷി നടന്നിട്ടില്ല. പമ്പ് ഹൗസ് നിർമ്മിച്ചതിലെ സാങ്കേതിക തടസ്സമാണത്രേ ഇതിന്റെ കാരണം.

2. **മലങ്കര L I സ്കീം**- 1990 ൽ പണി ആരംഭിച്ചു. 92 ൽ പൂർത്തിയായി. 10.3 ലക്ഷം രൂപ ചെലവഴിച്ച് നിരമ്മിച്ച പദ്ധതികൊണ്ട് യാതൊരു ഗുണവും കർഷകർക്ക് ലഭിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ കിട്ടാത്തതുകൊണ്ടും മൊട്ടോർ അനുവദിക്കപ്പെടാത്തതുകൊണ്ടുമാണത്രേ ഇങ്ങനെ സംഭവിച്ചത്.

3. **കൊല്ലിയിൽ ആലക്കണ്ടിക്കുളം**- 1983 ൽ പണി പൂർത്തിയായി മൊത്തം ചെലവ് 1.63 ലക്ഷം രൂപ. 9.71 ഹെക്ടർ സ്ഥലം ഇരുപ്പൂ ആക്കുകയെന്ന ലക്ഷ്യം പൂർത്തീകരിച്ചു.

4. **കുടിയോത്തുവയൽ V C B** - കൈപ്പാട്ടുകുന്ന് ജലസേചന പദ്ധതി വന്നതോടെ ഈ V C B യ്ക്ക് പ്രാധാന്യം ഇല്ലാതായി.

5. **പുലമൂലക്കുളം**- 1982 ൽ പൂർത്തിയായി. 60,000 രൂപ ചെലവായി. 9.55 ഹെക്ടർ നിലം ഇരുപ്പൂ ആക്കലായിരുന്നു ലക്ഷ്യം. ആവശ്യമായ ജലം ഇല്ലാത്തതിനാൽ പദ്ധതി പരാജയമായി.

6. **അമ്മാനി ക്രോസ് ബാർ**- 1983 ൽ നിർമ്മിച്ചു. 1.77 ലക്ഷം രൂപ ചെലവായി. 12.33 ഹെക്ടർ നിലം ഇരുപ്പൂ നിലമാക്കലായിരുന്നു ലക്ഷ്യം. കാലവർഷക്കെടുതിയിൽ കെട്ടു പൊളിഞ്ഞുപോയതിനാൽ ഈ പദ്ധതി തീർത്തും ഉപയോഗശൂന്യമായി.

7. **ചെറുപുഴ ക്രോസ് ബാർ** - 1992 ൽ പണി പൂർത്തിയായി. 3.9 ലക്ഷം രൂപ ചെലവായി. 56.26 ഹെക്ടർ നിലം ഇരുപ്പൂ നിലമാക്കാനുള്ള ലക്ഷ്യം കൈവരിച്ചു.

8. **മാനാഞ്ചിറക്കുളം** - 1993 പണി പൂർത്തിയായി. ചെലവ് 2.47 ലക്ഷം രൂപ. 8.09 ഹെക്ടർ നിലം ഇരുപ്പൂ വാക്കലാണ് ലക്ഷ്യം. ജല സമ്പത്ത് ഉണ്ട്. എന്നാൽ കൃഷി നടക്കുന്നില്ല.

9 **കല്ലിട്ടാംകുഴിക്കുളം** - 1993 ൽ പണി പൂർത്തിയായി. ചെലവ് 2.65 ലക്ഷം രൂപ. 12.75 ഹെക്ടർ നിലം ഇരുപ്പൂ നിലമാക്കലാണ് ലക്ഷ്യം. ജലസമ്പത്ത് കുറവായതിനാൽ ഫലപ്രാപ്തിയില്ല. കുളത്തിന് ആഴം കൂട്ടൽ പരിഹാരമായി നാട്ടുകാർ പറയുന്നു.

10. **അഞ്ചുകുന്ന് കുളം (കാക്കാഞ്ചിറക്കുളം)** - 1993 ൽ പണി പൂർത്തിയായി. 2.55 ലക്ഷം രൂപ ചെലവായി. 14.5 ഹെക്ടർ നിലം ഇരുപ്പൂ നിലമാക്കലായിരുന്നു ലക്ഷ്യം. എന്നാൽ ഇപ്പോൾ 30 ഹെക്ടർ സ്ഥലം കൃഷി ചെയ്യുന്നു.

11. **എലിക്കോട്ട് കുറിച്യ കോളനിക്കുളം** - 1993 ൽ പണി പൂർത്തിയായി. 1.77 ലക്ഷം രൂപ ചെലവായി. 8.93 ഹെക്ടർ നിലം ഇരുപ്പൂ നിലമാക്കലായിരുന്നു ലക്ഷ്യം. എന്നാൽ കൃഷി ആവശ്യത്തിനായി ഈ പദ്ധതി ഉപയോഗിക്കുന്നില്ല.

12. **പറപ്പാളി വയൽ കുളം** - 1996ൽ പണി പൂർത്തിയായി. 1.95 ലക്ഷം രൂപ ചെലവായി. ലക്ഷ്യം 8.7 ഹെക്ടർ നിലം ഇരുപ്പൂനിലമാക്കലാണ്.

13. **പനമരം L I സ്കീം** -1980 ൽ പണി പൂർത്തിയായി. ഏതാണ്ട് 3 ലക്ഷം രൂപയാണ് ചെലവ്. 85.15 ഹെക്ടർ നിലം ഇരുപ്പൂ നിലമാക്കലാണ് ലക്ഷ്യം. പദ്ധതി വിജയകരമാണ്.

14. **കായക്കുന്ന് ചെക്കിട്ട ഡാം** - ഡാമിന്റെ പണി പൂർത്തിയായി. കനാലിന്റെ പണി പൂർത്തീകരിച്ചിട്ടില്ല.

15. **കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ (ലിഫ്റ്റ് ഇറിഗേഷൻ)**

(1) **കയ്പ്പാട്ടുകുന്ന് പാടശേഖരം** - 9,76,609/- രൂപ ചെലവായി. പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. എങ്കിലും ഏകദേശം 70 ഏക്കർ നിലം ഇരുപ്പൂ കൃഷി ചെയ്യുന്നുണ്ട്.

(2) **കുളത്താറ പാടശേഖരം** - 9,75,800/- രൂപ ചെലവായി. ഏതാണ്ട് 65 ഏക്ര സ്ഥലംകൃഷി ചെയ്യാൻ കഴിയും.

(3) **മാങ്കാണി പാ ടശേഖരം** - 4,42,000/- രൂപ ചെലവായി. 1995 ൽ പണി പൂർത്തിയായി. 75 ഏക്ര സ്ഥലം ഇരുപ്പൂ കൃഷി ചെയ്യാം.

(4) **അമ്മാനി - മണൽ വയൽ പാടശേഖരം** - 2,21,850/- രൂപ ചെലവാക്കി. കഴിഞ്ഞ വർഷക്കാലത്ത് അരിക് പൊട്ടി പോയതിനാൽ ഉപയോഗ ശൂന്യമാണ്.

(5) **മാത്തൂർ പാടശേഖരം** - 4,77,700/- രൂപ ചെലവായി. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പദ്ധതി പ്രാവർത്തികമായില്ല.

കാർഷിക മേഖല അഭിവൃദ്ധിപ്പെടാൻ താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ (ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞത്) സമർപ്പിക്കുന്നു.

ഗുണനിലവാരമുള്ളതും അതാതു പ്രദേശത്തിന് യോജിക്കുന്നതുമായ വിത്തിനങ്ങളും തൈകളും നടീൽ സമയങ്ങളിൽ കർഷകരുടെ ആവശ്യമനുസരിച്ച് എത്തിച്ചു കൊടുക്കാനുള്ള ചുമതല കൃഷി ഭവൻ ഏറ്റെടുക്കേണ്ടതാണ്.

1. *വിത്തുകളുടെ ഉൽപ്പാദനവും വിതരണവും*

പഞ്ചായത്തു തലത്തിൽ കൃഷിഭവന്റെ നേതൃത്വത്തിലുള്ള നേഴ്സറി പദ്ധതികൾ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്. ഇതിനായി കൃഷി വകുപ്പിന്റെ നടീൽ വസ്തുക്കളുടെ ഉപയോഗവും വിതരണവും എന്ന നടപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതി പനമരം പഞ്ചായത്തിൽ ആവിഷ്കരിക്കേണ്ടതാണ്.

2 *ജൈവ വള നർമാണം*

ജൈവവളത്തിന്റെ ഉപയോഗത്തെക്കുറിച്ച് അറിവ് നൽകുന്നതിനായി വാർഡുകൾ തോറും ക്ലാസുകൾ സംഘടിപ്പിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യേണ്ടതാണ്. കൃഷി ഭവനിലൂടെ പച്ചില വളച്ചെടികളുടെ വിത്തുകൾ വ്യാപകമായ തോതിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. വളച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന കർഷകസംഘങ്ങളുടെ ജൈവ വളവികസനം എന്ന നടപ്പു പദ്ധതി പഞ്ചായത്തിൽ വ്യാപകമായി നടപ്പിലാക്കേണ്ടതാണ്.

3. *ഗ്രൂപ്പ് ഫാമിംഗ്* -

എല്ലാ വാർഡിലും ഗ്രൂപ്പ് സമ്പ്രദായം നിർബന്ധമായും നടപ്പിലാക്കണം. കൃഷി സമിതികൾ വാർഡ് തലത്തിൽ ഏകീകരിക്കണം.

4. *കൂലി ഏകീകരിക്കൽ* -

കർഷക തൊഴിലാളികളുടെ വേതനം പഞ്ചായത്തു തലത്തിൽ ഏകീകരിച്ച് നടപ്പിലാക്കുകയാണെങ്കിൽ തൊഴിലാളികളും കൃഷിക്കാരും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും.

മണ്ണു പരിശോധനയും വളപ്രയോഗവും -

ശാസ്ത്രീയ രീതിയിലല്ല ഇന്നത്തെ വളപ്രയോഗം.മണ്ണിന്റെ ഘടനയോ മറ്റ് പ്രത്യേകതകളോ പരിഗണിക്കാതെയുള്ള വളപ്രയോഗം വിളവിനും മണ്ണിനും ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്യുന്നത്. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തെയും മണ്ണ് പരിശോധിച്ച് ശാസ്ത്രീയ വളപ്രയോഗത്തിനുള്ള പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പുതിയ യന്ത്രങ്ങളും കാർഷിക ഉപകരണങ്ങളും

നവീന യന്ത്രങ്ങളും കാർഷികോപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. വ്യക്തികൾക്കും സമിതികൾക്കും ഒരേപോലെ സബ്സിഡി നിരക്കിൽ ഇത്തരം ഉപകരണങ്ങൾ ലഭ്യമാക്കണം.

വന്യ മൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം -

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വന്യ മൃഗങ്ങളുടെ ശല്യം രൂക്ഷമാണ്. കാട്ടു പന്നികൾ നശിപ്പിക്കുന്ന വിളകൾക്ക് ഇൻഷൂറൻസ് ആനുകൂല്യം ലഭിക്കുന്നില്ല. പന്നിയെ വന്യമൃഗങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കണം.

ആനയിൽ നിന്നുള്ള ശല്യം ഒഴിവാക്കാൻ കിടങ്ങുകളും വൈദ്യുതക്കമ്പികളും അനിവാര്യമാണ്. ഇതിന് ബഹുജന പങ്കാളിത്തം ആവശ്യമാക്കണം.

ഇടക്കൊള്ള് നിർമാണം-

ഉപഭോഗതത്തിലൂടെയും മറ്റ് കാരണങ്ങളാലും മണ്ണൊലിപ്പ് വ്യാപകമാകുന്നുണ്ട്. ഭൂമി തട്ടുകളാക്കി തിരിച്ചും ഇടക്കൊള്ള് നിർമ്മിച്ചും ഇത് തടയാവുന്നതാണ്. വർഷകാലത്ത് അധികമായി വരുന്ന വെള്ളം ചെറുകുഴികളിൽ ശേഖരിക്കുന്നത് ഭൂഗർഭ ജലം വർദ്ധിപ്പിക്കും. ഇതിലേക്കായി നടപ്പു പദ്ധതികൾ ബഹുജനപങ്കാളിത്തതോടെ ആവിഷ്കരിക്കാവുന്നതാണ്.

പർച്ചേഴ്സ് ടാക്സ് -

പല കാർഷികോൽപ്പന്നങ്ങൾക്കും സർക്കാർ പർച്ചേഴ്സ് ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വ്യാപാരികൾ മുഖേന കർഷകരിൽ നിന്നും സർക്കാർ ഈടാക്കുന്നു. വ്യാപാരികൾ കർഷകരിൽ നിന്നും ഈടാക്കുന്ന ഈ സംഖ്യ പൂർണ്ണമായും സർക്കാരിലേക്ക് എത്തുന്നില്ല. ഇത് കർഷകർക്കും സർക്കാരിനും നഷ്ടമാണ്. ഈ സാഹചര്യത്തിൽ പർച്ചേഴ്സ് ടാക്സ് എടുത്തു കളയുകയോ കർഷകരിൽ നിന്ന് നേരിട്ടു പിരിക്കുകയോ ചെയ്യണം.

ഇഞ്ചി സംസ്ക്കരണ ശാല -

വയനാട്ടിൽ ജില്ലാതലത്തിലെങ്കിലും ഇഞ്ചി സംസ്കരണശാല സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

പച്ചക്കറി കൃഷി -

ഈ പഞ്ചായത്തിലേക്കാവശ്യമായ പച്ചക്കറികൾ കർണാടക സംസ്ഥാനത്തു നിന്നുമാണ് കൊണ്ടു വരുന്നത്. ഈ പഞ്ചായത്തിലെ ഏറെക്കുറെ എല്ലാ വാർഡുകളും ജലസേചന സൗകര്യമുള്ളവയാണ്. ഒന്നാം വിളയ്ക്കുശേഷം തരിശിടുന്ന വയലേലകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ചാൽ സാമ്പത്തിക നേട്ടവും തൊഴിലവസരവും വർദ്ധിക്കും. ചെറിയൊരു ശ്രമം ഒന്നിച്ചുണ്ടായാൽ ഈ പഞ്ചായത്തിനെ 'പച്ചക്കറി ഗ്രാമ'മായി മാറ്റാവുന്നതാണ്. നിയോജക മണ്ഡലങ്ങൾ തോറും സർക്കാർ ആരംഭിക്കുമെന്ന് പറഞ്ഞ പച്ചക്കറി വിപണന കേന്ദ്രം, വടക്കേ വയനാട് അസംബ്ലി മണ്ഡലത്തിലേത് പനമരത്തു സ്ഥാപിക്കണം.

രാസവളം, കീടനാശിനി

ഇന്ന് കൃഷി ഭവനിൽ നിന്നും മറ്റ് ഡിപ്പോകളിൽ നിന്നും ആവശ്യമായ ഇനം കീടനാശിനികളും രാസവളങ്ങളും ആവശ്യത്തിനു ലഭ്യമല്ല. ഇതിനു പരിഹാരമുണ്ടാക്കേണ്ടതാണ്.

വായ്പകൾ

ഉഴവുമാടുകൾ, കാർഷികോപകരണങ്ങൾ എന്നിവ വാങ്ങിക്കാൻ കർഷകർക്ക് വായ്പകൾ ലഘുവായ വ്യവസ്ഥകളിലും കുറഞ്ഞ പലിശ നിരക്കിലും ദീർഘകാലാടിസ്ഥാനത്തിൽ നൽകണം.

സസ്യസംരക്ഷണ ഗവേഷണ കേന്ദ്രം

പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സസ്യസംരക്ഷണ ഗവേഷണ കേന്ദ്രമെങ്കിലും സ്ഥാപിക്കണം

വിത്ത് സംഭരണ കേന്ദ്രം

വാർഡുകൾ തോറും കൃഷി ഭവൻ മുഖേന വിത്തു സംഭരണ കേന്ദ്രം സ്ഥാപിക്കുന്നത് കർഷകർക്ക് ഏറെ പ്രയോജനകരമായിരിക്കും.

ഔഷധത്തോട്ടം

ഔഷധ സസ്യവികസന പദ്ധതി എന്ന നടപ്പു പദ്ധതി പ്രകാരം കുറുമ്പാലക്കോട്ടയിൽ ഔഷധത്തോട്ടം രൂപീകരിക്കണം

കൊപ്ര-അടയ്ക്ക സംസ്കരണം

തെങ്ങ്, കവുങ്ങ് കൃഷി വ്യാപകമായ ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു കൊപ്ര-അടയ്ക്ക സംസ്കരണ ശാല ഉണ്ടാക്കാനാവശ്യമായ നടപടികൾ വേണം.

ഇറിഗേഷൻ പദ്ധതികൾ

ജില്ലയിലെ മേജർ ഇറിഗേഷൻ ഇപ്പോൾ നടപ്പിലാക്കുന്നത് കോഴിക്കോട് മേജർ ഇറിഗേഷൻ സെക്ഷൻ

ഓഫീസുകളിൽനിന്നാണ്. അടിയന്തരമായും പഞ്ചായത്തിൽ മേജർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് ആരംഭിക്കേണ്ടതാണ്.

മണൽ വാരൽ

ഈ പഞ്ചാത്തിലെ ചെറുതും വലുതുമായ പുഴകളിൽ നിന്ന് വാണിജ്യാടിസ്ഥാനത്തിൽ വ്യാപകമായ തോതിൽ മണൽ വാരൽ നടക്കുന്നുണ്ട്. അശാസ്ത്രീയവും ദീർഘവീഷണമില്ലാത്തതുമായ മണൽ വാരൽ നിമിത്തം പുഴയുടെ പാർശ്വഭിത്തികൾ ഇടിഞ്ഞ് വീതികൂടുകയും ആഴംകുറയുകയും ചെയ്യുന്നു. വർഷ കാലത്തെ വെള്ളപ്പൊക്കത്തിനുള്ള കാരണമാകുന്നു. മാത്രമല്ല ജലസംഭരണശേഷി നഷ്ടപ്പെട്ട് മണ്ണൊലിപ്പ് വർദ്ധിക്കാനും ഇത് നിമിത്തമാകുന്നു. അതിവിദൂരമല്ലാത്ത ഭാവിയിൽ ഈ പഞ്ചായത്തിനെ ഒരു ഊഷരഭൂമിയാക്കാൻ ഇത് കാരണമാകും ആയതിനാൽ മണൽ വാരലിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇഷ്ടികകളങ്ങളുയർത്തുന്ന ഭീഷണി

തോടുകളുടെയും പുഴകളുടെയും പാർശ്വ ഭാഗങ്ങളിൽ ഇഷ്ടിക നിർമ്മാണം വ്യാപകമായികൊണ്ടിരിക്കുകയാണ്. യാതൊരു നിയന്ത്രണവുമില്ലാത്ത ഈ പ്രവർത്തി തോടുകളുടെ പാർശ്വ ഭാഗങ്ങളെ കാർന്നു തിന്നു കൊണ്ടിരിക്കുകയാണ്. മണ്ണൊലിപ്പിനും ജലവാർച്ചയ്ക്കും കാരണമാകുന്ന അശാസ്ത്രീയമായ ഈ പ്രവർത്തി നിയന്ത്രിക്കുവാൻ റവന്യൂ വകുപ്പിലും മറ്റും നിയമങ്ങളുണ്ടെങ്കിലും അവ പാലിക്കപ്പെടുന്നതിൽ ശുഷ്കാന്തി തീരെ കുറവാണ്. നിയമങ്ങൾ കർശനമായി പാലിക്കപ്പെടുക തന്നെ വേണം.

അശാസ്ത്രീയമായ മത്സ്യബന്ധനം

തോട്ട പൊട്ടിച്ചു കൊണ്ടുള്ള മത്സ്യബന്ധനം പുഴകളിൽ മത്സ്യ സമ്പത്തിനെ നശിപ്പിക്കുന്നു. പുഴകളുടെ പാർശ്വ ഭാഗങ്ങളുടെ തകർച്ചയോടൊപ്പം തന്നെ സമീപ പ്രദേശത്തെ പമ്പ് ഹൗസുകൾക്കും വീടുകൾക്കും ഇത് ഭീഷണിയാകുന്നുണ്ട്. മാത്രമല്ല ജലമലിനീകരണത്തിനും ഇത് കാരണമാകുന്നു. അശാസ്ത്രീയമായ ഈ മത്സ്യബന്ധനം നിരോധിക്കണം. പലതരത്തിലുള്ള വിഷ വസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിക്കേണ്ടതാണ്.

നീരുറവകളുടെ സംരക്ഷണം

നിരുറവപ്രദേശങ്ങൾ, പുഴകളുടെയും തോടുകളുടേയും പാർശ്വഭാഗങ്ങൾ എന്നിവിടങ്ങളിൽ ജനപങ്കാളിത്തത്തോടെ തൈ വച്ച് പിടിപ്പിക്കണം. മണ്ണൊലിപ്പ് തടയാനും ജലം സംരക്ഷിക്കാനും ഉതകുന്ന ഈ പദ്ധതിയിലൂടെ പായ നിമ്മാണ തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുന്നു.

മണ്ണ് പരിശോധനയും രാസവള പ്രയോഗവും

കൃഷിവകുപ്പിന്റേയും ഗ്രാമപഞ്ചായത്തിന്റേയും ആഭിമുഖ്യത്തിൽ മണ്ണ് പരിശോധനനടത്തി രാസവളപ്രയോഗ രീതി ആവിഷ്കരിക്കേണ്ടതാണ്.

കീടനാശിനിപ്രയോഗത്തിലെ ബോധവൽക്കരണം

രോഗ-കീട പ്രതിരോധ നടപടികളെ കുറിച്ചുള്ള കൃഷിവകുപ്പിന്റെ പ്രവർത്തനം വേണ്ടത്ര പര്യാപ്തമല്ല.ഏതു കീടനാശിനി ഉപയോഗിക്കണമെന്ന് കീടനാശിനി ഉൽപ്പാദകർ തീരുമാനിക്കുന്ന ഇന്നത്തെ അവസ്ഥ മാറണം രോഗ നിർണ്ണയംനടത്താതെ മരുന്ന് നൽകുന്ന കരഷകന്റെ രീതിയിലും മാറ്റം വരണം. ഇവിടെയാണ് ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനം സിദ്ധിച്ച 'കൃഷി ഡോക്ടറുടെ' പ്രസക്തി അഗ്രോ ക്ലിനിക്കുകൾ വ്യാപകമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

കാർഷിക മേഖലയിൽ പുത്തൻ പ്രവണതകളായ കൂൺ- പുഷ്പ കൃഷികൾ വ്യാപകമാക്കേണ്ടതാണ്.

ജലസേചനം

പണിപൂർത്തീകരിച്ചതും, പൂർത്തികരിച്ചിട്ടും വിവിധ കാരണങ്ങളാൽ ഗുണഫലം ലഭിക്കാത്തതും, പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളതുമായ ജലസേചന പദ്ധതികൾ ഈ പഞ്ചായത്തിലുണ്ട്. കുറഞ്ഞതോതിലുള്ള മുതൽ മുടക്കും പൊതു ജന പങ്കാളിത്തത്തോടെ ലക്ഷ്യം കാണാവുന്നതുമായ പദ്ധതികളും ഈ കൂട്ടത്തിലുണ്ട്. ഇതിലൂടെ സമസ്തമേഖലകളിലുള്ള കാർഷിക വിളകളുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്. നടപ്പു പദ്ധതിയിൽ മുൻപ് പറഞ്ഞത് കൂടാതെ മാത്തൂർ പാടശേഖര പദ്ധതി, കൈപ്പാട്ടുകുന്ന് പാടശേഖര പദ്ധതി, മാങ്കാണി പദ്ധതി, ടാങ്ക് നന്നാക്കലും കനാൽ നീട്ടലും എലിക്കുനി, കുറുക്കൻ കടവ്, വാളേരി പദ്ധതികളും മാത്തൂർ ജലസേചന പദ്ധതിയും, പരിയാരം പാടശേഖര ജലസേചന പദ്ധതി, പമ്പ് ഹൌസുകളുടെ അറ്റകുറ്റ പണികളും നമ്മുടെ കാർഷിക രംഗത്ത് ഉണർവ് സൃഷ്ടിക്കും.

ജലസംരക്ഷണ പദ്ധതികൾ

ജലസേചന പദ്ധതികൾ എത്രയെല്ലാം ആരംഭിച്ചാലും ജല സംരക്ഷണ പ്രവർത്തനങ്ങൾ കർശനമായി പാലിക്കപ്പെട്ടെങ്കിൽ മാത്രമേ നമ്മുടെ ജല സംഭത്ത് നാശോൻമുഖ മാകാതിരിക്കൂ.

ജല സംരക്ഷണ പദ്ധതികളിൽ പ്രാധാന്യം നൽകേണ്ട പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.

1. തൂങ്ങാടി തോടിന് ബണ്ട് കെട്ടൽ.

2. പുലച്ചി തോടിനു ചെക്ക് ഡാം.

3. ചെറുപുഴ വെള്ളേരി തടത്തിൽ ചെക്ക് ഡാം.

4. നരസി പുഴയിൽ പാതിരിയമ്പത്ത് ചെക്ക് ഡാം.

5. പനമരം പുഴയിൽ വാറുമ്മൽ കടവ്, വാളേരി, കോട്ടക്കുന്ന്, മാതംകോട്, ചേരിയം കൊല്ലി പുഴയും വെണ്ണിയോട് പുഴയും ചേരുന്ന ഭാഗം, കൈപ്പാട്ടുകുന്ന്, നീരട്ടാടി, ചങ്ങാടക്കടവ്, ഒഴകൊല്ലി, കൊയിലേരി, അലക്കുകടവ്, കൂവമൂല എന്നിവിടങ്ങളിൽ ചെക്ക് ഡാം.

6. മണൽവയൽ, അയനി വയൽ, കായക്കുന്ന്, ചെമ്പോട്ടി, 6-ാം വാർഡിൽ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാമെന്നു പറഞ്ഞ സ്ഥലങ്ങൾ, കുണ്ടാലനമ്പ്യാർ കുളം, പള്ളിക്കുന്ന് കുളം, കൊളത്താകുനി കുളം, കേളോം കടവ് , കരിംകുളം എന്നിവടങ്ങളിൽ കുളങ്ങൾ അഭിവൃദ്ധിപ്പെടുത്തണം.

7. പനമരം പുഴയിൽ കേളോം കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് .

8. പനമരം പുഴയിൽ കൈപ്പാട്ട് കുന്ന്, കള്ളാന്തോട്, എലിക്കുനി, നരസിപ്പുഴ ചേരുന്ന ഭാഗം, മലങ്കര, കഴുക്കലോടി, മൈലുകുന്ന് എന്നിവിടങ്ങളിൽ VCB(വി.സി.ബി).

9. 6-ാം വാർഡ് വാടോത്ത് വയൽ തോടിന് സൈഡ് കെട്ടി സംരക്ഷണം.

10 . 6-ാം വാർഡ് വാടോത്ത് വയൽ കുളം കുത്തി ലിഫ്റ്റ് ഇറിഗേഷൻ.

11.പുലമൂല - ആദിവാസി കോളനിയിൽ നിലവിലുള്ള കുളം വിപുലീകരിക്കൽ.

12.ഒഴുക്കൊല്ലി, പായ്മൂല എന്നീ കുളങ്ങൾ ആഴം കൂട്ടി ജലസേചന സൌകര്യം വർദ്ധിപ്പിക്കൽ.

13. മലങ്കര ജലസേചന പദ്ധതിയിൽ കനാൽ നീട്ടി പദ്ധതി കമ്മീഷൻ ചെയ്യുക.

ഒൻപതാം പദ്ധതിയുടെ പരിഗണനക്ക് വിഷയീഭവിക്കേണ്ടുന്ന മറ്റു പദ്ധതികൾ

1. അരിഞ്ചേർമല - ചുണ്ടക്കുന്ന് എൽ. ഐ. സ്കീം.

2. നീർവാരം - കല്ല്യുവയൽ എൽ. ഐ. സ്കീം.

3. പനമരം സ്റ്റെയിങ്ങ് II എൽ. ഐ. സ്കീം.

4. വെള്ളരി വയൽ കുളം.

5. കൈതക്കൽ കാളിക്കാവ് കുളം.

6. ആര്യന്നൂർ വയൽ കുളം.

7. വായത്തുടി വയൽ കുളം.

8. ആലാറ്റുകുന്ന് വയൽ കുളം.

9. വാടോത്ത് വയൽ കുളം.

ഇ. ഇ. സി. പ്രൊപ്പോസൽ (യൂറോപ്യൻ ഇക്കണോമിക്ക് കമ്മിറ്റി)

10. ഒഴക്കൊല്ലി എൽ. ഐ. സ്കീം.

11. മാതംകോട് എൽ. ഐ. സ്കീം.

12. വാടോച്ചാൽ എൽ. ഐ. സ്കീം.

13. വാകച്ചാട് എൽ. ഐ. സ്കീം.

14. മതിശ്ശേരി ക്കുന്ന് എൽ. ഐ. സ്കീം.

15. കൈതക്കൽ കുണ്ടം കേണി കുളം.

16. ആറുമുട്ടം കുന്ന് പാടശേഖരത്തിൽ കുളം കുത്തി മോട്ടോർ വച്ച് (6-ാം വാർഡിൽ) എൽ. ഐ. സ്കീം.

17. തോണി മൂല തോടിന് (4-ാം വാർഡ്) VCB


18. താളിപ്പാറ, കൈപ്പാട്ട് കുന്ന് എന്നിവിടങ്ങളിൽ VCB.

19. 1-ാം വാർഡിൽ ചീരവയൽ, ചേമ്പോട്ടി, കൊല്ലി വയൽ എന്നിവിടങ്ങളിൽ കുളം.

കൃഷി ഭവൻ

കൃഷി ഭവൻ മുഖേന പല ആനുകൂല്യങ്ങളും കർഷകർക്ക് ലഭിക്കുന്നുണ്ട്. ഇവയിൽ പലതും യഥാ സമയത്തല്ലാത്തതിനാൽ ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല.കർഷകർക്ക് ആനുപാതികാടിസ്ഥാനത്തിൽ ആനുകൂല്യം ലഭ്യമാകുന്നില്ല. നിലവിൽ വാടക കെട്ടിടത്തിലാണ് കൃഷി ഭവൻ പ്രവർത്തിക്കുന്നത്. കർഷകർക്ക് വിതരണം ചെയ്യേണ്ടുന്ന സാമഗ്രികൾ ഇതുകാരണം സൂക്ഷിക്കാൻ കഴിയുന്നില്ല. ചുറ്റുമതിലോട് കൂടിയ സ്വന്തം കെട്ടിടം അനിവാര്യമാണ്.

രാജ്യത്തിന്റെ നട്ടെല്ലായ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും അവരർഹിക്കുന്ന മാന്യത ഇന്ന് ലഭിക്കുന്നില്ല.അവർക്ക് അർഹമായ പരിഗണനയും മാന്യതയും നൽകുന്നില്ലെങ്കിൽ ഈ രംഗം എന്നും രോഗാതുരാവസ്ഥയിലായിരിക്കും. ഈ പഞ്ചായത്തിലെ കാർഷിക മേഖലയുടെയും അതു വഴി ഈ ഗ്രാമത്തിന്റെയും പുരോഗതിക്ക് ബഹുജന പങ്കാളിത്തത്തോടെ മേൽ സൂചിപ്പിച്ച പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കേണ്ടിയിരിക്കുന്നു. അതുവഴി തികച്ചും വിപ്ലവാത്മകമായ മാറ്റവും നമുക്ക് ദൃശ്യമാകും.



2 മൃഗ സംരക്ഷണം

വയനാട്ടിലെ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് പനമരം പഞ്ചായത്തിലെ വിവിധ ഭാഗങ്ങൾ ഏതാണ്ട് സമതലവും ഫലഭൂയിഷ്ഠവുമായ പ്രദേശമായതുകൊണ്ട് പുരാതനമായിത്തന്നെ ഇവിടുത്തെ ജനങ്ങൾ നെൽ കൃഷിയും അതിനോടനുബന്ധിച്ച് കന്നുകാലി വളർത്തലും പരിപോഷിപ്പിച്ചിരുന്നു. ആദ്യകാലങ്ങളിൽ കന്നുകാലി വളർത്തൽ പഞ്ചായത്തിലെ ഏതാനും ജൻമി ഗൃഹങ്ങളിൽ മാത്രമായി ഒതുങ്ങി നിന്നിരുന്നു.

അന്നുണ്ടായിരുന്ന വയനാടൻ ഇനത്തിലുള്ള കാലികൾക്ക് ഇന്നുള്ള സങ്കരയിനം കന്നുകാലികളെ അപേക്ഷിച്ച് പാലുല്പാദനം കുറവാണെങ്കിലും രോഗപ്രതിരോധ ശേഷിയിലും മറ്റ് ഗുണങ്ങളിലും മുന്നിൽ തന്നെയായിരുന്നു.

ആദ്യകാലങ്ങളിൽ വയനാട്ടിൽ കന്നുകാലികളെ ഒരു സ്ഥലത്ത് കെട്ടി മേയ്ക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. പകരം ഇവയെ സ്വതന്ത്രമായി മേയാൻ വേണ്ടി കാട്ടിലേക്കും മറ്റ് മേച്ചിൽ പുറങ്ങളിലേക്കും അഴിച്ചുവിടുന്ന പതിവാണുണ്ടായിരുന്നത്. ഇങ്ങനെ മേയാൻ വിടുന്ന കാലികൾ കൂട്ടം തെറ്റിപ്പോകാതിരിക്കാൻ അവയുടെ കഴുത്തിൽ മുള കൊണ്ടുണ്ടാക്കുന്ന ''അറപ്പ'' കെട്ടി വിടുന്ന രീതി നിലവിലുണ്ടായിരുന്നു. എന്നാൽ ആധുനിക കൃഷി രീതികളും പുതിയ രീതിയിലുള്ള കന്നു കാലി വളർത്തൽ മൂലവും മേച്ചിൽ പുറങ്ങളും , ''അറപ്പ'' കെട്ടിയ കന്നു കാലികളും ഈ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നടപ്പാക്കിയ 'കീ വില്ലേജ് ' പദ്ധതി പ്രകാരം ബ്ലോക്ക് ആസ്ഥാനങ്ങളിൽ വളർത്തിയിരുന്ന 'സിന്ധി' കാളകളെ ഉപയോഗിച്ച് നാടൻ കന്നുകാലികളിൽ ഗർഭധാരണം നടത്തിയിരുന്നു. പിന്നീട് വന്ന ഊർജ്ജിത കന്നുകാലി വികസന പദ്ധതി പ്രകാരം അത്യുൽപാദനശേഷിയുള്ള വിദേശ ഇനങ്ങളായ ബ്രൗൺസിസ്, ഹോൾസ്റ്റിൻ ഫ്രീഷ്യൻ, ജേഴ്സി എന്നീ ഇനങ്ങൾ ഉപയോഗിച്ച് നമ്മുടെ കന്നുകാലികളെ സങ്കരയിനമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഈ പഞ്ചായത്തിലുള്ള കാലികളിൽ ഏകദേശം 60 % ത്തിൽ കൂടുതൽ അത്യുൽപാദന ശേഷിയുള്ള സങ്കരവർഗ്ഗങ്ങളാണ്.

ഉപ തൊഴിലായി കണക്കാക്കിയിരുന്ന കന്നുകാലി വളർത്തൽ ഇന്ന് പ്രധാന വരുമാനമാർഗ്ഗമുള്ള തൊഴിലായി ചെറുകിട കർഷകർ സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ മേഖല സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബഹുഭൂരിപക്ഷം വരുന്ന ആളുകളുടെ ജീവിത മാർഗ്ഗമായി മാറ്റാവുന്നതാണ്.

പനമരത്ത് പ്രവർത്തിക്കുന്ന മൃഗാശുപത്രിയും അഞ്ചുകുന്ന് കേന്ദ്രമായി പ്രവർത്തിക്കുന്ന ക്ഷീരോൽപാദന സഹകരണ സംഘവും ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളാണ്. കൂടാതെ നിർവാരത്ത് ഒരു ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

കാലി വളർത്തൽ - പ്രശ്നങ്ങൾ

മൃഗസംരക്ഷണ മേഖലയിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കാലിത്തീറ്റയുടെ അഭാവമാണ്. ഇന്ന് നാം ഇതിനു വേണ്ടി അടുത്തുള്ള സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. കാലിവളർത്തലിൽ ഉണ്ടാകുന്ന ചിലവുകളിൽ 80 % തീറ്റച്ചിലവാണ്. ഇതിനൊരു പരിഹാരം കാലിത്തീറ്റ നിർമ്മാണത്തിൽ ഈ പഞ്ചായത്ത് സ്വയം പര്യാപ്തത നേടുകയെന്നതാണ്. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ തവിട്, കാപ്പിത്തൊണ്ട് മുതലായവ ഉൾപ്പെടുത്തി നിലവാരമുള്ള കാലിത്തീറ്റ നിർമ്മിക്കാൻ ഒരു കാലിത്തീറ്റ മിശ്രണയൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ചാൽ നന്നായിരിക്കും.

ഈ പഞ്ചായത്തിൽ പുൽകൃഷി കാര്യമായി ആരും തന്നെ നടത്തുന്നില്ല. പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സൗജന്യമായി നടീൽ വസ്തുക്കൾ കർഷകർക്ക് നൽകുകയും കൃഷിയെ സംബന്ധിച്ച് കർഷകർക്ക് പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്. വൈക്കോൽ ധാരാളം ലഭ്യമാകുന്ന പ്രദേശമാകയാൽ വൈക്കോൽ സംഭരിച്ച് യൂറിയ ഉപയോഗിച്ച് സമ്പുഷ്ടമാക്കി ഗുണമേൻമയുള്ള തീറ്റയാക്കി മാറ്റാവുന്നതാണ്. ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും കൃഷിക്കാർക്ക് ലഭ്യമാക്കണം.

മാംസോൽപാദക വിതരണ രംഗത്തെ ആസൂത്രണത്തിന്റെ അഭാവം മൂലം ഈ രംഗത്തെ വിഭവങ്ങൾ ശരിയായ രീതിയിൽ ചൂഷണം ചെയ്ത് സ്വയം പര്യാപ്തത നേടാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ആട് വളർത്തൽ

ഇന്ന് മാർക്കറ്റിൽ ഏറ്റവും വിലകൂടിയ മാംസം ആട്ടിറച്ചിയാണ്. അതുകൊണ്ട് തന്നെ ആട് വളർത്തൽ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അഞ്ച് പെണ്ണാടുകളും ഒരു മുട്ടനാടും ഉൾക്കൊള്ളുന്ന യൂണിറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. ഈ ആവശ്യത്തിനായി കൂടുതൽ ഇറച്ചി ഉൽപ്പാദിപ്പിക്കാൻ കഴിവുള്ള ആടുകളെ പ്രചാരത്തിൽ കൊണ്ടുവരേണ്ടതാണ്. ആടുകൾക്ക് ആവശ്യമായ വിരമരുന്നുകളും മറ്റ് പ്രതിരോധ കുത്തിവെപ്പുകളും സൗജന്യമായി നൽകേണ്ടതാണ്.

പന്നി വളർത്തൽ

പഞ്ചായത്തിലെ ചില വാർഡുകളിൽ പന്നി വളർത്തലിന് വളരെയധികം സാധ്യതകളുണ്ട്. ഈ പഞ്ചായത്തിൽ പന്നി വളർത്തൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് സധജന്യ നിരക്കിൽ നല്ലയിനം സങ്കരയിനം പന്നിക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭ്യമാക്കാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ശാസ്ത്രീയവും ലാഭകരവുമായ പന്നിവളർത്തലിനെക്കുറിച്ച് കൃഷിക്കാരെ ബോധവാൻമാരാക്കേണ്ടതും ഇതിനു വേണ്ടി ശിൽപശാലകളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതുമാണ്.

കോഴി, മുയൽ വളർത്തൽ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളും ഇറച്ചി മുയൽ വളർത്തൽ കേന്ദ്രങ്ങളും ആരംഭിക്കേണ്ടതാണ്. മുയൽതീറ്റക്കാവശ്യമായ പല ഘടകങ്ങളും ഈ പഞ്ചായത്തിൽ ധാരാളം ലഭ്യമാണ്. ഈ മേഖലയിൽ താൽപര്യമുള്ള കൃഷിക്കാർക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതോടൊപ്പം പ്രതിരോധ കുത്തിവെയ്പുകളും മറ്റ് മരുന്നുകളും സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്. നല്ലയിനം മുയലുകളെയും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും കൃഷിക്കാർക്ക് ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക, മുയൽ ഇറച്ചിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ബോധവൽക്കരണം നടത്തുകയും ഈ മേഖലയിൽ വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് സജീവമാക്കാനും കഴിയണം.

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണരംഗം ഊർജ്ജിപ്പെടുത്തേണ്ടതിലേക്ക് താഴെപ്പറയുന്ന കാര്യങ്ങളിൽ കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

പഞ്ചായത്തിലെ വിളമ്പുകണ്ടം, ചെറുകാട്ടൂർ, അഞ്ചുകുന്ന് എന്നീ പ്രദേശങ്ങളിൽ ഒരു ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം തുടങ്ങേണ്ടതാണ്. മൃഗ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തൊഴിൽ രഹിതരായ യുവജനങ്ങളെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും വേണ്ടി വാർഡുകൾ കേന്ദ്രീകരിച്ച് 'ആനിമൽ വെൽഫെയർ ക്ലബ്ബുകൾ' ആരംഭിക്കേണ്ടതാണ്. ഇത്തരം ക്ലബ്ബുകളുടെ അനൗദ്യോഗിക മെമ്പർമാരായി അതാത് വാർഡ് മെമ്പർമാർ, പഞ്ചായത്ത് പ്രസിഡൻറ്, സെക്രട്ടറി, വെറ്ററിനറി സർജൻ എന്നിവർ ഉൾപ്പെടേണ്ടതാണ്. ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള ക്ഷീരോൽപാദന സഹകരണ സംഘത്തിലും മേൽക്കാണിച്ച അനൗദ്യോഗിക മെമ്പർമാർ ഉണ്ടായിരിക്കണം. ഇതിനു വേണ്ട നിയമ ഭേദഗതികൾ സഹകരണ നിയമത്തിൽ വരുത്തേണ്ടതാണ്.

എല്ലാ വാർഡുകളിലും കൃഷിക്കാരുടെ സൗകര്യാർത്ഥം കൂടുതൽ പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. പാലിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്കൂളുകൾ, ബസ്റ്റാൻറുകൾ, ആശുപത്രി, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, ടൗണുകൾ എന്നിവിടങ്ങളിൽ മിൽക്ക് ബൂത്തുകൾ ആരംഭിക്കേണ്ടതാണ്. പാലിന്റെ ഉപോൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതിലേക്കായി ആവശ്യമായ സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും ക്ഷീരസംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പാലുൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ചെറുകിട യൂണിറ്റ് ആരംഭിക്കേണ്ടതാണ്.

ആനിമൽ ക്ലബ്ബുകൾ മുഖേനയും ക്ഷീരസംഘം മുഖേനയും പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളെയും ക്ഷീരകർഷകരെയും ഇൻഷൂർ ചെയ്യുകയും ആയതിലേക്കുള്ള പ്രീമിയത്തിന്റെ വിഹിതം 50% ഗുണഭോക്താക്കളും 25% ക്ഷീര സംഘങ്ങളും 25% പഞ്ചായത്തും വഹിക്കേണ്ടതാണ്.

ഇന്ന് മൃഗാശുപത്രികൾ മുഖേന ലഭിക്കുന്ന മരുന്നുകൾ അപര്യാപ്തമാണ്. കൂടുതൽ മരുന്നുകൾ മൃഗാശുപത്രികളിൽ ലഭ്യമാക്കുക, കൂടാതെ കർഷകർക്ക് ചികിത്സയ്ക്ക് ചിലവായ മരുന്നുകളുടെ വില പഞ്ചായത്തിൽ നിന്നോ ക്ഷീരസംഘങ്ങളിൽ നിന്നോ തിരിച്ചു ലഭിക്കാനുള്ള 'റീ ഇമ്പേഴ്സ്മെൻറ് പദ്ധതി' നടപ്പാക്കേണ്ടതാണ്. ഇത്തരം പദ്ധതികൾ വയനാട്ടിലെ പല ക്ഷീര സംഘങ്ങളിലും വിജയകരമായി നടക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ കൂടുതൽ ആളുകൾക്ക് അനുവദിക്കുകയും ആയതിലേക്ക് കൂടുതൽ ലോണുകളും സബ്സിഡികളും അനുവദിക്കുകയും ചെയ്യേണ്ടതാണ്.

പ്രധാന രോഗവും ക്ഷീരകർഷകർക്ക് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉള്ളതുമായ 'അകിട് വീക്കം' നിയന്ത്രിക്കുന്നതിനാവശ്യമായ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കുക, ഇതിലേക്കായി ഈ പഞ്ചായത്തിലെ മുഴുവൻ പശുക്കളുടെയും പാൽ പല കാലയളവിൽ പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. ശുചിത്വമുള്ള പാലുൽപാദനത്തിലും കറവ രീതിയെപ്പറ്റിയും കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തുക, കൂടാതെ അകിടു വീക്കം മൂലം ഉൽപാദനം നശിച്ച പശുക്കളുടെ കൃഷിക്കാർക്ക് സാമ്പത്തികസഹായം ലഭ്യമാക്കേണ്ടതാണ്.

പേ വിഷ നിർമ്മാർജ്ജന പദ്ധതി

പേ വിഷബാധ ഭയാനകവും മാരകവുമായ ഒരു രോഗമാണ്. ഈ രോഗത്തിന് പ്രതിരോധ കുത്തിവെയ്പ്പല്ലാതെ രോഗം വന്ന ശേഷമുള്ള ചികിൽസ നിലവിലില്ല. അതുകൊണ്ട് തന്നെ പേ വിഷ നിയന്ത്രണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കളെയും പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കേണ്ടതാണ്. ഈ പദ്ധതി മേൽപ്പറഞ്ഞ ആനിമൽ വെൽഫയർ ക്ലബ്ബുകളുടെ മേൽ നോട്ടത്തിൽ നടത്താവുന്നതാണ്.

നിർദ്ദേശങ്ങൾ:-

പഞ്ചായത്തിലെ മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസിങ്ങ് സമ്പ്രദായം നിർബന്ധമാക്കുകയും ലൈസൻസ് നൽകണമെങ്കിൽ വളർത്തു നായ്ക്കൾക്ക് പേ വിഷത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് കർക്കശമാക്കുകയും വേണം. ഈ പദ്ധതിയുടെ വിജയത്തിന് വേണ്ടി വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണം നടത്തുകയും വേണം.

അറവുശാലകൾക്ക് ലൈസൻസ് നിർബന്ധമാക്കേണ്ടതാണ്. പഞ്ചായത്തിന് സ്വന്തമായി ഒരു അറവുശാല നിലവിലില്ല. ശാസ്ത്രീയമായ അറവ് സമ്പ്രദായത്തോടുകൂടിയ ഒരു അറവുശാല പഞ്ചായത്ത് സ്ഥാപിക്കണം. അറവിന് ഉപയോഗിക്കുന്ന ഉരുക്കൾ പ്രത്യേകം പരിചരിച്ചതും രോഗമില്ലാത്തതുമായിരിക്കണം. ഇതിനായി അറവിന് ഉപയോഗിക്കുന്ന ഉരുക്കളെ അറവിന് മുൻപും ശേഷവുമുള്ള പരിശോധനയ്ക്ക് വിധേയ മാക്കേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്ന ആളുകൾക്ക് ശാസ്ത്രീയമായ അറവിനെ സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകുകയും അത്തരം അറവുകാർക്ക് ലൈസൻസ് ഏർപ്പെടുത്തുകയും വേണം.

പനമരം മൃഗാശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടം ഇല്ല. ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു കെട്ടിടവും വെറ്ററിനറി സർജന് താമസിക്കാനുള്ള ഒരു ക്വാർട്ടേഴ്സും സ്ഥാപിക്കേണ്ടതാണ്.മൃഗാശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടി ഒരു ക്ലറിക്കൽ സ്റ്റാഫിനെ നിയമിക്കുകയും സ്വന്തമായി ഒരു വാഹനവും വേണം. മാനന്തവാടി താലൂക്കിൽ ഒരു മൊബൈൽ വെറ്ററിനറി ആശുപത്രി തുടങ്ങുകയാണെങ്കിൽ ആയതിന്റെ സേവനം നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യാം.

മൽസ്യ ബന്ധനം

നമ്മുടെ പഞ്ചായത്തിലെ പല വാർഡുകളിലും സ്വകാര്യ കുളങ്ങൾ ധാരാളമുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ 7 -ാം വാർഡിൽ കല്ലിട്ടാംകുഴി എന്ന സ്ഥലത്ത് 5 സെന്റ് വിസ്തീർണ്ണമുള്ള ഒരു കുളവും ഉണ്ട്. സ്വകാര്യ കുളങ്ങളിൽ ശാസ്ത്രീയ മൽസ്യകൃഷി ആരും തന്നെ നടത്തുന്നില്ല. 4 -ാം വാർഡിലെ പുലമൂലക്കുളം, 8 -ാം വാർഡിലെ കുളത്താക്കുനിക്കുളം, നിക്കുന്നാടിക്കുളം തുടങ്ങിയ കുളങ്ങളെ നന്നാക്കുകയും ശുദ്ധജല മൽസ്യകൃഷി സഹകരണാടിസ്ഥാനത്തിൽ നടപ്പാക്കുകയും വേണം. ഇതിനാവശ്യമായ സാമ്പത്തിക സഹായം, മൽസ്യക്കുഞ്ഞുങ്ങൾ, പരിശീലനം എന്നിവ കർഷകർക്ക് നൽകേണ്ടതാണ്.

3 വ്യവസായം

വ്യവസായ രംഗത്ത് ഏറെ പിന്നിൽ നിൽക്കുന്ന ജില്ലയാണല്ലോ വയനാട്. ജില്ലാ രൂപീകരണത്തിന്റെ രണ്ടു പതിറ്റാണ്ട് തികയാറായിട്ടും വൻകിട വ്യവസായങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. അങ്ങിങ്ങായുള്ള ചെറുകിട വ്യവസായങ്ങളുടെ സ്ഥിതിയാകട്ടെ പരിതാപകരവുമാണ്.

1962 - ൽ രൂപം കൊണ്ട പനമരം പഞ്ചായത്ത് ഭൂമിശാസ്ത്രപരമായി വയനാട് ജില്ലയുടെ മദ്ധ്യഭാഗത്താണ്. കർണാടക, തമിൾനാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളുമായി എളുപ്പം ബന്ധപ്പെടാവുന്ന സാധ്യതകളും ഈ പഞ്ചായത്തിനുണ്ട്.

ഇന്നത്തെ അവസ്ഥ

കാര്യമായൊരു വ്യവസായ സംരംഭവും ഈ പഞ്ചായത്തിലില്ലെന്നു വേണം പറയാൻ. ഒറ്റപ്പെട്ട പരമ്പരാഗത കുടിൽ വ്യവസായങ്ങളാണ് പ്രധാനമായും ഈ പട്ടികയിൽപ്പെടുന്നത്. അടുത്ത കാലത്തായി ഒൻപതാം വാർഡിൽ ഒരു ഡയമണ്ട് പോളിഷിംഗ് യൂണിറ്റും ഒന്നും അഞ്ചും വാർഡുകളിൽ ഓരോരൊ ഇഷ്ടിക നിർമ്മാണ യൂണിറ്റും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രണ്ട് ഈർച്ചമില്ലുകളും ഇരുപത്തിയഞ്ചോളം റൈസ്/ഫ്ളവർ മില്ലുകളും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ ഒരോ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റും, എട്ടും അഞ്ചും വാർഡുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ ചെറുകിട മെഴുകു തിരി നിർമ്മാണ യൂണിറ്റുകളും പ്രവർത്തനത്തിലുണ്ട്. ഈർച്ചമില്ലുകളിലൊഴികെ മറ്റെല്ലാ യൂണിറ്റുകളിലും തൊഴിലവസരങ്ങൾ വളരെ കുറവാണ്. മേൽ പരാമർശിച്ച യൂണിറ്റുകളെല്ലാം സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്.

നിർമിതി കേന്ദ്രത്തിന്റെ ജില്ലാതല നിർമ്മാണ യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ ഒരു റീജിയണൽ ഓഫീസ് തുറന്നു പ്രവർത്തിക്കേണ്ടതാണ്.

സാധ്യതകൾ

പഞ്ചായത്തിനകത്തു നിന്നും പുറത്തു നിന്നും അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് ഒട്ടേറെ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ഒട്ടേറെ കമ്പോള സാദ്ധ്യതകളും ഇവിടെയുണ്ട്.

ഓട്, ഇഷ്ടിക, മൺപാത്ര നിർമ്മാണം ഇവയ്ക്കാവശ്യമായ സംരംഭങ്ങൾ ആരംഭിക്കണം. ഇവിടെ സുലഭമായ പഴവർഗ്ഗങ്ങൾ സംസ്കരിച്ച് ജാമുകൾ ഉണ്ടാക്കാനാവശ്യമായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. പാൽ സംസ്കരണ-മിഠായി നിർമ്മാണ യൂണിറ്റുകൾക്കും ഒട്ടേറെ സാധ്യതകളുണ്ട്.

പഴകിയ കാലിച്ചാക്ക്, വെയിസ്റ്റ് തുടങ്ങിയവകൊണ്ട് ഷീറ്റ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചാൽ ഒട്ടേറെ തൊഴിൽ സാധ്യതകൾ ഉണ്ടാകും

മൃഗതോൽ സംസ്കരണശാല, മൃഗങ്ങളുടെ എല്ലുപൊടിച്ചുണ്ടാക്കുന്ന ജൈവ വള യൂണിറ്റ്, ഫർണിച്ചർ-സോഫാ നിർമ്മാണം, വാഹനങ്ങളുടെ സീറ്റ് നിർമ്മാണം എന്നീ മേഖലകളിലും വികസന സാദ്ധ്യതകൾ ഏറെയാണ്.

കറി പൗഡറുകൾ, പ്ലാസ്റ്റിക് നിർമ്മാണം, സോപ് നിർമ്മാണം, ചെരിപ്പ് നിർമ്മാണം, അച്ചാർ നിർമ്മാണം, ചിപ്സ് നിർമ്മാണം, ബുക്ക് ബൈൻഡിംഗ് തുടങ്ങിയ വ്യവസായരംഗങ്ങളിൽ അടിയന്തിരശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

മലിന വസ്തുക്കളും, ചപ്പുചവറുകളും ഉപയോഗിച്ച് ഗ്യാസ് പ്ലാൻറ് സ്ഥാപിക്കാവുന്നതാണ്.

കാപ്പിത്തൊണ്ട് ഉപയോഗപ്പെടുത്തി കോഴിത്തീറ്റ, കാലിത്തീറ്റ നിർമാണ യൂണിറ്റുകൾക്ക് സാധ്യതകളുണ്ട്.

നിലവിലുള്ള റൈസ് മില്ലുകൾ, ഈർച്ച മില്ലുകൾ, ഫ്ളവർ മില്ലുകൾ തുടങ്ങിയവയിൽ വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് പഞ്ചായത്തിന്റെ സഹകരണം ലഭ്യമാക്കേണ്ടതുണ്ട്.

അനർട്ടിന്റെ ഒരു വിൽപനശാല പഞ്ചായത്തിൽ അനിവാര്യമാണ്. ഇതിനാവശ്യമായ സഹായസഹകരണങ്ങൾ പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വ്യവസായങ്ങളുടെ വളർച്ചയ്ക്ക് പ്രധാന തടസ്സമായി നിൽക്കുന്നത് സാമ്പത്തികമാണ്. വ്യവസായ സംരംഭകർക്ക് വിവിധ വാണിജ്യ സ്ഥാപനങ്ങൾ മുഖേന ലളിതമായ വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കണം.

2.ലൈസൻസിങ്ങ് സമ്പ്രദായത്തിൽ ഉദാരവൽക്കരണം ആവശ്യമാണ്. റൈസ് മിൽ, ഫ്ളോർ മില്ല്, ഈർച്ച മില്ല്, ഓയിൽ മില്ല് തുടങ്ങിയവയുടെ ലൈസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകളിൽ മാത്രമായി നിക്ഷിപ്തപ്പെടുത്തേണ്ടതാണ്. സാങ്കേതിക തടസ്സങ്ങളും കാലതാമസവുമൊഴിവാക്കാൻ ഇത് സഹായക മായിരിക്കും.

3. പഞ്ചായത്തുകളിൽ സ്ഥാപിതമാകുന്ന വ്യവസായങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള ചുമതല ബന്ധപ്പെട്ട താലൂക്ക് വ്യവസായ കേന്ദ്രത്തെ മാത്രം ഏൽപിക്കേണ്ടതാണ്.

4. വ്യവസായ സംരംഭകർക്ക് മുൻഗണനാക്രമത്തിലും ലളിതമായ വ്യവസ്ഥകളിലും വൈദ്യുതി ബന്ധം നൽകേണ്ടതാണ്.

5. വ്യവസായ സംരംഭകരെ അലട്ടുന്ന മറ്റൊരു പ്രശ്നം ആവശ്യമായ സ്ഥലത്തിന്റെ ദൗർലഭ്യമാണ്. മാത്രമല്ല ഇതിനുവേണ്ടി ഭാരിച്ച സംഖ്യ കണ്ടെത്തേണ്ടി വരികയും ചെയ്യുന്നു. ഇതിനൊരു പരിഹാര മെന്നോണം പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ കോംപ്ലക്സ്/എസ്റ്റേറ്റ് സ്ഥാപിക്കുകയാണ്. പനമരം, അഞ്ചുകുന്ന്, ഏച്ചോം എന്നിവിടങ്ങളിലായി മൂന്ന് മിനി ഇൻഡസ്ട്രിയൽ കോംപ്ലക്സുകൾ സ്ഥാപിക്കണം. സർക്കാർ ഗ്രാന്റോ, ഗ്രാമ വികസന ബോർഡ് ലോണോ പഞ്ചായത്ത് ഫണ്ടോ ഇതിനുപയോഗിക്കാവുന്നതാണ്.

മുൻഗണനാക്രമത്തിൽ അനുവദിക്കാവുന്ന വ്യവസായ സംരഭങ്ങൾ

(1) പനമരം, അഞ്ചുകുന്ന്, ഏച്ചോം പ്രദേശങ്ങളിൽ ഇൻഡസ്ട്രിയൽ കോംപ്ലക്സുകൾ.

(2) അസംസ്കൃത വസ്തു ലഭ്യമാകുന്ന കേന്ദ്രങ്ങളോടടുപ്പിച്ച് സ്റ്റോൺ ക്രഷർ യൂണിറ്റും ഹോളോ ബ്രിക്സ് നിർമാണവും.

(3) കോഴിത്തീറ്റ-കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ.

(4) ജൈവ വള നിർമാണ യൂണിറ്റ്.

(5) അടക്ക സംസ്കരണ യൂണിറ്റ്, കൊപ്രാ സംസ്കരണ ശാല, ഓയിൽ മിൽ.

(6) അവിൽ നിർമാണ യൂണിറ്റ്.

(7) കുട നിർമാണം.

(8) ആധുനിക സൗകര്യങ്ങളോടുകൂടിയ കാപ്പി ഗ്രെയിഡിംഗും, ക്യൂറിംഗ് സ്ഥാപനം.

(9) കയറുൽപ്പന്ന നിർമാണം, സോഫാ നിർമാണം, ഫർണിച്ചർ നിർമാണം.

(10) ഗ്ലാസ് നിർമാണം.

(11) മൽസ്യ-മാംസ പഴവർഗ സംസ്കരണ കേന്ദ്രം.

(12) ഇഞ്ചി, പച്ച കുരുമുളക് സംസ്കരണ കേന്ദ്രം.

(13) റബ്ബർ സ്ക്രാപ്പ്.

(14) കറപ്പത്തോൽ സംസ്കരണം.

(15) സിമൻറ് കട്ട നിർമാണ യൂണിറ്റ്.

(16) ഇഷ്ടിക, ഓട് നിർമാണ യൂണിറ്റ്.

(17) അഞ്ഞണ്ണിക്കുന്ന് കേന്ദ്രീകരിച്ച് കെൽട്രോണിന്റെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമാണ യൂണിറ്റ് ആരംഭിക്കണം.

വ്യവസായ സംരഭകർക്കായുള്ള ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, വർക്ക് ഷാപ്പുകൾ മുതലായവ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തേണ്ടതാണ്.

സർക്കാർ-സഹകരണ സംഘങ്ങൾ-സ്വകാര്യമേഖല ഇങ്ങനെ ഏതു തലത്തിലും ആരംഭിക്കേണ്ടതാണ്. സ്വകാര്യ വ്യക്തികളെ ഇക്കാര്യത്തിൽ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

സമൂഹത്തിന്റെ വികസനത്തിൽ വളരെ പ്രധാനമായ ഒരു സ്ഥാനമാണ് ഈ ദ്വിതീയ മേഖലയ്ക്കുള്ളത്. ഉപഭോഗ സംസ്ക്കാരം ആപൽക്കരമായ തോതിൽ വളർന്നു വരുന്ന ഒരു പ്രദേശമാണ് നമ്മുടേതും. നമുക്കാവശ്യമായ ഉൽപ്പന്നങ്ങൾ ഇവിടെവച്ചുതന്നെ ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ പുറം പ്രദേശത്തേക്കുള്ള പണത്തിന്റെ ഒഴുക്കിനെ തടഞ്ഞു നിർത്താനും തദ്വാര പുതിയ വികസന സംരംഭങ്ങൾ വിവിധ മേഖലകളിൽ ആരംഭിച്ച്, ഈ ഗ്രാമത്തിന്റെ വികസനം പൂർണതയിലെത്തിക്കാനും സാധിക്കുമെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല.

4 വിദ്യാഭ്യാസം

ഒരു പ്രദേശത്തിന്റെയും അവിടുത്തെ ജനതയുടെയും വളർച്ചയുടെ ആണിക്കല്ല് വിദ്യാഭ്യാസമാണ്. പൗരാണിക കാലം മുതൽ ഭാരതം വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയിരുന്നു. ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായവും ടാഗോറിന്റെ ശാന്തിനികേതനവും ഈ വസ്തുത വിളിച്ചോതുന്നു. ഗുരു ശിഷ്യ ബന്ധത്തിന്റെ പാരസ്പര്യവും, പാവനതയും ഈ രാജ്യത്തിന്റെ സവിശേഷതയായിരുന്നു. വിദ്യാഭഗവതി വിളയാടാത്ത ദേശത്തിൽ ചെന്താർമാത് എത്ര വിളയാടിയാലും ആ പ്രദേശം മണൽ കാടിനെക്കാൾ മോശമാണെന്നായിരുന്നു പൗരാണിക മതം. സമൂഹത്തിന്റെ സമഗ്ര പുരോഗതിയെ ലാക്കാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള സമൂഹത്തെ വളർത്തിയെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

സർക്കാരിന്റെ വരുമാനത്തിൽ നല്ലൊരു ഭാഗം ചെലവഴിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിനാണ്. 1994-95 ലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ ഓരോ പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 1579 രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 2633 രൂപയും പ്രതിവർഷം സർക്കാർ ഖജനാവിൽ നിന്ന് ചിലവാക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം വ്യക്തിപരമായ മൂല്യങ്ങളുടെയും, നൈപുണികളുടെ വികസനവും അവയിലൂടെയുള്ള മൊത്തം സാമൂഹിക പുരോഗതിയുമാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസം തീർച്ചയായും ഈ ലക്ഷ്യത്തിൽ നിന്നും വളരെ അകലെ തന്നെയാണ്. അമ്പതു ലക്ഷത്തിലെത്തി നിൽക്കുന്ന തൊഴിലില്ലായ്മ നാട്ടിലെ വികസന പ്രവർത്തനങ്ങളുടെ പരിമിതിയോടൊപ്പം വിദ്യാഭ്യാസത്തിന്റെ വൈകല്യത്തെയും ഉയർത്തി കാട്ടുന്നു. ഈ പശ്ചാതലത്തിൽ പനമരം പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ ഈ സ്ഥാപനങ്ങൾ വളർന്നിട്ടുണ്ടോ? അവയുടെ പ്രവർത്തനങ്ങൾ ആശാവഹമാണോ? ഒരു നവീന സാമൂഹ്യ സൃഷ്ടിക്ക് അവ പ്രയോജനപ്പെടുന്നുണ്ടോ? ഇത്യാദി വിഷയങ്ങളിലേക്ക് നമുക്കൊന്ന് എത്തി നോക്കാം.

പനമരം പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ അവയുടെ ചരിത്ര പശ്ചാത്തലം

1912 - ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ നിയന്ത്രണത്തിൽ പഞ്ചായത്തിലെ ആദ്യത്തെ എൽ. പി. സ്കൂൾ പനമരത്ത് സ്ഥാപിതമായി. ഈ പ്രദേശത്തെ സമ്പന്ന വിഭാഗത്തിൽപ്പെട്ട കുട്ടികൾ മാത്രമായിരുന്നു ഇവിടെ അധ്യയനത്തിനെത്തിയിരുന്നത്. ഈ വിദ്യാലയത്തിലെ ആദ്യകാല അധ്യാപകനായ ശ്രീ. കേളുമാസ്റ്റർ, ശ്രീ. അമ്മത് മുസ്ല്യാർ എന്നിവരുടെ സേവനങ്ങൾ പ്രത്യേകം സ്മരണീയമാണ്. തുടർന്ന് 1920 -ൽ വിളമ്പുകണ്ടം ഗവ. എൽ. പി. സ്കൂൾ ആരംഭിച്ചു. രണ്ടേക്കർ ഭൂമി സ്വന്തമായുള്ള ഈ വിദ്യാലയം ഇന്നും എൽ. പി. സ്കൂളായി നിലനിൽക്കുന്നു. വിദ്യാഭ്യാസ പ്രചാരകനും, വൈദികനുമായ ഫാദർ. ജെഫ്രിനോ താലൂക്ക് ബോർഡിന്റെ സഹായത്തോടെ 1922 -ൽ പള്ളിക്കുന്നിൽ ഒരു വിദ്യാലയം സ്ഥാപിച്ചു. കുറിച്യ സമുദായത്തിൽ പെട്ട ആളുകളുടെ വിദ്യാഭ്യാസത്തിനു വേണ്ടിയായിരുന്നു ഈ സ്ഥാപനം ആരംഭിച്ചത്.

ശ്രീ. ഡയസ് മാസ്റ്റർ ഇവിടുത്തെ ആദ്യകാല പ്രധാന അധ്യാപകനായി സേവനം അനുഷ്ഠിച്ചിരുന്നു. 1949 -ൽ ബഥനി സന്യാസ സമൂഹം ഈ വിദ്യാലയത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു സ്തുത്യർഹമായ നിലയിൽ ഇന്നും സേവനമനുഷ്ഠിച്ചുകൊണ്ട് നടപ്പു വർഷത്തിൽ 75 -ാം വാർഷികം ആഘോഷിക്കുകയാണ്.

1926 -ൽ മലബാർ ജില്ലാ ബോർഡിന്റെ കീഴിൽ അഞ്ചു കുന്ന് ലോവൽ എലിമെൻററി സ്കൂൾ സ്ഥാപിതമായി. 1930 -ൽ കൈതയ്ക്കൽ എൽ. പി. സ്കൂൾ നിലവിൽ വന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഈ വിദ്യാലയം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു തുടങ്ങിയത്. ഈ സ്കൂൾ ആരംഭിക്കാൻ സൗകര്യം നൽകിയ ശ്രീമാൻ കുപ്പത്തോട് രാമൻ നായർ പ്രാത: സ്മരണീയനാണ്. ശ്രീമാൻ പരമേശ്വരയ്യരുടെ പേരും സ്മരണീയമാണ്. 1950 -ൽ അഞ്ചു കുന്ന് ഗാന്ധി മെമ്മോറിയൽ യു. പി. സ്കൂൾ നിലവിൽ വന്നു. അതിന്റെ സ്ഥാപകൻ ശ്രീമാൻ പാലുകുന്ന് ചന്ദ്രയ്യ ഗൗഡർ പ്രത്യേകം സ്മരണീയനാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഏറെക്കുറെ ജനങ്ങൾക്ക് ബോധ്യമായി. ഈ സാഹചര്യത്തിൽ സാമൂഹ്യ പരിഷ്കർത്താക്കളും, സേവന സന്നദ്ധരും വിദ്യാഭ്യാസ കുതുകികളുമായ മറ്റു പൗരപ്രമുഖൻമാരുടെ സേവനവും വിസ്മരിക്കാവുന്നതല്ല.

ഐക്യ കേരള രൂപീകരണത്തിനു ശേഷം അധികാരത്തിൽ വന്ന ഗവൺമെൻറ് 1957 - ൽ കേരളത്തിൽ അങ്ങോളമിങ്ങോളം ധാരാളം സർക്കാർ വിദ്യാലയങ്ങൾ അനുവദിച്ചു. അങ്ങനെ പനമരം ഗവ. ഹൈസ്കൂൾ നിലവിൽ വന്നു. പള്ളിക്കുന്ന്, ഏച്ചോം, അഞ്ചുകുന്ന്, നീർവാരം, ചെറുകാട്ടൂർ, നടവയൽ, വിളമ്പുകണ്ടം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം ഈ സർക്കാർ

4 വിദ്യാഭ്യാസം

ഒരു പ്രദേശത്തിന്റെയും അവിടുത്തെ ജനതയുടെയും വളർച്ചയുടെ ആണിക്കല്ല് വിദ്യാഭ്യാസമാണ്. പൗരാണിക കാലം മുതൽ ഭാരതം വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയിരുന്നു. ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായവും ടാഗോറിന്റെ ശാന്തിനികേതനവും ഈ വസ്തുത വിളിച്ചോതുന്നു. ഗുരു ശിഷ്യ ബന്ധത്തിന്റെ പാരസ്പര്യവും, പാവനതയും ഈ രാജ്യത്തിന്റെ സവിശേഷതയായിരുന്നു. വിദ്യാഭഗവതി വിളയാടാത്ത ദേശത്തിൽ ചെന്താർമാത് എത്ര വിളയാടിയാലും ആ പ്രദേശം മണൽ കാടിനെക്കാൾ മോശമാണെന്നായിരുന്നു പൗരാണിക മതം. സമൂഹത്തിന്റെ സമഗ്ര പുരോഗതിയെ ലാക്കാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള സമൂഹത്തെ വളർത്തിയെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

സർക്കാരിന്റെ വരുമാനത്തിൽ നല്ലൊരു ഭാഗം ചെലവഴിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിനാണ്. 1994-95 ലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ ഓരോ പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 1579 രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 2633 രൂപയും പ്രതിവർഷം സർക്കാർ ഖജനാവിൽ നിന്ന് ചിലവാക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം വ്യക്തിപരമായ മൂല്യങ്ങളുടെയും, നൈപുണികളുടെ വികസനവും അവയിലൂടെയുള്ള മൊത്തം സാമൂഹിക പുരോഗതിയുമാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസം തീർച്ചയായും ഈ ലക്ഷ്യത്തിൽ നിന്നും വളരെ അകലെ തന്നെയാണ്. അമ്പതു ലക്ഷത്തിലെത്തി നിൽക്കുന്ന തൊഴിലില്ലായ്മ നാട്ടിലെ വികസന പ്രവർത്തനങ്ങളുടെ പരിമിതിയോടൊപ്പം വിദ്യാഭ്യാസത്തിന്റെ വൈകല്യത്തെയും ഉയർത്തി കാട്ടുന്നു. ഈ പശ്ചാതലത്തിൽ പനമരം പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ ഈ സ്ഥാപനങ്ങൾ വളർന്നിട്ടുണ്ടോ? അവയുടെ പ്രവർത്തനങ്ങൾ ആശാവഹമാണോ? ഒരു നവീന സാമൂഹ്യ സൃഷ്ടിക്ക് അവ പ്രയോജനപ്പെടുന്നുണ്ടോ? ഇത്യാദി വിഷയങ്ങളിലേക്ക് നമുക്കൊന്ന് എത്തി നോക്കാം.

പനമരം പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ അവയുടെ ചരിത്ര പശ്ചാത്തലം

1912 - ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ നിയന്ത്രണത്തിൽ പഞ്ചായത്തിലെ ആദ്യത്തെ എൽ. പി. സ്കൂൾ പനമരത്ത് സ്ഥാപിതമായി. ഈ പ്രദേശത്തെ സമ്പന്ന വിഭാഗത്തിൽപ്പെട്ട കുട്ടികൾ മാത്രമായിരുന്നു ഇവിടെ അധ്യയനത്തിനെത്തിയിരുന്നത്. ഈ വിദ്യാലയത്തിലെ ആദ്യകാല അധ്യാപകനായ ശ്രീ. കേളുമാസ്റ്റർ, ശ്രീ. അമ്മത് മുസ്ല്യാർ എന്നിവരുടെ സേവനങ്ങൾ പ്രത്യേകം സ്മരണീയമാണ്. തുടർന്ന് 1920 -ൽ വിളമ്പുകണ്ടം ഗവ. എൽ. പി. സ്കൂൾ ആരംഭിച്ചു. രണ്ടേക്കർ ഭൂമി സ്വന്തമായുള്ള ഈ വിദ്യാലയം ഇന്നും എൽ. പി. സ്കൂളായി നിലനിൽക്കുന്നു. വിദ്യാഭ്യാസ പ്രചാരകനും, വൈദികനുമായ ഫാദർ. ജെഫ്രിനോ താലൂക്ക് ബോർഡിന്റെ സഹായത്തോടെ 1922 -ൽ പള്ളിക്കുന്നിൽ ഒരു വിദ്യാലയം സ്ഥാപിച്ചു. കുറിച്യ സമുദായത്തിൽ പെട്ട ആളുകളുടെ വിദ്യാഭ്യാസത്തിനു വേണ്ടിയായിരുന്നു ഈ സ്ഥാപനം ആരംഭിച്ചത്.

ശ്രീ. ഡയസ് മാസ്റ്റർ ഇവിടുത്തെ ആദ്യകാല പ്രധാന അധ്യാപകനായി സേവനം അനുഷ്ഠിച്ചിരുന്നു. 1949 -ൽ ബഥനി സന്യാസ സമൂഹം ഈ വിദ്യാലയത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു സ്തുത്യർഹമായ നിലയിൽ ഇന്നും സേവനമനുഷ്ഠിച്ചുകൊണ്ട് നടപ്പു വർഷത്തിൽ 75 -ാം വാർഷികം ആഘോഷിക്കുകയാണ്.

1926 -ൽ മലബാർ ജില്ലാ ബോർഡിന്റെ കീഴിൽ അഞ്ചു കുന്ന് ലോവൽ എലിമെൻററി സ്കൂൾ സ്ഥാപിതമായി. 1930 -ൽ കൈതയ്ക്കൽ എൽ. പി. സ്കൂൾ നിലവിൽ വന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഈ വിദ്യാലയം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു തുടങ്ങിയത്. ഈ സ്കൂൾ ആരംഭിക്കാൻ സൗകര്യം നൽകിയ ശ്രീമാൻ കുപ്പത്തോട് രാമൻ നായർ പ്രാത: സ്മരണീയനാണ്. ശ്രീമാൻ പരമേശ്വരയ്യരുടെ പേരും സ്മരണീയമാണ്. 1950 -ൽ അഞ്ചു കുന്ന് ഗാന്ധി മെമ്മോറിയൽ യു. പി. സ്കൂൾ നിലവിൽ വന്നു. അതിന്റെ സ്ഥാപകൻ ശ്രീമാൻ പാലുകുന്ന് ചന്ദ്രയ്യ ഗൗഡർ പ്രത്യേകം സ്മരണീയനാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഏറെക്കുറെ ജനങ്ങൾക്ക് ബോധ്യമായി. ഈ സാഹചര്യത്തിൽ സാമൂഹ്യ പരിഷ്കർത്താക്കളും, സേവന സന്നദ്ധരും വിദ്യാഭ്യാസ കുതുകികളുമായ മറ്റു പൗരപ്രമുഖൻമാരുടെ സേവനവും വിസ്മരിക്കാവുന്നതല്ല.

ഐക്യ കേരള രൂപീകരണത്തിനു ശേഷം അധികാരത്തിൽ വന്ന ഗവൺമെൻറ് 1957 - ൽ കേരളത്തിൽ അങ്ങോളമിങ്ങോളം ധാരാളം സർക്കാർ വിദ്യാലയങ്ങൾ അനുവദിച്ചു. അങ്ങനെ പനമരം ഗവ. ഹൈസ്കൂൾ നിലവിൽ വന്നു. പള്ളിക്കുന്ന്, ഏച്ചോം, അഞ്ചുകുന്ന്, നീർവാരം, ചെറുകാട്ടൂർ, നടവയൽ, വിളമ്പുകണ്ടം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം ഈ സർക്കാർ

വിദ്യാലയം ആയിരുന്നു. കലാകായിക മേളകളിലും പഠന നിലവാരത്തിലും, S S L C പരീക്ഷാ വിജയ ശതമാനത്തിലും ഈ വിദ്യാലയം ആദ്യകാലങ്ങളിൽ മികവ് പുലർത്തിയിരുന്നു. ഈ വിദ്യാലയത്തിന്റെ എല്ലാ തരത്തിലുമുള്ള ഉയർച്ചയ്ക്കും കാരണഭൂതനായിരുന്നു ആദ്യത്തെ പ്രധാനാധ്യാപകനായ ശ്രീ. ശങ്കരൻ കുട്ടി മേനോൻ. അദ്ദേഹത്തിന്റെ അർപ്പണ ബോധവും കർമ്മ കുശലതയും വിദ്യാഭ്യാസ തൽപരരായ ജനങ്ങൾക്ക് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഒരു ചെറിയ കാൽവെയ്പ് എന്ന നിലയിൽ ഒരു കമ്പ്യൂട്ടർ സെൻറർ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. പിന്നീട്, നീർവാരം ഗവ. ഹൈസ്കൂൾ, നിലവിൽ വന്നു. 1982 -ൽ സർവ്വോദയാ ഹൈസ്കൂൾ ഏച്ചോം, ലൂർദ്ദ് മാതാ ഗേൾസ് ഹൈസ്കൂൾ പള്ളിക്കുന്ന് തുടങ്ങിയ സ്വകാര്യ ഹൈസ്കൂളുകളും സ്ഥാപിതമായി.കുപ്പത്തോട്, അരിഞ്ചേർമല തുടങ്ങിയ സ്ഥലങ്ങളിൽ എൽ. പി സ്കൂളുകളും ആരംഭിച്ചു. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള മറ്റു വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

വിദ്യാലയ വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെൻറ്	കുട്ടികളുടെ എണ്ണം 1995 - 1996	അധ്യാപകരുടെ എണ്ണം			അധ്യാപക പരിശീലന യോഗ്യത	
				M	F	T	BED	TTC
1	ഗവ. ഹൈസ്കൂൾ പനമരം	സർക്കാർ	1312	19	20	39	30	09
2	ഗവ. ഹൈസ്കൂൾ നീർവാരം	''	720	17	6	23	8	13
3	സർവോദയ ഹൈസ്കൂൾ ഏച്ചോം	എയിഡഡ്	986	14	19	33	28	05
4	ലൂർദ് മാതാ ഹൈസ്കൂൾ പള്ളിക്കുന്ന്	''	361	5	8	13	13	-
5	ഗവ. എൽ. പി. സ്കൂൾ പനമരം	സർക്കാർ	642	6	11	17	-	15
6	ഗവ. എൽ. പി .സ്കൂൾ കൈതക്കൽ	''	438	7	5	12	-	11
7	ഗവ. എൽ. പി. സ്കൂൾ വിളമ്പുകണ്ടം	''	283	3	4	7	-	6
8	ഗവ. എൽ. പി. സ്കൂൾ കുപ്പത്തോട്	''	113	31	1	4	-	4
9	ആർ. സി. യു. പി. സ്കൂൾ പള്ളിക്കുന്ന്	എയിഡഡ്	1417	-	34	34	14	20
10	ഗാന്ധി മെമ്മോറിയൽ യു.പി. സ്കൂൾ അഞ്ചുകുന്ന്	''	1469	10	24	34	10	21
11	സെൻറ്. തോമസ്. എൽ. പി. സ്കൂൾ. അരിഞ്ചോല	''	219	0	6	6	-	5

പഞ്ചായത്ത് ആസ്ഥാനമായ പനമരത്ത് പ്രവർത്തിക്കുന്ന ഗവ. ഹൈസ്കൂൾ, ഗവ. എൽ. പി. സ്കൂൾ എന്നിവ ഒഴികെ മറ്റ് സ്കൂളുകളെല്ലാം വളരേയേറെ യാത്രാദുരിതം അനുഭവപ്പെടുന്ന മേഖലകളിലാണ്. വിവിധ തലത്തിലുള്ള സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാ ദൂരം താഴെ പട്ടിക -2 ൽ കൊടുക്കുന്നു

ഇന്ന് പഞ്ചായത്തിലെ സർക്കാർ സ്കൂളുകൾ ധാരാളം പരിമിതികൾ നേരിട്ടുകൊണ്ടിരിക്കുന്നു. നിലവാരതകർച്ച, ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, കുറഞ്ഞ S S L C വിജയശതമാനം, അധ്യാപകക്ഷാമം എന്നിങ്ങനെ നീളുന്നു പരിമിതികളുടെ പട്ടിക. നിലവിലുള്ള വിദ്യാലയങ്ങളിലെ സൗകര്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക -3 ൽ കൊടുത്തിരിക്കുന്നു..

പട്ടിക -2

സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

ക്രമനമ്പർ	തരം	ശരാശരി ദൂരം കി. മീ.	പരമാവധി ദൂരം കി. മീ
1.	ലോവർ പ്രൈമറി സ്കൂൾ	5	7
2.	അപ്പർ പ്രൈമറി സ്കൂൾ	5	6
3.	ഹൈസ്കൂൾ	6	7

വിദ്യാലയ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണം (ഏക്കർ)	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1.	ഗവ. ഹൈസ്കൂൾ, നീർവാരം	6.60	ഉണ്ട്	ഉണ്ട്	ഇല്ല	-	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	ഗവ. ഹൈസ്കൂൾ, പനമരം	5.00	,,	,,	ഉണ്ട്	8,000	,,	,,	,,	,,	,,	ഇല്ല
3.	സർവ്വോദയാ ഹൈസ്കൂൾ, എച്ചോം	3.00	,,	,,	,,	2,000	,,	,,	ഉണ്ട്	,,	,,	ഉണ്ട്
4.	ലൂർദ് മാത H. S പള്ളിക്കുന്ന്	3.00	,,	,,	,,	-	,,	,,	ഇല്ല	ഇല്ല	,,	,,
5.	ഗവ. L.P. സ്കൂൾ പനമരം	1.50	ഇല്ല	ഇല്ല	ഇല്ല	-	,,	,,	ഇല്ല	,,	,,	,,
6.	ഗവ. L.P സ്കൂൾ വിളമ്പുകണ്ടം	2.00	,,	,,	,,	-	,,	ഇല്ല	,,	,,	,,	,,
7.	ഗവ. L.P സ്കൂൾ കൈതയ്ക്കൽ	1.00	,,	,,	,,	-	,,	,,	,,	,,	,,	,,
8	ഗവ. L.P സ്കൂൾ കുപ്പത്തോട്	1.00	,,	,,	,,	-	,,	,,	,,	,,	,,	,,
9.	ആർ. സി. U. P. S. പള്ളിക്കുന്ന്	2.00	ഉണ്ട്	ഉണ്ട്	,,	-	,,	ഉണ്ട്	ഉണ്ട്	ഉണ്ട്	,,	,,
10.	ഗാന്ധി മെമ്മോറിയൽ U.P സ്കൂൾ അഞ്ചുകുന്ന്	4.00	,,	,,	,,	-	,,	,,	ഇല്ല	ഇല്ല	,,	,,
11.	സെൻറ് തോമസ് L.P സ്കൂൾ അരിഞ്ചേർമല	1.50	ഇല്ല	,,	-	,,	,,	,,	,,	,,	,,	,,

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ താരതമ്യേന ഉയർന്ന നിലവാരം പുലർത്തുന്നു. ഏച്ചോം സർവോദയ ഹൈസ്കൂൾ, പള്ളിക്കുന്ന് ലൂർദ്ദ് മാതാ ഹൈസ്കൂൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈ നേട്ടത്തിന് മാനേജ് മെൻറിൻെറ കാര്യക്ഷമതയും, കൃത്യസമയത്തുള്ള അധ്യാപക നിയമനവും, മറ്റു സാമൂഹ്യ പശ്ചാത്തലവും കാരണമായി പറയാവുന്നതാണ്. പഞ്ചായത്തിൽ S S L C പരീക്ഷയെഴുതിയ മൊത്തം വിദ്യാർത്ഥികളുടെ വിജയ ശതമാനം പട്ടിക -4 ൽ കൊടുക്കുന്നു.

പട്ടിക -3 S S L C വിജയ ശതമാനം

ക്രമനമ്പർ	വർഷം	മൊത്തം വിദ്യാർത്ഥികൾ	വിജയിച്ചവർ	ശതമാനം
1.	1992 - 93	-	-	43
2.	1993 - 94	-	-	42
3.	1994 - 95	-	-	38
4.	1995 - 96	431	160	37

ഈ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ പനമരത്ത് ഒരു അധ്യാപക പരിശീലന കേന്ദ്രം 1988 മുതൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനം പ്രശസ്തമായ വിജയം നേടി പഞ്ചായത്തിന് അഭിമാനമായി തല ഉയർത്തി നിൽക്കുന്നു. ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഇവിടെയും വളരെ കുറവുതന്നെ.

സമാന്തര വിദ്യാഭ്യാസ മേഖലയിലും ഈ പഞ്ചായത്ത് അപ്രധാനമല്ലാത്ത സ്ഥാനം നേടിയിട്ടുണ്ട്. യൂണിവേർസൽ ആർട്സ് കോളേജ്, വിജയ അക്കാദമി തുടങ്ങിയവ കോളേജ് വിദ്യാഭ്യാസത്തിന് സൗകര്യം നിഷേധിക്കപ്പെട്ട പഞ്ചായത്തിലെ ധാരാളം വിദ്യാർത്ഥികൾക്ക് ഒരു പരിധി വരെ ആശ്വാസം നൽകുന്നു. കൂടാതെ സാമൂഹ്യ ക്ഷേമ വകുപ്പിൻറ കീഴിലുള്ള 31 അംഗൻവാടികളും പനമരം പഞ്ചായത്തിലുണ്ട്.

നമ്പർ	അംഗൻവാടിയുടെ പേര്	അംഗൻവാടി നമ്പർ	നമ്പർ	അംഗൻവാടിയുടെ പേര്	അംഗൻവാടി നമ്പർ
1	കുണ്ടാല (പി)	96			
2	അഞ്ചു കുന്ന് ആറാം മൈൽ	97	23	വിളമ്പുകണ്ടം	118
3	മാങ്കാണി	98	24	പള്ളിക്കുന്ന്	145
4	പാലുകുന്ന്	99	25	പുലമൂല	147
5	മാതോത്ത് പൊയിൽ	100	26	അഞ്ചുകുന്ന് ക്ലബ്ബ് സെൻറർ	146
6	ആനപ്പാറ	101	27	കാട്ടറപ്പള്ളി	158
7	കൂളിവയൽ	102	28	അഞ്ഞണ്ണി ക്കുന്ന്	159
8	കാട്ടറപ്പള്ളി	103	29	നീരട്ടാടി	160
9	ഒഴക്കൊല്ലി	104	30	കൊളത്താറ	176
10	ആരൃന്നൂർ	105	31	കാക്കാഞ്ചിറ	179
11	പരക്കുനി	106			
12	മൈലുകുന്ന്	107			
13	നീർവാരം	108			
14	അമ്മാനി	109			
15	പാതിരിയമ്പം	110			
16	കായക്കുന്ന്	111			
17	വാടോച്ചാൽ	112			
18	ചുണ്ടക്കുന്ന്	113			
19	അരിഞ്ചേർമല	114			
20	ഏച്ചോം	115			
21	കൈപ്പാട്ടുകുന്ന്	116			
22	മലങ്കര	117			

സ്വകാര്യ മേഖലയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് എന്ന പേരിൽ ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും പട്ടികജാതി-പട്ടിക വർഗ്ഗ മേഖലയിൽ മറ്റൊന്നും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഒരു നഴ്സിംഗ് പരിശീലന കേന്ദ്രവും ഒന്നിലധികം തുന്നൽ പരിശീലന കേന്ദ്രങ്ങളും ഇവിടെയുണ്ട്. ഒരു സർക്കാർ നഴ്സറിയും പട്ടികജാതി-പട്ടിക വകുപ്പിന്റെ കീഴിൽ കിൻറർ ഗാർട്ടനും ഉണ്ട്. ഇതു കൂടാതെ മൂന്ന് അൺ എയിഡഡ് സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസം - പ്രശ്നങ്ങൾ, ആവശ്യങ്ങൾ

1. പനമരം പഞ്ചായത്തിൽ ശിശു വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ല.
2. പഞ്ചായത്തിലെ ഓരോ രണ്ടു കിലോമീറ്ററിനുള്ളിലും അംഗൻവാടികൾ സ്ഥാപിക്കണം.
3. നിലവിലുള്ള അംഗൻവാടികളിൽ കുടിവെള്ളവും മറ്റു പ്രാഥമിക സൗകര്യങ്ങളും ലഭ്യമാക്കണം.
4. അംഗൻ വാടികളിൽ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ നൽകി ക്ലാസ് റൂമുകൾ ആകർഷകമാക്കണം.
5. അംഗൻവാടികളോടനുബന്ധിച്ച് സമീപത്തുള്ള ആദിവാസികളുൾപ്പെടെയുള്ളവർക്ക് വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയവക്ക് ബോധവൽക്കരണം നൽകുന്നതിന് സൗകര്യം ഉണ്ടാകണം.
6. അംഗൻവാടികളോടനുബന്ധിച്ച് അനൗപചാരിക വിദ്യാഭ്യാസ ക്ലാസുകൾ സംഘടിപ്പിക്കണം.
7. പഞ്ചായത്തിന്റെ പരിധിയിലുള്ള രണ്ടു പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും കൂടുതൽ കുട്ടികൾക്ക് പ്രവേശനം ഏർപ്പെടുത്തുന്നതോടൊപ്പം സൗകര്യങ്ങളും വർദ്ധിപ്പിക്കണം.
8. പനമരം പഞ്ചായത്തിൽ പൊതുവെ ഹൈസ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ ഭൗതീക സാഹചര്യങ്ങൾ അപര്യാപ്തമാണ്. അടിസ്ഥാന സൗകര്യങ്ങൾ (കുടിവെള്ളം, മൂത്രപ്പുര, ക്ലാസ് മുറികൾ, ബഞ്ച്, ഡസ്ക്,.....) മെച്ചപ്പെടുത്തണം.
9. പല സ്കൂളുകളിലും പ്രത്യേക ക്ലാസ് മുറികളോ ക്ലാസ് മുറികൾ തമ്മിൽ വേർതിരിക്കുന്ന ഇട ഭിത്തികളോ ഇല്ല.
10. കോമ്പൗണ്ട് വാൾ ഇല്ലാത്തതിനാൽ നാൽകാലികൾ സ്വൈരവിഹാരം നടത്തുകയും, സാമൂഹ്യ വിരുദ്ധർ സ്കൂളുകൾ ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു.
11. ക്ലാസ് മുറികൾ ആകർഷകമാക്കുന്നതിന് പുതിയ പഠന തന്ത്രങ്ങൾ, പഠനോപകരണങ്ങൾ എന്നിവയെക്കുറിച്ച് അധ്യാപകർക്ക് പരിശീലനം നൽകണം.
12. അമലാ നഗർ,, കുണ്ടാല, ചെന്നം പാടി (കാരയ്ക്കാമല) പരക്കുനി എന്നിവിടങ്ങളിൽ പുതിയ എൽ.പി. സ്കൂളുകൾ തുടങ്ങണം.
13. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണത്തിന് നിർബന്ധമായും ഫണ്ട് അനുവദിക്കണം.
14. എസ. സി. എസ. ടി വിഭാഗത്തിലുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി യൂണിഫോം, കുട, പഠനോപകരണങ്ങൾ എന്നിവ നൽകുക.
15. വിളമ്പുകണ്ടം എൽ. പി. സ്കൂളിനോടനുബന്ധിച്ച് പ്രീ- പ്രൈമറി സ്കൂൾ തുടങ്ങണം. അതുപോലെ പൊതു പരിപാടികൾ നടത്താൻ ഒരു ഹാൾ അനുവദിക്കണം.
16. കുപ്പത്തോട് എൽ. പി. സ്കൂളിലെ അധ്യാപകർക്ക് ക്വാർട്ടേഴ്സ് അനുവദിക്കണം.
17. **D P E P** യുടെ ഭാഗമായി പാലുകുന്ന് അനുവദിച്ച എൽ. പി. സ്കൂളിന് ആവശ്യമായ സ്ഥലം പഞ്ചായത്ത് നൽകേണ്ടതാണ്.
18. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കായികാധ്യാപകർ ഉൾപ്പെടെയുള്ളഅദ്ധ്യാപകരെ നിയമിച്ച് ഒഴിവുകൾ നികത്തണം. എൽ. പി. സ്കൂളുകളിൽ ടി. ടി. സി. പാസ്സായവരെ മാത്രം നിയമിക്കണം.
19. അരിഞ്ചോർമല, കൈതയ്ക്കൽ, കുപ്പത്തോട്, വിളമ്പുകണ്ടം എന്നിവിടങ്ങളിലെ എൽ. പി. സ്കൂളുകൾ യു. പി. സ്കൂളുകളായി ഉയർത്തണം.
20. അഞ്ചു കുന്ന് യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണം.
21. [illegible]വാരം ഹൈസ്കൂളിലെ കിണർ വളരെ ആഴമുള്ളതാണ്. കൊച്ചു കുട്ടികൾക്ക് ജല[illegible]ലഭ്യമാ[illegible] വാട്ടർ ടാങ്ക്, പൈപ്പ് കണക്ഷൻ എന്നിവ ഉണ്ടാക്കണം. പനമരം എൽ. പി. സ്കൂൾ, [illegible]ഹൈസ്കൂൾ, കൈതയ്ക്കൽ എൽ.പി. സ്കൂൾ എന്നിവിടങ്ങളിലും ഇതാവശ്യമാണ്.

22. എല്ലാ സ്കൂളുകൾക്കും ആവശ്യമായ ലാബ്, ലൈബ്രറി, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ നൽകണം. പനമരത്ത് സ്പോർട്സ് സ്കൂൾ ആരംഭിക്കണം.

23. പനമരം ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് തുടങ്ങണം. കൂടാതെ ഈ ഹൈസ്കൂളിൽ N. C. C യുടെ നേവൽ യൂണിറ്റ് തുടങ്ങണം.

24. വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്നതിന് പഞ്ചായത്തു തലത്തിൽ സ്കൂൾ കോംപ്ലക്സുകൾ പുനരുജ്ജീവിപ്പിക്കണം. അധ്യാപകർക്കും കാലോചിതമായി ബോധന രീതിയിൽ വരുന്ന മാറ്റങ്ങൾ ക്കനുസരിച്ച് കോഴ്സുകളും നൽകണം. പഠന നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസ മേഖലയിലെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും ഈ കോംപ്ലക്സുകൾക്കു കഴിയും. പുതിയ വിദ്യാലയങ്ങൾ ഏതു മേഖലയിൽ അനുവദിച്ചാലും നിലവിലുള്ള സ്ഥാപനങ്ങൾക്ക് ദോഷം വരാത്ത രീതിയിൽ നിശ്ചിത അകലം പതിച്ചിരിക്കണം. എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധമായും പഠിപ്പിക്കാനുള്ള വ്യവസ്ഥകൾ ഉണ്ടാകണം.

25. ഐ. ടി. ഐ, പോളി ടെക്നിക്ക്, കമ്പ്യൂട്ടർ സെൻറർ തുടങ്ങിയവ ഈ പഞ്ചായത്തിൽ അനുവദിക്കണം. കൂടാതെ പനമരത്ത് പെൺകുട്ടികൾക്കായുള്ള ഹൈസ്കൂൾ ആരംഭിക്കണം.

26. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും പരമ്പരാഗത തൊഴിലുകൾക്കും പ്രാധാന്യം നൽകണം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കണം.

27. വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്തിച്ചേരാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്കൂളിനോടനുബന്ധിച്ചുള്ള റോഡുകൾ നന്നാക്കുകയും ബസ് റൂട്ടുകൾ ആരംഭിക്കുകയും ചെയ്യണം.

28. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ സാക്ഷരതാ പ്രവർത്തനം മെച്ചപ്പെടുത്തണം.

29. സ്കൂളുകളിൽ കുട്ടികളുടെ നിരക്ഷരത കുയയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും ഗണ്യമായ തോതിൽ നില നിൽക്കുന്നു. ഇതു മാറ്റിയെടുക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം.

30. വയനാടിൻെറ മധ്യഭാഗത്താണ് പനമരം സ്ഥിതിചെയ്യുന്നത്. കൽപ്പറ്റ, ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ നിന്നും തുല്യ അകലത്തിലാണിത്. അതിനാൽ സയൻസ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ പഠിപ്പിക്കാൻ കഴിയുന്ന ഒരു ഗവൺമെൻറ് കോളേജ് ഇവിടെ അത്യാവശ്യമായും ആരംഭിക്കണം.

31. ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന എൽ. പി., യു. പി. സ്കൂളുകളിൽ ക്ലാർക്കിനെ നിയമിക്കണം. പ്രൈമറി വിദ്യാലയങ്ങളിലെ ഹെഡ് മാസ്റ്റർമാരെയും മറ്റൊരദ്ധ്യാപകനെയും ക്ലാസ് ചുമതലയിൽ നിന്നും ഒഴിവാക്കണം. പി.ടി.എ ഫണ്ട് ഫലപ്രദമായി ഓഡിറ്റ് ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം.

32. സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കും സംശയ ദൂരീകരണത്തിന് പ്രയോജനകരമായി തീരത്തക്കവിധം വിപുലമായ പുസ്തക ശേഖരത്തോടു കൂടിയ ഒരു പൊതു വായന ശാല പനമരത്ത് ആരംഭിക്കേണ്ടതാണ്.

33. പനമരം സ്ഥാനമാക്കി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കണം.

34. ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ലാത്ത പനമരത്ത് ഗവ. കോളേജ് ആരംഭിക്കണം.

പത്തൊമ്പതാം നൂറ്റാണ്ടിൽ മെക്കാളെ പ്രഭു നടപ്പിലാക്കിയ വിദ്യാഭ്യാസ സമ്പ്രദായമാണ് നാം ഇന്നും ഏറെക്കുറെ പിൻതുടരുന്നത്. അവരുടെ ഭരണ സൗകര്യത്തിനായി ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച കുറെ ഗുമസ്ഥരെ വാർത്തെടുക്കൽ മാത്രമായിരുന്നു അവരുടെ ലക്ഷ്യം. മാനവ സമുദായമെന്ന വിശാല വീക്ഷണത്തെ ലാക്കാക്കിയുള്ള ഒരു വിദ്യാഭ്യാസ പദ്ധതിയാണ് നമുക്കിന്നാവശ്യം. നഴ്സറി തലം തൊട്ട് ആരംഭിക്കുന്ന വിദ്യാഭ്യാസ പദ്ധതിയിൽ സ്വഭാവ ശുദ്ധി, ദേശാഭിമാനം, സമത്വബോധം, തൊഴിലിനോടുള്ള ആഭിമുഖ്യം ഇവയെല്ലാം വളർത്തിയെടുക്കാൻ നമുക്ക് കഴിയണം.

ഒരു വിദ്യാർത്ഥി പാഠശാല വിട്ടിറങ്ങുമ്പോൾ ജാതി, മത, വർഗ്ഗ ചിന്തകൾക്കതീതമായി ചിന്തിക്കുന്നതിനും, ഏതെങ്കിലും ഒരു തൊഴിലിലെങ്കിലും പ്രാവീണ്യം നേടിയെടുക്കുന്നതിനും ഉപയുക്തമായ ഒരു വിദ്യാഭ്യാസ രീതിയാണ് നാം പിൻതുടരേണ്ടത്. അങ്ങനെയായാൽ നമ്മുടെ രാഷ്ട്ര പിതാവിൻെറ ഒരു സ്വപ്നം സഫലമാകും. രാജ്യം രൂക്ഷമായ തൊഴിലില്ലായ്മയിൽ നിന്നു മോചനം പ്രാപിക്കും. കൂട്ടായ്മയുടെയും സഹകരണമനോഭാവത്തിൻെറയും പൊൻപുലരി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പൊട്ടി വിരിയും.

5 സംസ്കാരം

സവിശേഷമായ ഒരു സാംസ്കാരിക പൈതൃകം പനമരം പഞ്ചായത്തിനുണ്ട്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതോടെ ഇവിടെ വിവിധ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനം സജീവമായി. 1950- 60 കാലഘട്ടത്തിൽ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ സിരാകേന്ദ്രമായി പ്രവർത്തിച്ചത് പഞ്ചായത്തിലെ അഞ്ചുകുന്ന്, ഏച്ചോം, വിളമ്പുകണ്ടം പ്രദേശമായിരുന്നു. പഞ്ചായത്തിലെ ഏക 'A' ഗ്രേഡ് ഗ്രന്ഥാലയമായ അഞ്ചുകുന്ന് ഗാന്ധി മെമ്മോറിയൽ 1949 -ൽ സ്ഥാപിതമായി. 1954 -ൽ പനമരത്ത് ആരംഭിച്ച കേരള ആർട്സ് ക്ലബ്ബാണ് പഞ്ചായത്തിലെ ആദ്യത്തെ റിക്രിയേഷൻ ക്ലബ്.

മത വിഭാഗങ്ങൾ

പഞ്ചായത്തിൽ ഹൈന്ദവർ, മുസ്ലീംകൾ, കൃസ്ത്യാനികൾ, ജൈനർ എന്നിങ്ങനെ വിവിധ മത വിഭാഗത്തിൽ പെട്ടവർ അധിവസിക്കുന്നു. ആദിവാസി വിഭാഗങ്ങളായ പണിയർ, കുറുമർ, കുറിച്യർ, അടിയർ, കാട്ടുനായ്ക്കർ തുടങ്ങിയവരും ഗണ്യമായ തോതിലുണ്ട്. ഏകദേശം 45 ഹിന്ദു ക്ഷേത്രങ്ങളും 15 മുസ്ലീം പള്ളികളും, 11 കൃസ്ത്യൻ പള്ളികളും, 3 ജൈന ക്ഷേത്രങ്ങളും ഉള്ളതായി കണക്കാക്കുന്നു. വിവിധ മതവിഭാഗങ്ങൾ സൗഹാർദ്ദത്തോടെ വസിക്കുന്നു. ഒരു നൂറ്റാണ്ട് പിന്നിട്ട ലൂർദ്ദ് മാതാ ദേവാലയത്തിലെ തിരുനാൾ വളരെ പ്രസിദ്ധമാണ്.

ഗ്രന്ഥശാലകളും വായനശാലകളും

സംസ്കാരത്തിന്റെ സിരാകേന്ദ്രങ്ങളാണ് ഗ്രന്ഥാലയങ്ങൾ. പ്രധാനമായും 3 ഗ്രന്ഥാലയങ്ങളാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്.

അഞ്ചു കുന്ന് പൊതുജന ഗ്രന്ഥാലയം, വിളമ്പുകണ്ടം ഇ. പി. കുട്ടി ശങ്കരൻ സ്മാരക വായനശാല, റിക്രിയേഷൻ ക്ലബ്ബ്, നെഹ്റു മെമ്മോറിയൽ ലൈബ്രറി അരിഞ്ചേർ മല എന്നിവയാണവ. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥാലയങ്ങളിൽ മാത്രം നടക്കുന്ന ഗ്രാമീണ വിജ്ഞാന കേന്ദ്രം പ്രവർത്തിക്കുന്ന ജില്ലയിലെ ഏക ഗ്രന്ഥാലയം കൂടിയാണിത്. കലാസാംസ്കാരിക രംഗത്തും സാമൂഹ്യ സേവന രംഗത്തും വിളമ്പുണ്ടം ഇ. പി. കെ. സ്മാരക ലൈബ്രറിയും ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. മുമ്പ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഏച്ചോം സർവോദയ വായനശാല ഇപ്പോൾ നാമാവശേഷമായിരിയ്ക്കുകയാണ്. പഞ്ചായത്തിൽ നിന്ന് 16 സ്ഥാപനങ്ങൾക്ക് പത്രം വാങ്ങുന്നതിനായി ധന സഹായം നൽകി വരുന്നു .

1995 - 96 വർഷത്തിൽ ഈ ഇനത്തിൽ 35880 രൂപ (ആകെ ചെലവിന്റെ 11.22%) പഞ്ചായത്ത് ചെലവഴിക്കുകയുണ്ടായി

III പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനം സംബന്ധിച്ച പട്ടിക

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	ആകെ പുസ്തകം	പ്രതി മാസ പുസ്തക വിതരണം	ആനുകാലികങ്ങളുടെ എണ്ണം	മറ്റു പ്രവർത്തനങ്ങൾ.
1	അഞ്ചു കുന്ന് പൊതു ജന ഗ്രന്ഥാലയം	1949	A	8450	1200	17	ഗ്രാമീണ വിജ്ഞാന വികസന കേന്ദ്രം നവജ്യോതി കയ്യെഴുത്ത് മാസിക. കാർഷിക കോർണർ സർഗ്ഗവേദി (യുവ വിഭാഗം)
2	ഇ. പി. സ്മാരക ലൈബ്രറി & റിക്രിയേഷൻ ക്ലബ്ബ് വിളമ്പുകണ്ടം	1969	A	2216	561	12	സാക്ഷരതാ പ്രവർത്തനം, രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, പരിസ്ഥിതി ക്യാമ്പ്, ദാന്നാ ഘോഷം, നേത്രപരിശോധനാ ക്യാമ്പ്, മണ്ണ്സംരക്ഷണ പദ്ധതി, വോളിബോൾ ടൂർണ്ണമെൻറ്, കായിക മൽസരങ്ങൾ
3	നെഹ്റു മെമ്മോറിയൽ ലൈബ്രറി അരിഞ്ചേർമല	1965	E	1781	170	2	കലാകായിക പ്രവർത്തനങ്ങൾ

വായനശാലകളിലും കലാകായിക സംഘടനകളിലും വനിതാ പങ്കാളിത്തം വളരെ കുറവാണ്. പ്രമുഖ മലയാള ദിനപ്പത്രങ്ങൾക്കും, ദ ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് തുടങ്ങിയവയ്ക്കും, പഞ്ചായത്തിൽ നല്ല സർക്കുലേഷനുണ്ട്. പഞ്ചായത്തിൽ ഏകദേശം 300 ടെലിവിഷനുകൾ ഉണ്ട്. രണ്ട് സിനിമാ ശാലകൾ ഈ പഞ്ചായത്തിലുണ്ട്.

ക്ലബ്ബുകളും കലാകായിക രംഗവും

1974-75 കാലയളവിൽ പനമരത്ത് വച്ച് ജില്ലാ തലത്തിൽ പഴശ്ശിരാജാ മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെൻറ് സംഘടിപ്പിയ്ക്കുകയുണ്ടായി. 1994 -ൽ അഞ്ചുകുന്ന് റിക്രിയേഷൻ ഗ്രൗണ്ടിൽ ജില്ലാ കബഡി ടൂർണ്ണ മെൻറ് നടത്തുകയുണ്ടായി. അഞ്ചുകുന്ന്, പാലുകുന്ന്, ചെറുകാട്ടൂർ, കാപ്പുംചാൽ , അരിഞ്ചേർമല, മലങ്കര, വിളമ്പുകണ്ടം എന്നിവിടങ്ങളിലെല്ലാം മികച്ച വോളിബോൾ-ബാഡ്മിൻറൺ ടീമുകൾ ഇപ്പോഴുമുണ്ട്. വിസമ്പു കണ്ടം ഇ. പി.കെ. സ്മാരക വോളിബോൾ ടൂർണ്ണമെൻറ് നടത്തിവരുന്നു. പനമരം റാസ്പ്പ് ക്ലബ്ബ് സംസ്ഥാന തല ഫുട്ബോൾ ടൂർണ്ണമെൻറിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവയ്ക്കുകയുണ്ടായി. പഞ്ചായത്തിൽ 30 ആർട് സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളുണ്ട്. ബ്രദേഴ്സ് അമ്മാനി, രാഗം പാതിരിയിമ്പം , വയനാട് ക്ലബ്ബ് കായകുന്ന്, ഐശ്വര്യ കായകുന്ന്, ജുവൻസ് കൈതയ്ക്കൽ, യൂത്ത് റിക്രിയേഷൻ അഞ്ചു കുന്ന്, നവോദയ പാലുകുന്ന്, ഉദയ ചെറു കാട്ടൂർ, സർഗ്ഗ കരിമം കുന്ന്, ചലഞ്ചേഴ്സ് നീർവാരം, റാസ്പ് പനമരം, അറുമൊട്ടകുന്ന് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് എന്നിവ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഇവ കൂടാതെ ഏകദേശം 12 ക്ലബ്ബുകളും പഞ്ചായത്തിലുണ്ട്.

ക്ലബ്ബുകളിൽ മിക്കതിനും സ്വന്തമായ കെട്ടിടമോ, സ്ഥലമോയില്ല. 10 വാർഡുകളിൽ പഞ്ചായത്ത് ഭവനുകൾ ഉണ്ട്. കലാകായിക പ്രതിഭകളെ പ്രോൽസാഹിപ്പിക്കാൻ കേരളോൽസവം സംഘടിപ്പിക്കാറുണ്ട്. 8 -ാം വാർഡിലെ കെ. ടി. വർഗ്ഗീസിന്, ഡിസ്നിയിൽ വച്ച് നടത്തിയ ലോക പോലീസ് മീറ്റിൽ ഒന്നാം സ്ഥാനം ലഭിച്ചത് നമ്മുടെ പഞ്ചായത്തിന് അഭിമാനിയ്ക്കാവുന്നതാണ്.

സാംസ്കാരിക മേഖലയിൽ ഉയർച്ച കൈവരിയ്ക്കുന്നതിനായി ചില നിർദ്ദേശങ്ങളും ആവശ്യങ്ങളും ചുവടെ ചേർക്കുന്നു.

1. 8, 13 വാർഡുകളിൽ പഞ്ചായത്ത് ഭവൻ സ്ഥാപിയ്ക്കണം. 7 -ാം വാർഡിലെ പഞ്ചായത്ത് ഭവൻ കെട്ടിടത്തിൻെറ പണി അടിയന്തിരമായി പൂർത്തിയാക്കണം. പഞ്ചായത്തു ഭവൻ ഉള്ളവ തന്നെ ഉദ്ദേശിച്ച ഫലം ഉളവാക്കുന്നില്ല. മിക്ക സാംസ്കാരിക നിലയങ്ങളിലും അംഗൺവാടികൾ പ്രവർത്തിക്കുകയാണ്. അംഗൺ വാടിയ്ക്ക് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവയിൽ കലാ-കായിക വികസനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

2 അഞ്ചു കുന്ന് പൊതു ഗ്രന്ഥാലയത്തിന് കെട്ടിടനിർമ്മാണത്തിനാവശ്യമായ ഗ്രാൻറ് അനുവദിക്കണം.

3 അമ്പെയ്ത്തിൽ സംസ്ഥാനാന്തര മൽസരത്തിൽ പങ്കെടുത്തവർ ഈ പഞ്ചായത്തിലുണ്ട്. ഏച്ചോത്ത് ഒരു അമ്പെയ്ത്ത് പരിശീലനകേന്ദ്രം സ്ഥാപിയ്ക്കണം.

4 പനമരത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിയ്ക്കണം.

5 പനമരം ടൗണിൽ കലാ-കായിക പരിശീലനത്തിന് സംവിധാനമുള്ള ഒരു സാംസ്ക്കാരിക നിലയവും അതോടനുബന്ധിച്ച് ഒരു റഫറൻസ് ലൈബ്രറിയും സ്ഥാപിയ്ക്കണം.

6 പഞ്ചായത്തിലെ ഹൈസ്കൂളുകൾ, യു. പി. സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് കായിക പരിശീലനം കാര്യക്ഷമമാക്കണം. പ്രതിഭകൾക്ക് അർഹമായ പ്രോൽസാഹനം നൽകണം. നാലുവർഷത്തിലൊരിക്കൽ പഞ്ചായത്ത് ഒളിമ്പിക്സ് സംഘടിപ്പിയ്ക്കണം.

7 8 -ാം വാർഡിലെ നിക്കുംനാടി കുളം വികസിപ്പിച്ചാൽ നീന്തൽ കുളമായി മാറ്റാവുന്നതാണ്.

8 7 -ാം വാർഡിലെ കൊളത്തറ കുളം നീന്തൽ കുളമാക്കി മാറ്റാവുന്നതാണ്.

9 12 -ാം വാർഡിലെ ആര്യന്നൂർ കുളം വികസിപ്പിച്ച് നീന്തൽ കുളമായി ഉപയോഗിയ്ക്കാം.

10 ഏച്ചോം സർവ്വോദയ വായനശാല പുനരാരംഭിയ്ക്കണം. വിളമ്പുകണ്ടം, അരിഞ്ചേർ മല ലൈബ്രറി കൾക്ക് പുസ്തകം വാങ്ങാൻ ധനസഹായം നൽകണം. കായക്കുന്ന് രണ്ട് ക്ലബ്ബുകൾക്ക് കെട്ടിട സൗകര്യമുണ്ട്. അവിടെ ലൈബ്രറി സ്ഥാപിയ്ക്കണം.

11 വിവിധ പഞ്ചായത്ത് ഭവനുകളിൽ പത്രമാസികകൾ അനുവദിക്കണം. 6 -ാം വാർഡിൽ അഞ്ചുകുന്ന്, 8 -ാം വാർഡിൽ മലങ്കര, 10 -ാം വാർഡിൽ കരിമ്പുമ്മിൽ, 9 -ാം വാർഡിൽ പാറയ്ക്കൽ, 13 -ാം വാർഡിൽ പുഞ്ചവയൽ എന്നിവിടങ്ങളിൽ വായനശാലകൾ സ്ഥാപിക്കണം. എല്ലാ ക്ലബ്ബുകൾക്കും പത്രം അനുവദിക്കണം.

12 പഞ്ചായത്തിലെ എല്ലാ പഞ്ചായത്തു ഭവനുകളിലും ആദിവാസി കോളനികളിലും അഞ്ചുകുന്ന് പൊതുജന ഗ്രന്ഥാലയത്തിലും, പനമരം പഞ്ചായത്ത് ബസ്റ്റാൻറിലും പൊതു ടി. വി സ്ഥാപിക്കണം.

13 പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ ലഭ്യമാക്കണം.

14 കൈതക്കൽ നാലാം വാർഡ് അറുമുട്ടം കുന്ന് പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബിൽ ലൈബ്രറി ആരംഭിക്കുകയും ടി. വി. സ്ഥാപിക്കുകയും ചെയ്യുക.

15 ചെറുകാട്ടൂർ പള്ളിക്കു സമീപം സാംസ്കാരിക നിലയം പണിയുക.

16 ആദിവാസി വിഭാഗങ്ങളുടെ തനതു സംസ്കാരം നിലനിർത്തുന്നതിനാവശ്യമായ ശ്രമങ്ങളുടെ ഭാഗമായി ആദിവാസി ക്ലബ്ബുകൾക്ക് ധനസഹായം നൽകുക.

6 പൊതുജനാരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

- പൊതുജന ആരോഗ്യം -

ഗ്രാമ പഞ്ചായത്തുകളുടെ വികസനത്തിലും പുരോഗതിയിലും എന്തുകൊണ്ടും പ്രഥമ പരിഗണന അർഹിക്കുന്ന വിഷയമാണ് ആരോഗ്യ സേവന രംഗം. വികസന പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായി വേണ്ട മനുഷ്യ വിഭവ ശേഷിക്ക് കോട്ടം തട്ടാതിരിക്കണമെങ്കിൽ ആരോഗ്യമുള്ള ജനസമ്പത്ത് ഉണ്ടായിരിക്കണം. രോഗ ചികിൽസാ രംഗത്തും രോഗ പ്രതിരോധ രംഗത്തും ശാസ്ത്രീയവും കാലോചിതവുമായ പ്രവർത്തനങ്ങൾക്ക് രൂപ രേഖ തയ്യാറാക്കണം. ആരോഗ്യ സേവനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ നില നിറുത്താനും ഭാവിയിൽ കൂടുതൽ ഊർജ്ജിതമായി പ്രവർത്തിപ്പിക്കുന്നതിനും ഏകീകൃതമായ ആരോഗ്യ പദ്ധതികൾ ഉണ്ടാകേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്.

വയനാട് ജില്ലയുടെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന പനമരം ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 3682 ആണ്. 1996 ൽ ജനസംഖ്യ 45,000 കവിഞ്ഞിരിക്കുന്നു. ജനസംഖ്യയിൽ 34 % ആദിവാസികളായതിനാൽ ഈ വിഭാഗത്തിന്റെ ആരോഗ്യ രക്ഷയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ആരോഗ്യ ക്ഷേമ പദ്ധതികൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

പ്രതിവർഷം 650 സജീവ ജനനം നടക്കുന്ന പഞ്ചായത്തിന്റെ ജനന നിരക്ക് ആയിരം ജനസംഖ്യക്ക് 17 ആണ്. മരണ നിരക്ക് ആയിരത്തിന് 4 ആണ്. കഴിഞ്ഞ ഒന്നര വർഷമായി പഞ്ചായത്തിൽ മാതൃമരണം ഉണ്ടായിട്ടില്ല. ശിശു മരണം വർഷത്തിൽ രണ്ടിൽ താഴെ മാത്രമാണ്. പോഷകാഹാരക്കുറവ് മൂലമുള്ള അസുഖങ്ങളാലാണ് ശിശുമരണം സംഭവിക്കുന്നത്. മാത്രമല്ല ആദിവാസി മേഖലയിലാണ് ഇവ ഉണ്ടാകുന്നത്.

ജനസംഖ്യയിൽ ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 670 ആണ്. ഒരു വയസ്സിനും അഞ്ചു വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവർ 1988 ഉം, ആറു മുതൽ പന്ത്രണ്ട് വയസ്സുവരെയുള്ളവർ 6118 ഉം അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവർ 4318 ഉം ആണ്. ജനസംഖ്യയുടെ മൂന്നിലൊന്നോളം വരുന്ന ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി നൂതന പദ്ധതികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു - അംഗവൈകല്യം ബാധിച്ചവരുടെ എണ്ണം 46 ആണ്.

രോഗാതുരത

1995-96 വർഷത്തിൽ 761 ജലജന്യരോഗങ്ങളും, 34 വായു ജന്യ രോഗങ്ങൾ, 124 പ്രാണി ജന്യ രോഗങ്ങൾ 38,870 മറ്റു രോഗങ്ങൾ എന്നിവ റിപ്പോർട്ടു ചെയ്യപ്പെട്ടു.

ക്ഷയരോഗ ചികിൽസ എടുക്കുന്ന രോഗികളുടെ എണ്ണം 11 ആണ്. ആദിവാസികളുടെ ഇടയിലാണ് ക്ഷയരോഗം കൂടുതലായി കണ്ടു വരുന്നത്. പോഷകാഹാരക്കുറവുമൂലം രോഗപ്രതിരോധ ശക്തി ക്ഷയിക്കുന്നതിനാലാണ് ആദിവാസികൾക്ക് ഈ രോഗം പെട്ടെന്ന് പിടിപെടുന്നത്. മാനന്തവാടിയിലുള്ള ജില്ലാ ടി.ബി സെൻററിൽ നിന്നാണ് ക്ഷയരോഗ ചികിൽസ നടത്തുന്നത്. കുഷ്ഠരോഗ ചികിൽസ എടുക്കുന്ന 10 രോഗികൾ ഈ പഞ്ചായത്തിലുണ്ട്. ജില്ലാ ആശുപത്രിയിൽ നിന്നാണ് ചികിൽസിക്കുന്നത്.

ആദിവാസി വിഭാഗങ്ങൾക്കിടയിൽ കണ്ടു വരുന്ന മെറ്റാരു രോഗമാണ് സിക്കിൾസെൽ അനീമിയ. പത്തു ശതമാനത്തോളം പേർക്ക് രോഗബാധയുള്ളതായി കണ്ടിട്ടുണ്ട്. ഇതിനെതിരെ വ്യാപകമായ ബോധവൽക്കരണം ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ പ്രതിവർഷം രണ്ടോ മൂന്നോ മലമ്പനി രോഗികൾ ഉണ്ടാകാറുണ്ട്. അവ അന്യ സംസ്ഥാനങ്ങളിൽ പോയി വരുന്നവരാണ് ഇവിടെ കൊണ്ടു വരുന്നത്. വിവിധോദ്ദേശ്യ ആരോഗ്യ പരിപാടിയുടെ ഭാഗമായി ആരോഗ്യ പ്രവർത്തകൻമാർ ഗൃഹസന്ദർശനം നടത്തി പനിയുള്ളവരുടെ രക്തം പരിശോധനയ്ക്കായി എടുക്കുന്നുണ്ട്. സംസ്ഥാനത്തുനിന്നും നിർമ്മാർജ്ജനം ചെയ്ത മലമ്പനി തിരിച്ചുവരാതിരിക്കാൻ ആരോഗ്യ പ്രവർത്തകർ ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ബോധവൽകരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്.

കഴിഞ്ഞ ഒരു വർഷമായി വിവിധ ചികിൽസാ രീതികൾ ഉപയോഗിച്ച് ചികിൽസ നടത്തിയ രോഗങ്ങളുടെ എണ്ണം ഇനി പറയും പ്രകാരമാണ്. ശ്വാസകോശ സംബന്ധമായവ 12,167, വിരരോഗങ്ങൾ 6,370, വയറിളക്കം 3369, ത്വക്ക് രോഗങ്ങൾ 6210, വാത രോഗങ്ങൾ 14,724, വിഷ ചികിൽസ 56.

പഞ്ചായത്തിൽ 63% കുട്ടികൾക്കും പോഷകാഹാരക്കുറവു മൂലമുള്ള രോഗങ്ങൾ ഉണ്ട്. ഊർജ്ജിത ശിശു വികസന പദ്ധതിയുടെയും, സ്കൂൾ ആരോഗ്യ പരിപാടിയുടെയും, ഉച്ചക്കഞ്ഞി പരിപാടിയുടെയും പ്രയോജനം മുഴുവൻ കുട്ടികൾക്കും ലഭിക്കുന്നില്ല. പഞ്ചായത്തിലുള്ള 31 അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. 6 വയസ്സിനു താഴെ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും അതാത് പ്രദേശത്തുള്ള അംഗൻവാടിയിൽ നിന്നും പോഷ കാഹാരം ലഭ്യമാക്കണം. ആദിവാസി കുട്ടികളെ അംഗൻവാടികളിലേക്ക് ആകർഷിക്കാനും അവരുടെ ന്യൂന പോഷണ അവസ്ഥയും രോഗങ്ങളും പരിഹരിക്കാനും നടപടിയുണ്ടാകണം. സ്കൂൾ ചെക്കപ്പ് കാര്യക്ഷമമായി നടത്തണം. സ്കൂൾ ആരോഗ്യ പരിപാടിക്ക് മാത്രമായി ഒരു വിദഗ്ദ്ധ ഡോക്ടറടങ്ങുന്ന ടീം സ്ഥിരമായി പ്രവർത്തി ക്കണം. ഉച്ചക്കഞ്ഞി എല്ലാ കുട്ടികൾക്കും നൽകാൻ പദ്ധതി തയ്യാറാക്കണം.

വിദഗ്ദ്ധ ചികിൽസക്കുവേണ്ടി ജനങ്ങൾക്ക് 16 കി. മി. അകലെയുള്ള മാനന്തവാടി ജില്ലാ ആശുപത്രി, 36 കി. മി. അകലെയുള്ള ബത്തേരി, 20 കി. മി. അകലെയുള്ള കൽപ്പറ്റ എന്നിവിടങ്ങളിലുള്ള ആശുപത്രികളിലേക്ക് പോകേണ്ടി വരുന്നു.

ആരോഗ്യ സ്ഥാപനങ്ങളും- സേവനങ്ങളും-

പനമരം ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളും ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവനങ്ങളും താഴെപ്പറയുന്നു.

1949 വരെ പഞ്ചായത്തിൽ കാര്യമായ ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. പാരമ്പര്യ ചികിൽസകരും ഒറ്റ മൂലി ചികിൽസകരുമായിരുന്നു രംഗത്തുണ്ടായിരുന്നത്. പച്ചമരുന്നുപയോഗിച്ചുള്ള ഒറ്റ മൂലി പ്രയോഗമായിരുന്നു അവയിൽ പ്രധാനമായും ഉണ്ടായിരുന്നത്. ആദിവാസികളുടെ ഇടയിൽ പച്ചമരുന്ന് പ്രയോഗവും, തുടികൊട്ടിപ്പാടി രോഗമകറ്റുന്ന രീതിയുമാണ് അടുത്ത കാലം വരെ ഉണ്ടായിരുന്നത്. അപൂർവ്വം കോളനികളിൽ ഇന്നും അന്ധ വിശ്വാസങ്ങളുടെ പിടിയിൽ നിന്നും പൂർണ്ണമായും മോചനം നേടിയിട്ടില്ല.

1949 ൽ നെല്ലാറാട്ടം പിന്നീട് പനമരത്തങ്ങാടിയിലുള്ള വാടകകെട്ടിടത്തിലും തുടർന്ന് കോട്ടക്കുന്നിലും പ്രവർത്തനം ആരംഭിച്ച ഗവ. റൂറൽ ഡിസ്പെൻസറിയായിരുന്നു പഞ്ചായത്തിലെ ആധുനിക ചികിൽസാ രംഗത്തെ പ്രഥമ സ്ഥാപനം. ആദിവാസികളുടെയും കുടിയേറ്റക്കാരുടെയും ഏക ആശ്രയമായിരുന്ന ഈ സ്ഥാപനത്തിൽ ചികിൽസ നടത്തിയവരിൽ പ്രമുഖൻ യശഃശരീരനായ ഡോ. വി. കെ. ജി. നമ്പ്യാരായിരുന്നു.

പനമരം, നടവയൽ, കേണിച്ചിറ, പുൽപ്പള്ളി, ഏച്ചോം, നീർവാരം, ചെറുകാട്ടൂർ, അഞ്ചുകുന്ന്, വിളമ്പുകണ്ടം, പച്ചിലക്കാട് , കണിയാമ്പറ്റ തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളുടെ ഏക ആശ്രയമായ ഈ സ്ഥാപനം മലബാർ കുടിയേറ്റത്തിന്റെ ഒന്നാംഘട്ടമായ കാലഘട്ടത്തിൽ മാരക രോഗങ്ങളായ വസൂരി, മലമ്പനി എന്നിവ യ്ക്കെതിരെയുള്ള പ്രവർത്തനത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

1962 ലാണ് ഗവ. റൂറൽ ഡിസ്പെൻസറിക്ക് സ്വന്തമായി ഒരു കെട്ടിടമുണ്ടാകുന്നത്. പനമരം പഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറായിരുന്ന ഉദാര മനസ്കനും പൊതുകാര്യ പ്രവർത്തകനുമായിരുന്ന യശഃശരീരനായ പാലുകുന്ന് ശ്രീ. ചന്ദ്രയ്യ ഗൗഡരായിരുന്നു ഇക്കാര്യത്തിൽ മുൻകൈ എടുത്തത്. ആശുപത്രിക്ക് പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിടത്തിന്റെ പ്രധാന കെട്ടിടം നിർമ്മിച്ച് സംഭാവന നൽകി അദ്ദേഹം മാതൃക കാട്ടി. യശഃശരീരനായ ശ്രി. പരിയാരത്ത് കൃഷ്ണൻ നമ്പ്യാർ, യശഃശരീരനായ ശ്രീ നീർവാരത്ത് രാമചന്ദ്ര ഗൗഡർ എന്നിവർ പ്രധാന കെട്ടിടത്തോട് ചേർന്ന് രണ്ട് വശങ്ങളിലുമായി മറ്റു രണ്ട് കെട്ടിടവും നിർമ്മിച്ച് സംഭാവന ചെയ്തു. ആകെ 20 കിടക്കകളുള്ള വാർഡും, ഡിസ്പെൻസറി, കൺസൾട്ടിംഗ് റൂം, നേഴ്സിംഗ് റൂം എന്നിവ ഉൾക്കൊണ്ടതായിരുന്നു പ്രസ്തുത കെട്ടിടം.

വർഷങ്ങൾക്കു ശേഷം റൂറൽ ഡിസ്പെൻസറി പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. 1984 ൽ ആരംഭിച്ച ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി 12 കിടക്കകളുള്ള മെറ്റേർണിറ്റി വാർഡ്, ഓപ്പറേഷൻ തീയേറ്റർ, ലബോറട്ടറി മുതലാവയ സൗകര്യങ്ങൾ ഉൾപ്പെടുന്ന കെട്ടിടം നിർമ്മിച്ചു. 1987 ൽ കെട്ടിടം പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് നിർമ്മിച്ചു നൽകിയ 10 കിടക്കകളുള്ള വാർഡ് ഉൾപ്പെടെ 42 കിടക്കകളുള്ള ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് ഇന്നുള്ളത്.

കഴിഞ്ഞ നാലുവർഷങ്ങളിലെ കണക്കു പ്രകാരം ശരാശരി ഓരോ വർഷവും 16518 രോഗികൾ ഒ. പി. വിഭാഗത്തിലും, ഇൻപേഷ്യൻറ് വിഭാഗത്തിൽ 720 രോഗികളും ഈ സ്ഥാപനത്തിൽ ചികിൽസക്കെത്തിയിട്ടുണ്ട്. സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഏകദേശം പന്ത്രണ്ടായിരത്തോളം രോഗികൾ മാനന്തവാടി ജില്ലാ ആശുപത്രി,കൽപ്പറ്റ, ബത്തേരി എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രിയിലേക്കും ചികിൽസക്ക് പോകേണ്ടതായി വരുന്നു.

പനമരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ അടിയന്തിരമായ വികസനം കണക്കിലെടുത്താണ് ഏതാണ്ട് പത്ത് വർഷത്തിലെറെക്കാലമായി ഈ സ്ഥാപനം താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് ജനങ്ങളും മറ്റു സംഘടനകളും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. താലൂക്ക് ആശുപത്രിയായി ഉയർത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ ജനസംഖ്യയിൽ 34% ആദിവാസികൾക്കും മറ്റ് സാധാരണ ജനങ്ങൾക്കും വിദഗ്ദ്ധ ഡോക്ടർ മാരുടെ സേവനം ഉറപ്പു വരുത്താൻ കഴിയും. ആസൂത്രണ വികസന പരിപാടിയിൽ ഉൾപ്പെടുത്തി ആവശ്യമായ കെട്ടിടം, വിദഗ്ദ്ധ ഡോക്ടർമാർ, ജീവനക്കാർ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം. ഇതിനാ വശ്യമായ തുക പദ്ധതിയിൽ വകയിരുത്തണം. ജീവനക്കാർക്ക് താമസിക്കാനായി ഇപ്പോഴുള്ളത് ഒരു ഡോക്ടർ ക്വാർട്ടേഴ്സ്, ഒരു സ്റ്റാഫ് നേഴ്സ് ക്വാർട്ടേഴ്സ്, ഒരു ജെ. പി. എച്ച്. എൻ. ക്വാർട്ടേഴ്സ് എന്നിവ മാത്രമാണ്. ആവശ്യമായ സൗകര്യം അത്യാവശ്യമായി ഏർപ്പെടുത്തിയാൽ ഇക്കാര്യത്തിലുള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.

പനമരം **I P P** സെൻററിൽ 17 മുറികൾ ഉണ്ട്. **I P P** യിലെ അഞ്ചു ജീവനക്കാർ മാത്രമാണ് താമസിക്കുന്നത്. ഈ സ്ഥാപനം തുടങ്ങിയ കാലം മുതൽ പത്തോളം മുറികൾ ഉപയോഗിക്കാറില്ല. അതിനാൽ പനമരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർക്ക് കൂടി ഇതിൽ താമസിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

ഡോക്ടറടക്കം ചികിൽസാ രംഗത്ത് 18 ജീവനക്കാരും പ്രതിരോധ രംഗത്ത് ഒരു ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, അഞ്ചു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, 7 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവർ ഉൾപ്പെടെ 32 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ ഉള്ളത്.

പനമരം പഞ്ചായത്തിന്റെ 4, 5, 6 വാർഡുകളിലുള്ള 2 വീതം ജൂനിയർ എച്ച്. ഐ. മാരും, ജൂനിയർ പി. എച്ച്. എൻ. മാരും പൊരുന്നനൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലാണ്.

ആരോഗ്യ കേന്ദ്രത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പാർട്ട്ടൈം സ്വീപ്പർ തസ്തിക യില്ലാത്തതിനാൽ ശുചീകരണ പ്രവർത്തനം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കൂടാതെ ഇത്രയും ജീവക്കരുള്ള സ്ഥാപനത്തിൽ പിയൂൺ തസ്തികയില്ലാത്തതും ബുദ്ധിമുട്ടുണ്ടാക്കുന്നു.

സ്വന്തമായി ഉണ്ടായിരുന്ന വാഹനം കേടായിട്ട് രണ്ടു വർഷത്തിലേറെയായി. വാഹന ലഭ്യത ഇല്ലാത്തതിനാൽ ആദിവാസി കോളനികളിൽ നടത്തേണ്ട മെഡിക്കൽ ക്യാമ്പുകൾ, കുത്തിവെപ്പു ക്യാമ്പുകൾ , സബ്സെൻറർ സന്ദർശനം, എന്നിവ നടത്താൻ പലപ്പോഴും കഴിയാറില്ല.

പനമരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ രോഗ ചികിൽസയോടൊപ്പം പ്രതിരോധ ചികിൽസയ്ക്കും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമാണ് മുൻഗണന നൽകുന്നത്.

ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 7 ആരോഗ്യ ഉപകേന്ദ്രങ്ങളും പൊരുന്നന്നൂർ കേന്ദ്രത്തിന്റെ നിയന്ത്രണത്തലുള്ള രണ്ടു ഉപകേന്ദ്രങ്ങളും ഉൾപ്പെടെ ഈ പഞ്ചായത്തിൽ 9 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പോഷകാഹാരം മാതൃ ശിശു സംരക്ഷണം രോഗ പ്രതിരോധകുത്തിവെപ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണം എന്നിവ ഈ ഉപകേന്ദ്രങ്ങൾ വഴിയാണ് നടത്തുന്നത്. ഈ രംഗത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, എന്നിവർ പ്രവർത്തിക്കുന്നു. ഗൃഹ സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ച് പകർച്ചവ്യാധി നിയന്ത്രണം, പ്രതിരോധ ചികിൽസ, കുടിവെള്ളം ശുദ്ധീകരിക്കൽ, മലമ്പനി നിർമ്മാർജ്ജനം, ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്, ശുചിത്വ ബോധവൽക്കരണം എന്നിവ നടത്തി റിപ്പോർട്ട് ചെയ്യുന്നു.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്
1	ഐ. പി. പി. സബ് സെൻറർ നടവയൽ	I
2	ഗവ. ഹോമിയോ ഡിസ്പെൻസറി നീർവാരം	
	ഐ. പി. പി. സെൻറർ നീർവാരം	II
3	ഐ. പി. പി. സബ് സെൻറർ ചെറുകുട്ടൂർ	III
4	ഐ. പി. പി. സബ് സെൻറർ കൂളിവയൽ	IV
5	ജില്ലാ ഹോമിയോ ആശുപത്രി ട	
6	ഐ. പി. പി. സബ്സെൻറർ അഞ്ചു കുന്ന്	VI
7		VII
8	ഐ. പി. പി. സബ് സെൻറർ വിളമ്പു കണ്ടം	VIII
9	ഐ. പി. പി. സബ്സെൻറർ ഏച്ചോം	
	ഗവ. ആയുർവേദ ഡിസ്പെൻസറി ഏച്ചോം	IX
10	ഐ. പി. പി. സബ്സെൻറർ അരിഞ്ചേർ മല	X
11	പ്രാഥമിക ആരോഗ്യ കേന്ദ്രം പനമരം	XI
12		XII
13		XIII

നടവയൽ സബ്സെൻറർ പൊളിഞ്ഞു കിടക്കുകയാണ്. അതിനാൽ ക്ലിനിക്കുകൾ പരക്കുനി, പരിയാരം എന്നിവിടങ്ങളിലെ അംഗനവാടികളിൽ വെച്ചാണ് നടത്തുന്നത്. വിളമ്പുകണ്ടം ഐ. പി. പി. സബ്സെൻറർ നഴ്സസ് ഹെഡ്ക്വാർട്ടേഴ്സ് ഉപയോഗിക്കുന്നില്ല. ആഴ്ചയിലൊരിക്കലെങ്കിലും ഈ കേന്ദ്രത്തിൽ ഡോക്ടറുണ്ടാകണം.

കേന്ദ്ര സർക്കാർ അംഗീകരിച്ച മാനദണ്ഠമനുസരിച്ച് ആദിവാസി, കുന്നും പ്രദേശ മേഖലകളിൽ 2,500 ജന സംഖ്യക്ക് ഒരു ജൂനി. ഹെൽത്ത് ഇൻസ്പെക്ടറും ഒരു ജൂനി. പബ്ലിക് ഹെൽത്ത് നേഴ്സുമാണ് വേണ്ടത്. എന്നാൽ നിലവിൽ 6,000, മുതൽ 8,000 വരുന്ന ജനസംഖ്യക്ക് ഒരു പ്രവർത്തകനും പ്രവർത്തകയും മാത്രമേയുള്ളൂ. കൂടുതൽ മെച്ചമായ രീതിയിൽ നടത്താൻ ഇക്കാര്യത്തിൽ അടിയന്തിര പരിഹാരം കാണേണ്ടിയിരിക്കുന്നു.

ആരോഗ്യ രംഗത്ത് ചികിൽസയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന പ്രവണതയാണ് ഇന്നുള്ളത്. അതിനാൽ വളരെ പ്രാധാന്യമുള്ള രോഗപ്രതിരോധ രംഗം അവഗണിക്കപ്പെടുന്നു. വികസന പരിപാടികളിൽ ശാസ്ത്രീയമായ കാഴ്ചപാടോടെ പദ്ധതികൾക്ക് രൂപം നൽകണം. പ്രതിരോധ ചികിൽസാ രംഗത്ത് പ്രവർത്തിക്കുന്നവരുടെ കർമ്മശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തണം.

ആയുർവേദ ചികിൽസാ രംഗം

പനമരം പഞ്ചായത്തിൻെറ IX -ാം വാർഡിൽ ഏച്ചോം എന്ന സ്ഥലത്ത് ഒരു സർക്കാർ ആയുർവേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതിനാലും സ്ഥിരമായി ഡോക്ടറില്ലാത്തതിനാലും ചികിൽസാ രംഗം പ്രശ്നം നേരിടുന്നു. ഒരു ഫാർമസിസ്റ്റ്, ഒരു അറ്റൻഡർ എന്നിവരാണ് ഇപ്പോഴത്തെ ജീവനക്കാരായുള്ളത്. ഈ ആശുപത്രിയുടെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

ഒരു വർഷം ശരാശരി 4988 രോഗികൾ ഇവിടെ ചികിൽസ തേടിയെത്തുന്നുണ്ട്. പ്രധാനമായും വാതരോഗം, കണ്ണു രോഗം, തൊക്കു രോഗം, വിഷ ചികിൽസ എന്നിവയാണിവിടെ ചികിൽസിക്കപ്പെടുന്നത്. സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുകയും, മറ്റു ജീവനക്കാരെയും, ആവശ്യമായ മരുന്ന്, രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സധകര്യം എന്നിവ ഏർപ്പെടുത്തിയാൽ ഈ സർക്കാർ ആതുരാലയം ജനങ്ങൾക്ക് കൂടുതൽ ഉപകാര പ്രദമാകും.

ഹോമിയോ ചികിൽസാ രംഗം

സർക്കാർ ഉടമസ്ഥതയിൽ II -ാം വാർഡിൽ നീർവാരം എന്ന സ്ഥലത്ത് ഒരു ഹോമിയൊ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനത്തിൽ 4 ജീവനക്കാരുണ്ട്. സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യമായ ഫർണിച്ചറുകൾ ഇല്ല. മരുന്നുകൾ വെയ്ക്കാനുള്ള റാക്കുകൾ പോലുമില്ലാത്ത ഈ സ്ഥാപനത്തിൻെറ അവസ്ഥ ശോചനീയമാണ്.

ഓരോ വർഷവും ശരാശരി 18,428 രോഗികൾ ഇവിടെ ചികിൽസക്കായി എത്തുന്നുണ്ട്. പ്രധാനമായും, ത്വക്ക് രോഗം, വാത രോഗം, കണ്ണുരോഗം എന്നിവയ്ക്കാണ് ഇവിടെ ചികിൽസ നൽകുന്നത്. കോളറക്കെതിരെയും, കണ്ണു രോഗത്തിനെതിരെയും ഫല പ്രദമായ മരുന്നുകൾ ഈ സ്ഥാപനത്തിൽ ലഭ്യമാണ്.

കൂടാതെ V -ാം വാർഡിൽ ഹോമിയോ ജില്ലാ ആശുപത്രി പ്രവർത്തിക്കുന്നു. സ്വന്തമായ കെട്ടിടം ഇനിയും പൂർത്തിയായിട്ടില്ല. ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ഇതിനൊക്കെ പുറമെ സ്വകാര്യ മേഖലയിൽ മൂന്നു അലോപ്പതി ആശുപത്രികളും മൂന്നു ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. അഞ്ചു ആയുർവേദ ക്ലിനിക്കുകൾ, നാല് ഹോമിയോ ക്ലിനിക്കുകൾ എന്നിവയാണ് മറ്റു ആരോഗ്യ സ്ഥാപനങ്ങൾ.

11 -ാം വാർഡിൽ ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് ട്രെയിനിംഗ് സെൻറർ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യാ പോപ്പുലേഷൻ കാലഘട്ടത്തിൽ ആരംഭിച്ച ഈ സ്കൂളിൽ നിന്ന് ഓരോ ബാച്ചിലും 40 പെൺകുട്ടികൾ വീതം പഠനം പൂർത്തിയാക്കുന്നുണ്ട്. ഒന്നര വർഷം നീണ്ട ട്രെയിനിംഗ് കാലത്ത് വിദ്യാർത്ഥിനികൾക്ക് താമസിച്ചു പഠിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്. പ്രധാനമായും വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലുള്ള പെൺകുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

കുടിവെള്ളം

നമ്മുടെ ആരോഗ്യത്തിന് ശുദ്ധവായു, ആഹാരം, പാർപ്പിടം എന്നിവയ്ക്കുള്ളതുപോലെ പ്രാധാന്യമുള്ള ഒന്നാണ് ശുദ്ധജലം. ശുദ്ധജലത്തിന്റെ ലഭ്യത കുറയുമ്പോൾ ജനങ്ങൾ മലിനജലം ഉപയോഗിക്കുവാൻ നിർബന്ധിതരായി തീരുന്നു. ഇന്ന് ആശുപത്രികളിലും മറ്റു ആരോഗ്യ കേന്ദ്രങ്ങളിലും ചികിൽസക്കെത്തുന്ന രോഗികളിൽ 70%ത്തിനും കുടിക്കുവാൻ ശുദ്ധജലം ലഭിക്കാത്തതുകൊണ്ടും, സുരക്ഷിതമായ കക്കൂസ് ഇല്ലാത്തതുകൊണ്ടും ഉണ്ടാകുന്ന രോഗങ്ങളാണെന്ന് ഡോ.പൈ കമ്മീഷൻ റിപ്പോർട്ടിൽ അടിവരയിട്ടു പറയുന്നുണ്ട്.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 8652 വീടുകളിൽ 50% വീടുകളിൽ മാത്രമേ ശുദ്ധജലം ലഭിക്കുന്നുള്ളൂ. നിലവിൽ പഞ്ചായത്തിൽ 22 പൊതു കിണറുകളും19 കുഴൽ കിണറുകളും 202 കേണികൾ , 270 വാട്ടർ ടാപ്പുകൾ സ്വകാര്യ ഉടമസ്ഥതയിൽ 3815 കിണറുകൾ എന്നിവയുണ്ട്. ഇതിൽ 19 കുഴൽ കിണറുകളും റിപ്പെയർ ചെയ്യേണ്ടത് അത്യാവശ്യമാണ്. തുരുമ്പു കലർന്ന ജലമാണ് ഇപ്പോൾ ലഭിക്കുന്നത്. ആയതിനാൽ കൂടുതൽ കുഴൽ കിണറുകൾ കുഴിക്കുന്നത് പ്രോൽസാഹജനകമല്ല. കൂടിയേ തീരു എങ്കിൽ തുരുമ്പിക്കാത്ത പൈപ്പുകൾ ഉപയോഗിച്ചു നിർമ്മിക്കണം.

ശുദ്ധജലലഭ്യത കുറവായ 4326 വീടുകൾക്ക് പ്രയോജനം ലഭിക്കാനുള്ള നടപടികൾക്കായി താഴെപ്പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു.

നിർദ്ദേശങ്ങൾ:-

1. വിളമ്പു കണ്ടം ശുദ്ധ ജല വിതരണ പദ്ധതിയുടെ ടാങ്കിന്റെ സംഭരണ ശേഷി വർദ്ധിപ്പിച്ച്, ഏച്ചോം വിളമ്പുകണ്ടം, അരിഞ്ചേർമല, അഞ്ചു കുന്ന്, കുണ്ടാല, കാക്കൻ ചിറ, നെടുമ്പാലക്കുന്ന് കോളനി, കൂളി വയൽ, പാലുകുന്ന്, കൈതക്കൽ, കരിമം കുന്ന് ,ആറുമൊട്ടം കുന്ന് എന്നിവിടങ്ങളിൽ ജല സംഭരണി സ്ഥാപിച്ച് ജല വിതരണത്തിനുള്ള നടപടി സ്വീകരിക്കണം.

കുറുമ്പാല കോട്ടയിൽ പ്രകൃതിദത്തമായ നീരുറവ ചൂഷണം ചെയ്താൽ അടുത്തുള്ള നൂറുവീടുകളിൽ ശുദ്ധജലമെത്തിക്കാൻ കഴിയും.

2. ചുണ്ടക്കുന്ന് ജലവിതരണ പരിപാടി പ്രകാരം 30,000 ലിറ്റർ സംഭരണശേഷിയുള്ള സംഭരണി സ്ഥാപിക്കുവാൻ വേൾഡ് വിഷൻ എന്ന സംഘടന മുന്നോട്ട് വന്നിട്ടുണ്ട്. ഇതിന്റെ ബാക്കി പ്രവർത്തനം ഏറ്റെടുത്തു നടത്തിയാൽ ചുണ്ടക്കുന്ന്, നീരിട്ടാടി, കരിമ്പുമ്മൽ,, പച്ചിലക്കാട് എന്നീ പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കഴിയും.

3. പനമരത്ത് വാട്ടർ അതോറിറ്റി ഉടമസ്ഥതയിലുള്ള ജലവിതരണ പരിപാടി കൂടുതൽ പ്രദേശങ്ങളിലേക്ക് നീട്ടണം. ഇതിനായി സംഭരണിയുടെ ശേഷി വർദ്ധിപ്പിക്കണം.

4. ഒന്നാം വാർഡിൽ കായക്കുന്ന് 2 -ാം മൈൽ ബസ് സ്റ്റോപ്പിന് ഇടതു വശത്ത് ഇടയത്ത് ജോർജ്ജ് എന്നയാളുടെ വീടിനടുത്തുള്ള കൊല്ലിയിൽ കുളം കുഴിച്ച് ജല സംഭരണി നിർമ്മിച്ചാൽ സമീപത്തുള്ള 150 വീടുകളിൽ ശുദ്ധജലമെത്തിക്കാം.

5. നീർവാരത്ത് പ്രവർത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ ജല വിതരണ പദ്ധതി വിപുലമാക്കി ഫിൽട്ടറേഷൻ ചിട്ടപ്പെടുത്തുകയും സംഭരണിയുടെ ശേഷി ഉയർത്തുകയും വേണം.

വേനൽ കാലത്ത് വെള്ളം ലഭിക്കാൻ പാമ്പൂരി കടവിൽ തടയണ നിർമ്മിച്ചാൽ ശുദ്ധജല കിണറിൽ ജലം ലഭിക്കും.

6 ചെറുകാട്ടൂർ-പനമരം പദ്ധതിയിൽ എസ്റ്റേറ്റ് കുന്നിൻ മുകളിൽ ജല സംഭരണി സ്ഥാപിച്ച് മതിശ്ശേരി, കൂളിവയൽ, പായ്മൂല, ഈസ്റ്റ്-ബസ്സ് കാട്ടറപ്പള്ളി, ചെറുകാട്ടൂർ, കേളോം, കൃഷ്ണമൂല, നടുവിൽ വീട്, കൈതക്കൽ എന്നീ ആദിവാസി കോളനികളിൽ ശുദ്ധജലമെത്തിക്കാൻ കഴിയും.

പനമരം പുഴയിൽ കൂടൻമാടിക്കുന്ന് സമീപത്തുള്ള മണൽക്കടവിൽ തടയണ കെട്ടിയാൽ സമീപത്തുള്ള കിണറുകളിൽ ജലനിരപ്പ് ഉയരുകയും വേനൽകാലത്ത് ജലക്ഷാമമുണ്ടാകാതിരിക്കുകയും ചെയ്യും. മാത്രമല്ല പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ പച്ചക്കറി കൃഷിക്ക് ജലസേചനത്തിന് ഉപകരിക്കുകയും ചെയ്യും.

ജലക്ഷാമമുള്ള കണ്ണാടിമുക്ക്, ചെറുകാട്ടൂർ പള്ളിക്കു സമീപം, പായിമൂല, കൂളിവയൽ എന്നീ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാനുള്ള പരിപാടി ആസൂത്രണം ചെയ്യണം.

8 -ാം വാർഡിലെ കഴുക്കലോടി ഭാഗത്ത് ശുദ്ധജലമെത്തുന്നില്ല. കുഴൽ പൊട്ടിയിട്ടു വർഷങ്ങളായി. അധികൃതർ ശ്രദ്ധിക്കുന്നില്ല.

7. കായക്കുന്നിൽ ചെമ്പോട്ടിക്കുന്ന്, പാതിരിയമ്പം താഴെ കോളനി, ചെമ്പോട്ടി പാക്കിസ്ഥാൻ കുന്ന് മണൽ വയൽ എന്നിവിടങ്ങളിൽ കിണറുകൾ കുഴിക്കണം.

8. കാരക്കാമല, കെല്ലൂർ, അഞ്ചു കുന്ന്, കാപ്പും കുന്ന്, അരിഞ്ചേർ മല എൽ. പി. സ്കൂൾ, എട്ടു കയത്തിനും മുക്രമൂല പള്ളിക്കു സമീപം എന്നിവിടങ്ങളിൽ അടിയന്തിരമായി കിണറുകൾ കുഴിക്കണം.

9. വിവിധ ഹെൽത്ത് സബ് സെൻററുകളിലായി 7 കിണറുകൾ കുഴിക്കണം. കൂടാതെ പനമരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വളരെ അടിയന്തിരമായി ഒരു കിണർ സ്ഥാപിക്കണം. ഏച്ചോം ആയുർവേദ ആശുപത്രിക്ക് സമീപമായും ഒരു കിണർ ആവശ്യമാണ്.പനമരം ഐ. പി. പി. സെൻററിലുള്ള കുഴൽ കിണർ ഉപയോഗ്യമാക്കണം.

10. സ്വകാര്യ വ്യക്തികളെ വാർഡ് തലത്തിൽ പ്രോൽസാഹിപ്പിച്ച് വാർഡുതല കമ്മിറ്റി മുഖാന്തിരം കിണറുകൾ കുഴിപ്പിക്കുക.

11. കേണികൾ അതാതു പ്രദേശത്തെ മനുഷ്യ വിഭവശേഷി ഉപയോഗിച്ച് കുഴിക്കാൻ പ്രേരിപ്പിക്കണം.

12. പൊതു കിണറുകൾ സർക്കാർ തലത്തിലും, സന്നദ്ധ സംഘടനകൾ വഴിക്കും, ധനകാര്യ സ്ഥാപനങ്ങൾ വഴിയും നിർമ്മിക്കുകയാണെങ്കിൽ ജല ദൗർലഭ്യം പരിഹരിക്കാൻ കഴിയും.

13. പുഴവെള്ളം മലിനപ്പെടുത്തുന്ന മൽസ്യം പിടിക്കുവാനിടയുള്ള നഞ്ചു കലക്കൽ, തോട്ട പൊട്ടിക്കൽ എന്നിവ നിരോധിക്കണം. കൊയിലേരി പാലത്തിന് മുകൾ ഭാഗത്ത് തെയ്യംതറ മണ്ഡപത്തിന് സമീപം വാഹനങ്ങൾ കഴുകുന്നതും തടയണം.

സ്വകാര്യ അറവുശാലകളിൽ നിന്നും അവശിഷ്ടങ്ങൾ പുഴയിൽ ഒഴുക്കുന്നതും, പുഴയുടെ തീര പ്രദേശത്തുള്ള വയലുകളിൽ നിന്ന് അമിതമായ രീതിയിൽ കീടനാശിനികളുടെ പ്രയോഗം നിമിത്തമുണ്ടാകുന്ന ജലമലിനീകരണത്തിനെതിരെ ജനകീയ കമ്മറ്റികൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തുവാനുള്ള പദ്ധതി ആവിഷ്കരിക്കണം.

ജലജന്യരോഗങ്ങളായ മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, കോളറ, വയറിളക്കം മുലതലായ പകർച്ചവ്യാധികൾ ഇല്ലാതാക്കാനും കൂടുതൽ തുക വികസനത്തിന് ഉപയോഗിക്കാനും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തിയാൽ സാധിക്കും.

കക്കൂസ്

പൊതുജനാരോഗ്യ രംഗത്ത് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ശുചിത്വം. വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ശരിയായ രീതിയീൽ പാലിക്കാൻ സാനിട്ടറി കക്കൂസുകൾ അത്യാവശ്യമാണ്. കക്കൂസിൻെറ ആവശ്യകതയെക്കുറിച്ചും അതിൻെറ ഉപയോഗ ക്രമത്തെക്കുറിച്ചും ജനങ്ങളിൽ കൂടുതൽ പേരും അജ്ഞരാണ്.

വിരശല്യം, വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം , ടൈഫോയ്ഡ് എന്നീ രോഗങ്ങൾ ഇന്ന് ഗ്രാമീണരെ അലട്ടിക്കൊണ്ടിരിക്കുന്നവയാണ്. ഇവ തടയാൻ സാനിട്ടറി കക്കൂസുകൾ ഉപയോഗിക്കുന്നതു വഴി സാധിക്കും.

1995-96 ലെ കണക്കു പ്രകാരം പഞ്ചായത്തിൽ 3,500 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല. വിവിധ പദ്ധതികളിലായി കഴിഞ്ഞ നാലു വർഷങ്ങളിൽ 379 അനുവദിച്ചെങ്കിലും പണി പൂർത്തീകരിച്ചവയുടെ എണ്ണം 250 മാത്രമാണ്. 3 -ാം വാർഡിൽ (ചെറുകാട്ടൂർ) 55% വീടുകളിൽ കക്കൂസില്ല. 4 -ാം വാർഡിൽ 90% വീടുകൾക്കും കക്കൂസില്ല. ആയതിനാൽ പൊതുജനാരോഗ്യരംഗത്ത് നിരന്തരം പ്രശ്നമുള്ള പ്രദേശമാണ് 4 -ാം വാർഡ്. 6 -ാം വാർഡിൽ 80%വീടുകൾക്ക് കക്കൂസില്ല . 8 -ാം വാർഡിൽ 80% വീടുകളിൽ കക്കൂസില്ല. പഞ്ചായത്തിൽ പകർച്ച വ്യാധികൾ കൂടുതലായും ഉണ്ടാകുന്നത് കക്കൂസ് കുറവായ പ്രദേശങ്ങളിലാണ്. ചെറുകാട്ടൂർ, കൊളത്തറ, എടത്തു കുന്ന്, മാതോത്ത്, പുതൂർ, വാറുമ്മൽ കടവ് എന്നിവിടങ്ങളിലെ കോളനികളിൽ കക്കൂസ് അനുവദിക്കണം. കൂടാതെ 5 -ാം വാർഡ് ആദിവാസി കോളനികളിലും കക്കൂസുകൾ അനുവദിക്കണം.

പ്രധാനമായും സാമ്പത്തിക പരാധീനതയാണ് സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ ജനങ്ങൾക്ക് തടസ്സമാകുന്നത്. സർക്കാർ, അർദ്ധ സർക്കാർ , സന്നദ്ധ സംഘടനകൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സഹായം നടത്തി പഞ്ചായത്തിൽ ദരിദ്രവിഭാഗങ്ങൾക്കെല്ലാം കക്കൂസ് സൗജ്യമായി നിർമ്മിച്ച് കൊടുക്കണം. സാമ്പത്തിക ശേഷിയുള്ളവരെ കക്കൂസ് നിർമ്മിക്കാൻ പ്രോൽസാഹിപ്പിക്കണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ, ലക്ഷം വീട് തുടങ്ങിയ സ്ഥലങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കേണ്ടത് ആവശ്യമാണ്. കാരണം സ്ഥല പരിമിതിയാണ് ഇത്തരം പ്രദേശങ്ങളിലെ പ്രധാന പ്രശ്നം.

വാർഡുകളിൽ സാനിട്ടേഷൻ കമ്മിറ്റികൾ രൂപീകരിച്ച് കക്കൂസ് നിർമ്മാണത്തിന് മുൻ കൈ എടുക്കണം. ചെലവു കുറഞ്ഞതും ഉറപ്പുള്ളതുമായ സുരക്ഷിത കക്കൂസുകൾ നിർമ്മിക്കാൻ ജനങ്ങൾക്ക് പരിശീലനം പഞ്ചായത്തുതലത്തിൽ നൽകണം. പ്രാദേശികമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കണം. മറ്റു സാമ്പത്തിക സഹായത്തിന് വിവിധ ഏജൻസികളെ സമീപിക്കണം. ആവശ്യമായ സഹായങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പഞ്ചായത്ത് കാര്യാലയങ്ങൾ മുഖേന നൽകണം.

ആരോഗ്യ ബോധവൽകരണത്തിന് സ്ഥിരം യൂണിറ്റുകൾ പ്രവർത്തിക്കണം. ജലജന്യ രോഗങ്ങളെക്കുറിച്ചും, കക്കൂസിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചും, ഉപയോഗം, പരിരക്ഷ എന്നീ വിഷയങ്ങളിൽ നിർബന്ധമായും ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

കുഴികളുടെ സ്ഥാന നിർണ്ണയം ഹെൽത്ത് ഇൻസ്പെക്ടറും, സാങ്കേതിക വിദഗ്ദ്ധനും, ഹെൽത്ത് പ്രൊമോഷൻ ടീം അംഗങ്ങളും ചേർന്ന് നടത്തേണ്ടതാണ്. വാർഡ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി ആഴ്ചയിലൊരിക്കൽ ഹെൽത്ത് പ്രൊമോഷൻ ടീം നിർവ്വാഹകസമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പദ്ധതികൾ നടപ്പിലാക്കിയതിനു ശേഷം രണ്ടു മാസത്തിലൊരിക്കൽ പഞ്ചായത്തിൽ വെച്ച് വിലയിരുത്തൽ നടത്തണം.

പരിസര ശുചിത്വം

ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. പൊതുജനാരോഗ്യം നിലനിർത്താൻ ആവശ്യം വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം, മതിയായ രോഗ പ്രതിരോധ പ്രവർത്തനങ്ങളും, രോഗചികിൽസാ സൗകര്യങ്ങളും എന്നിവയാണ്.

ഖര മാലിന്യം അടിഞ്ഞു കൂടിക്കിടക്കുന്നതും, മലിനജലം കെട്ടി നിൽക്കുന്നതും കൊതുകിന്റെയും മറ്റു പ്രാണികളുടെയും എണ്ണം പെരുകാൻ കാരണമാകും. മൊത്തം രോഗാതുരതയിൽ 70% വും പരിസര ജന്യ രോഗങ്ങളാണ്. പരിസരം മലിനമായാൽ കുടിവെള്ളവും മലിനമാകുന്നു. സാംക്രമിക രോഗങ്ങളായ ഛർദ്ദി, അതിസാരം, മലേറിയ, ടൈഫോയ്ഡ്, വയറിളക്കം, മഞ്ഞപ്പിത്തം, വിരരോഗങ്ങൾ എന്നിവ പരിസര മലിനീകരണത്താലുണ്ടാകുന്നവയാണ്.

ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവും, വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിവ മൂലമുണ്ടാകുന്ന മാലിന്യങ്ങൾ ഗ്രാമപ്രദേശത്തു നിക്ഷേപിക്കുന്ന രീതിയും ശുചീകരണത്തിന്റെ അഭാവവും ഗ്രാമാന്തരീക്ഷം പകർച്ചവ്യാധികളുടെ പിടിയിലായിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. പൊതുവായ ശുചീകരണ പ്രവർത്തനവും, സ്ഥിരമായ ശുചീകരണ ജീവനക്കാരുമാണ് ഇക്കാര്യത്തിൽ വേണ്ടത്.

പഞ്ചായത്തിലുള്ള 13 വാർഡുകളിലും പരിസരമലിനീകരണ പ്രശ്നം ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. ഗ്രാമസഭകളിൽ ഈ പ്രശ്നം കൂടാതലായി ചർച്ച ചെയ്യപ്പെട്ടു.

പനമരം ടൗൺ, നടവയൽ, കെല്ലൂർ, അഞ്ചാംമൈൽ മുതലായ സ്ഥലങ്ങളിൽ അഴുക്കു ചാലിൽ കെട്ടിക്കിടക്കുന്ന മലിന ജലം നീക്കം ചെയ്യാനും ശരിയായ അഴുക്കു ചാലുകൾ ഇല്ലാത്തിടങ്ങളിൽ അവ നിർമ്മിക്കാനും കൂടാതെ ഓടകളിൽ ദിവസവും കീടനാശീനികൾ തളിക്കാനാവശ്യമായ ജീവനക്കാരെയും മറ്റു സജ്ജീകരണങ്ങളും പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണം. നിരോധിച്ച **D D T** തളിക്കാൻ ശുപാർശ ചെയ്യരുത്.

പനമരം ടൗണിൽ ശുചീകരണ പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടത്തണം. അതിനായി സ്ഥിരം ജീവനക്കാരെ നിയമിക്കണം. കടകളിൽ നിന്നും അലക്ഷ്യമായി റോഡുകളിലേക്ക് ഉപയോഗശൂന്യമായ സാധനങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കണം. പഞ്ചായത്തു ലൈസൻസില്ലാത്ത കടകൾ നടത്താൻ അനുവദിക്കരുത്. ഹോട്ടലുകൾ, ടീ ഷോപ്പുകൾ, റസ്റ്റോറൻറുകൾ, പച്ചക്കറി കടകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടറുടെ നിർദ്ദേശവും ശുപാർശയും നിർബന്ധമാക്കണം. കടകൾക്ക് മുൻപിൽ പാഴ്വസതുക്കൾ ഇടാനുള്ള ബക്കറ്റ് സ്ഥാപിക്കണം. വീഴ്ചവരുത്തുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്ത് പിഴ ഈടാക്കണം.

പനമരം ടൗണിലും ഇതര ഭാഗങ്ങളിലുമായി നടത്തിവരുന്ന മൽസ്യക്കച്ചവടം നിർത്തലാക്കണം. മൽസ്യ വിൽപ്പനക്കായ് പഞ്ചായത്തു വക മൽസ്യ മാർക്കറ്റ് സ്ഥാപിക്കണം. വിൽക്കപ്പെടുന്ന മൽസ്യത്തിന്റെ ഗുണനിലവാരം ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കണം.

പ്ലാസ്റ്റിക്ക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുവാനും, ഉപയോഗിച്ചവ ശാസ്ത്രീയമായി നശിപ്പിക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കണം.

പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത വിധത്തിൽ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കണം. ഇതിനനുയോജ്യമായ സ്ഥലം കണ്ടെത്തണം. ജനങ്ങൾക്ക് എത്തിച്ചേരാൻ റോഡ് സൗകര്യം ഉണ്ടായിരിക്കണം. 8 -ാം വാർഡിൽ പൊതു ശ്മശാനത്തിന് ഒരേക്കർ സ്ഥലമുണ്ട്. ആവശ്യമായ ക്രമീകരണം നടത്തി ഇത് ഉപയോഗ പ്രദമാക്കണം.

പഞ്ചായത്തിലെ ഭക്ഷണ ശാലകൾ ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന ജോലിക്കാരുടെ രക്തം, കഫം, മലം, വ്യക്തി ശുചിത്വം, പകർച്ചവ്യാധികൾ, മറ്റുരോഗങ്ങൾ എന്നിവ പരിശോധിച്ച് ഹെൽത്ത് കാർഡ് നൽകണം.കച്ചവടക്കാരെ ബോധവൽക്കരിക്കുകയും പാലിക്കപ്പെടാത്തവർക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടതുമാണ്.

മഴക്കാലത്തും വേനൽകാലത്തും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ചും ആദിവാസി കോളനികളിലും ജനങ്ങൾ തിങ്ങി താമസിക്കുന്ന പുഴയോരങ്ങളിലും പകർച്ചവ്യാധികൾ കണ്ടു വരാറുണ്ട്. പഞ്ചായത്തുകളിലെ എല്ലാ കിണറുകളും, മറ്റു ജല സ്രോതസ്സുകളും, ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ നടത്തണം. അതിനു വേണ്ടി ആവശ്യത്തിന് ബ്ലീച്ചിംഗ് പൗഡർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും, പഞ്ചായത്താഫീസിലും, മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കണം.

നിർമ്മിതി കേന്ദ്രത്തിനടുത്ത് അഴുക്കു വെള്ളം കെട്ടി നിൽക്കുന്ന സ്ഥലത്ത് മനുഷ്യ പ്രയത്നം പ്രയോഗിച്ച് മണ്ണിട്ട് ഉയർത്തുകയാണെങ്കിൽ കൊതുക് പെരുകുന്നതും, ദുർഗന്ധമുള്ളതുമായ പരിസര മലിനീകരണം തടയാൻ കഴിയും.

വീടുകളിലെ അടുക്കളയിൽ നിന്നുണ്ടാകുന്ന അവശിഷ്ടങ്ങളും ചപ്പു ചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ വളമായി ഉപയോഗിക്കാൻ കഴിയും. ഇവ അടുക്കള തോട്ടത്തിൽ പച്ചക്കറികൾക്ക് വളമായി മാറ്റാം. ഗൃഹ പരിസരം ശുചിയായി സൂക്ഷിക്കാനും, വെള്ളം കെട്ടി കിടക്കുന്നത് തടയുവാനും, കൂത്താടികളെ നശിപ്പിക്കാൻ മണ്ണെണ്ണ, കീടനാശിനി എന്നിവ തളിക്കണം.

കൊതു പരത്തുന്ന മലമ്പനി, മസ്തിഷ്ക ജ്വരം, ഡങ്കി പനി എന്നിവ തടയാൻ കൊതുകു നശീകരണം മാത്രമേ നമ്മുടെ മുന്നിലുള്ളു. വെള്ളം കെട്ടിനിൽക്കുന്നതും, മാലിന്യങ്ങൾ ചീഞ്ഞുനാറികിടക്കുന്നതും, കൊതുകും, ഈച്ചയും പെരുകാൻ കാരണമാകുന്നു എന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുക തന്നെ വേണം.

പഞ്ചായത്തു തലത്തിൽ പ്രാവർത്തിക മാക്കാവുന്ന നിർദ്ദേശങ്ങൾ

മൊബൈൽ ഹെൽത്ത് യൂണിറ്റ്

പനമരം പഞ്ചായത്തിലുള്ള ആദിവാസി കോളനികളിൽ എല്ലാ മാസവും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനു വേണ്ടി ഒരു സ്ഥിരം മൊബൈൽ ഹെൽത്ത് യൂണിറ്റ് അത്യാവശ്യമാണ്. ആയതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പ്രത്യേകം മെഡിക്കൽ ഓഫീസർ, ജീവനക്കാർ, മരുന്ന്, വാഹനം എന്നിവ ഏർപ്പെടുത്തണം.

ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസ്

ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസ്, ഗ്രാമ പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി നടത്താൻ ഇത് ഉപകരിക്കും. ജനന മരണ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് വിതരണം എന്നിവ ഹെൽത്ത് ഇൻസ്പെക്ടറുടെ ചുമതലയിലാക്കുക. ഹെൽത്ത് ഇൻസ്പെക്ടറുടെ ശുപാർശയിലും കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് യാതൊരു കാരണവശാലും നൽകരുത്.

സ്ഥിരമായ ബോധവൽക്കരണ യൂണിറ്റ്

കാലാകാലങ്ങളിലുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും, ചികിൽസാ സമ്പ്രദായങ്ങളെക്കുറിച്ചും പ്രതിരോധ ചികിൽസയെക്കുറിച്ചും പഞ്ചായത്തിലുള്ള ജനങ്ങൾക്ക് അറിവ് നൽകുന്നതിനും ബോധവൽകരണ ക്യാമ്പുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നതിനും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ താൽപര്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി സ്ഥിരമായി ഒരു ആരോഗ്യ ബോധവൽക്കരണ യൂണിറ്റ് പഞ്ചായത്തിൽ രൂപീകരിക്കണം.

ഹെൽത്ത് കാർഡ് സംവിധാനം

ആരോഗ്യ ചികിൽസാ രംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ആരോഗ്യ പ്രവർത്തകരുടെയുംസന്നദ്ധ സംഘടനകളുടെയും സഹായത്തോടെ വീടുവീടാന്തരം കയറിയിറങ്ങി കുടുംബത്തിലെ ഓരോ വ്യക്തിയുടെയും ആരോഗ്യ സ്ഥിതിയും രോഗവിവരങ്ങളും ഹെൽത്ത് കാർഡിൽ ചേർക്കണം. ഈ സംവിധാനം മൂലം ആ വ്യക്തിയുടെ ആരോഗ്യ നില പാരമ്പര്യ രോഗങ്ങൾ എന്നിവ മനസ്സിലാക്കി കുറ്റമറ്റ രോഗനിർണ്ണയം നടത്തുവാനും ചികിൽസിക്കുവാനും കഴിയും. അതിനാൽ എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് നൽകാനുള്ള പരിപാടി ആസൂത്രണം ചെയ്യണം.

ആരോഗ്യ നിയമങ്ങൾ പരിഷ്കരിക്കണം-

കാലഹരണപ്പെട്ടതും പ്രയോഗക്ഷമതനഷ്ടപ്പെട്ടതുമായ ആരോഗ്യ നിയമങ്ങൾ മാറ്റി കർശനമായ നിയമ നിർമ്മാണം നടത്തണം. നിലവിൽ വന്ന മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ, കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നിവ ഏകീകരിക്കുകയും കേരളത്തിന് ഏകീകൃത പൊതുജനാരോഗ്യ നയവും നിയമങ്ങളും ഉണ്ടാക്കേണ്ടതാണ്.

വൃദ്ധ മന്ദിരം-വയോജന ആരോഗ്യ കേന്ദ്രം-

വികസിത രാജ്യങ്ങളിലേതുപോലെ നമ്മുടെ പഞ്ചായത്തിലും ജനസംഖ്യയിൽ വൃദ്ധജനങ്ങൾ വർദ്ധിച്ചു വരികയാണ്. ആശ്രിത വിഭാഗമായ വൃദ്ധജനങ്ങളുടെ മാനസികവും ആരോഗ്യപരവും മാനസീകവുമായ ഉയർച്ചയ്ക്കുവേണ്ടിയും ആവശ്യമായ പദ്ധതി രൂപപ്പെടുത്തണം. പനമരം ഗ്രാമ പഞ്ചായത്തിൽ സൗകര്യ പ്രദമായ സ്ഥലത്ത് ഒരു വൃദ്ധവികലാംഗ മന്ദിരം സ്ഥാപിക്കണം.

പാരമ്പര്യ വൈദ്യ മേഖല-

പാരമ്പര്യ വൈദ്യൻമാരേയും ഒറ്റ മൂലി ചികിൽസകരെയും കണ്ടെത്തി ഏകോപിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. ഇതിനായി ആദിവാസി മൂപ്പൻമാരും, മറ്റു പാരമ്പര്യ വൈദ്യൻമാരുമായും സംസാരിച്ച് അവർക്കാവശ്യമായ പച്ചമരുന്നുകൾ നടുന്നതിനുള്ള സ്ഥല സൗകര്യവും മറ്റു സാമ്പത്തിക സഹായവും പഞ്ചായത്തു തലത്തിൽ ചെയ്തു കൊടുക്കണം.

ആരോഗ്യ മേളകൾ സംഘടിപ്പിക്കുക-

പഞ്ചായത്ത് മേളയോടനുബന്ധിച്ച് ആരോഗ്യ മേളകൾ, സെമിനാറുകൾ നടത്തണം. ആരോഗ്യ വിഷയങ്ങളിൽ പ്രസംഗ മൽസരം, പ്രബന്ധ രചനാ മൽസരം നടത്തണം.

മദ്യം,മയക്കുമരുന്ന്, ലൈംഗിക രോഗങ്ങൾ, എയ്ഡ്സ് എന്നിവയ്ക്കെതിരെ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ കലാജാഥകളും തെരുവുനാടകങ്ങളും നടത്തണം. ഫിലിം പ്രൊജക്ടർ, വീഡിയോ, മറ്റു പഠനോപകരണങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കണം.

ആരോഗ്യ സ്ഥാപനങ്ങളുടെ സംരക്ഷണം-

എല്ലാ വർഷവും ആരോഗ്യ സ്ഥാപനങ്ങളുടെ റിപ്പെയർ ചെയ്യുകയും വൈദ്യുതി, വെള്ളം, മരുന്ന്, കിടക്കകൾ, എന്നിവ ലഭ്യമാക്കണം. ആരോഗ്യ ഉപകേന്ദ്രങ്ങൾ കൂടുതൽ പ്രവർത്തന സജ്ജമാക്കണം. ഓരോ വർഷവും ചുരുങ്ങിയത് 5000 രൂപയുടെ മരുന്നുകൾ ഓരോ സബ് സെൻററുകളിൽ നിന്നും വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം.

പ്രഥമ ശുശ്രൂഷാ സംവിധാനം-

വാഹനാപകടങ്ങൾ മുതലായവ ഉണ്ടാകുമ്പോൾ ജീവൻ രക്ഷിക്കുന്നതിനായി പഞ്ചായത്തിലുള്ള എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും പ്രഥമ ശുശ്രൂഷാ പദ്ധതി കാര്യക്ഷമമാക്കി നടപ്പിലാക്കണം. രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ നടത്തി രക്തദാനം ചെയ്യുവാൻ തയ്യാറുള്ളവരുടെ ലിസ്റ്റ് ഓരോ സ്ഥാപനത്തിലും സൂക്ഷിക്കണം.

നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾ, സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി പദ്ധതികൾ തയ്യാറാക്കണം. കൂടാതെ അത്യാവശ്യമായ മാറ്റം പൊതുജനാരോഗ്യ കാര്യത്തിലും , കുടിവെള്ളം, പരിസര ശുചിത്വം എന്നീ കാര്യത്തിലും വരുത്തി എല്ലാ ചികിൽസാ സമ്പ്രദായങ്ങളും കോർത്തിണക്കി ആസൂത്രിതമായ സമീപനം കൈക്കൊള്ളണം ആവശ്യമായ തുക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പനമരം ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ ഇന്നുള്ള എല്ലാ പരാധീനതകളും സമയ ബന്ധിതമായി പരിഹരിച്ച് നടപ്പിൽ വരുത്താനായിരിക്കട്ടെ ഇനിയുള്ള നമ്മുടെ ശ്രമം.

ആസൂത്രണം ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുമ്പോൾ എല്ലാ പദ്ധതികളും പ്രത്യേകിച്ച് ജനകീയ ആരോഗ്യ പദ്ധതികൾ വമ്പിച്ച വിജയമായിത്തീരും.

7 ഗതാഗതം, ഊർജ്ജം

ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനനാഡിയാണ് റോഡുകൾ. മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ ഒരു പ്രദേശത്തിന്റെ അഭിവൃദ്ധിയുടെ പ്രതീകമായിട്ടാണ് കണക്കാക്കിപ്പോരുന്നത്.

ഈ ഗ്രാമ പഞ്ചായത്തിലെ അധികം റോഡുകളും ഗുണനിലവാരം കുറഞ്ഞവയാണ്. ജല-മാലിന്യ നിർഗമന മാർഗങ്ങളുടെ അപര്യാപ്തത, വീതിയില്ലായ്മ, മണ്ണിന്റെ ഘടന, നിർമ്മാണത്തിലെ അപാകതകൾ തുടങ്ങി ഒട്ടേറെ വസ്തുതകൾ ഇതിന്റെ കാരണങ്ങളായി ചൂണ്ടി കാണിക്കാവുന്നതാണ്.

നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ 1995-96 വർഷത്തെ ചെലവിനങ്ങളിൽ ഏറ്റവും കൂടുതൽ സംഖ്യ നീക്കി വെച്ചത് റോഡ് നിർമ്മാണത്തിനും അവയുടെ അറ്റ കുറ്റ പണികൾക്കുമാണ്.

പട്ടിക

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	ഗ്രാൻറ് തുക	പഞ്ചായത്ത് ഫണ്ട്	ആകെ
റോഡ്	7,34,000 .00	3,63,959.00	3,70,041.00	7,34,000 .00
തോട്	-	-	-	-
കെട്ടിടം	15,000.00	-	15,000.00	15,000 .00
നടപ്പാലം	2,38,500.00	-	2,38,500.00	2,38,500.00
മറ്റുള്ളവ	2,91,000.00	-	2,91,000.00	2,91,000.00
ആകെ	12,78,500.00	3,63,969.00	9,14,541.00	12,78,500.00

വിവേചന രഹിതമായി റോഡുകൾ വർദ്ധിച്ചതിന്റെ ഫലമായി ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വൻതോതിലുള്ള കൃഷി ഭൂമി നികത്തലും തൽഫലമായുണ്ടാകുന്ന വെള്ളക്കെട്ടിന്റെ നാശവും അശാസ്ത്രമായ റോഡ് നിർമ്മാണത്തിന്റെ തിക്തഫലങ്ങളാണ്. വൻതോതിൽ ആവർത്തനച്ചെലവുണ്ടാക്കുന്ന അനിയന്ത്രിതമായ ഇത്തരം റോഡ് നിർമ്മാണങ്ങൾ തടയിട്ടേ പറ്റൂ. ഗ്രാമീണ റോഡുകളുടെ നിർമ്മാണവും സംരക്ഷണവും തദ്ദേശവാസികളെ ഏൽപ്പിക്കുന്നത് തികച്ചും അശാസ്യമാണ്.

ഇത്സംബന്ധിച്ച ചില നിർദ്ദേശങ്ങൾ

1 നിർമ്മിക്കാൻ തീരുമാനിച്ച റോഡുകളുടെ പണി ഗ്രാമസഭകളുടെ നേതൃത്വത്തിൽത്തന്നെ നടത്തുമെന്ന് ഉറപ്പുവരുത്തണം.

2 അനിവാര്യമായ കാരണങ്ങളാലല്ലാതെ വയൽ പ്രദേശങ്ങളിലൂടെ റോഡുകൾ അനുവദിക്കരുത്. റോഡുകൾ നിർമ്മിക്കുമ്പോൾ നീരൊഴുക്കുകൾക്ക് തടസ്സം വരരുത്. ഓടകളില്ലാത്ത ഒരു റോഡും ഉണ്ടാവരുത്.

3 ഓടകളില്ലാത്ത നിലവിലുള്ള എല്ലാ റോഡുകൾക്കും അതുണ്ടാക്കാനും ഉള്ളവ വൃത്തിയാക്കാനും ജന പങ്കാളിത്തമുള്ള ഒരു പദ്ധതി പഞ്ചായത്തു തയ്യാറാക്കണം.

ഈ പഞ്ചായത്തിൽ ആകെ 377 കി. മി. റോഡുകൾ ഉണ്ട്. ഇതിൽ 44 കി. മി. റോഡ് (ടാർ ചെയ്തത്) P W D യുടേതും ബാക്കി 333 കി. മി. റോഡ് പഞ്ചായത്തിന്റെ അധീനതയിലുമാണ്. ഇതിൽ 35 കി. മി. ടാർ ചെയ്തതും 58 കി. മി. മെറ്റൽ ചെയ്തതും അവശേഷിക്കുന്ന 240 കി. മി. മൺറോഡുമാണ്. ഇത്രയും ദൈർഘ്യം വരുന്ന റോഡുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾക്കോ, അഭിവൃദ്ധിപ്പെടുത്തലിനോ വേണ്ടുന്ന സാമ്പത്തിക ശ്രോതസ്സ് പഞ്ചായത്തിനില്ല. എല്ലാ റോഡുകൾക്കും 8 മീറ്റർ വീതി വേണമെന്ന നിഷ്കർഷ ജനോപകാര പ്രദമായതും എന്നാൽ അഞ്ചും ആറും മീറ്റർ വീതിയുള്ളതുമായ മറ്റു പല റോഡുകൾക്കും ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് തടസ്സമാകുന്നു

ജനോപകാരപ്രദമായ പല റോഡുകളും കാർഷിക അറ്റകുറ്റപണികളുടെ അഭാവം നിമിത്തം ഗതാഗത യോഗ്യമല്ലാതാക്കിതീർന്നിട്ടുണ്ട്.

ആവശ്യങ്ങൾ, വിവിധ വാർഡുകളിൽ

വാർഡ് - 1

1 കായക്കുന്ന് - പാതിരിയമ്പം കോളനി റോഡ് - രണ്ടു കി. മി. ദൈർഘ്യം വരുന്ന ഈ മൺറോഡ് മെറ്റൽ ചെയ്തും, പുഴയോരം സംരക്ഷണ ഭിത്തിയും കെട്ടി സംരക്ഷിക്കണം.

2 *മാത്തൂർ-ചെമ്പോട്ടി-കായക്കുന്ന് റോഡ്*- 1 -ാം വാർഡിനെയും 13 -ാം വാർഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൺ റോഡാണിത്. നിലവിൽ ഒരു കി. മി. ദൈർഘ്യമുള്ള ഈ റോഡിന്റെ അവശേഷിക്കുന്ന ദൂരം കൂടി ആവശ്യമായ സ്ഥലമെടുത്ത് അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

3 *പാതിരിയമ്പം- അഞ്ഞിണ്ണി (മണൽവയൽ) റോഡ്*- ഒന്നും പതിമൂന്നും വാർഡുകളെ ബന്ധിപ്പിക്കുന്ന ഈ റോഡിന്റെ ദൈർഘ്യം 2 കി. മി. ആണ്. നിലവിൽ ഒരു കി. മി. ദൈർഘ്യത്തിൽ മൺറോഡ് ഉണ്ട്. അവശേഷിക്കുന്ന ഒരു കി. മി. ദൈർഘ്യം ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കണം.

4 *പാതിരിയമ്പം-നായ്ക്ക കോളനി- നെയ്ക്കുപ്പ റോഡ്* - 3 കി. മി. ദൈർഘ്യം വരുന്ന ഈ റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് പ്രവർത്തി തുടങ്ങണം. കൂടാതെ ഈ റോഡിൽ ചെറു വാഹനങ്ങൾക്ക് കടന്നു പോകത്തക്ക രീതിയിൽ നടപ്പാലം നിർമ്മിക്കണം.

വാർഡ് 2

ഈ വാർഡിലെ ഒരു റോഡ് പോലും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടില്ല എന്നത് ഒരു നഗ്ന സത്യമാണ്.

1 *നീർവാരം - മുക്രമൂല റോഡ്* - 2 കി. മി നീളം വരുന്ന ഈ റോഡ് വനത്തിലേക്കുള്ളതാണ്. മെറ്റലിംഗും, ടാറിംഗും നടത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

2 *കല്ലുവയൽ -മണൽകടവ് റോഡ്*- **P W D** യുടെ നീർവാരം-കാട്ടികുളം (എം. എൽ. എ. റോഡ്) റോഡിനോട് ബന്ധപ്പെട്ടു കിടക്കുന്ന ഈ റോഡിന്റെ നീളം 1 .5 കി. മി. ആണ്. ഈ റോഡ് ഗതാഗതയോഗ്യമാക്കേണ്ടത് അത്യാവശ്യമാണ്.

3 *മൈലുകുന്ന്-തരകമ്പം റോഡ്* -ഈ റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യേണ്ടത് അത്യാവശ്യമാണ്.

4 *നീർവാരം-കേളോം-ചെറുകാട്ടൂർ റോഡ്* - 2 ഉം 3 ഉം വാർഡുകളെ കൂട്ടി യോജിപ്പിക്കുന്ന ഈ റോഡിന് 3 കി. മി ദൈർഘ്യം വരും. ചെറുകാട്ടൂർ ഭാഗത്ത് ഒരു കി. മി. മെറ്റലിംഗ് കഴിഞ്ഞതാണ്. റഗുലേറ്റർ കം ബ്രിഡ്ജ് ആവശ്യമാണിതിന്. മാനന്തവാടിയെ ബത്തേരിയുമായും പുൽപ്പള്ളിയുമായും എളുപ്പത്തിൽ ബന്ധിപ്പിക്കാൻ ഇതുകൊണ്ട് കഴിയും.

5 *നീർവാരം-നെല്ലിക്കുനി കോളനി റോഡ്* - ഒരു. കി.മി. ദൂരം വരുന്ന ഈ റോഡ് അഭിവൃദ്ധിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

6 *നീർവാരം-മണിക്കോട് റോഡ്* - സോളിംഗ് ചെയ്യണം.

7 കേളോംകടവ് പാലക്കര റോഡും സോളിംഗ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തണം

8 മണിക്കോട് -കല്ലുവയൽ കോളനി റോഡ് മെറ്റൽ പാകയ്ത് ടാർ ചെയ്യണം

9 പനമരം-മാനന്തവാടി പഞ്ചായത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ഇഞ്ചിമല കടവിൽ നടപ്പാലം നിർമ്മിക്കണം.

വാർഡ് 3

അമല നഗർ -കൂടംമാടിപൊയിൽ റോഡ്- രണ്ട് കി.മീ. നീളം വരുന്നതും വീതികുറഞ്ഞതുമായ മൺറോഡാണിത്. ആദിവാസികളും ഇടത്തരം കൃഷിക്കാരും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ്. വളരെയധികം പച്ചക്കറികൾ ഈ ഭാഗത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ട്. അടിയന്തര പ്രാധാന്യം ഈ റോഡിനു നൽകി വീതി കൂട്ടി മെറ്റലിംഗും ടാറിംഗും നടത്തേണ്ടതാണ്.

2 *കൂളിവയൽ-കൊയിലേരി റോഡ്*- 2.5 കി. മീ ദൂരം വരുന്നതും ടാറിംഗ് ചെയ്തതുമായ റോഡാണ്. വാർഷിക അറ്റകുറ്റപണികൾ ചെയ്യാത്തുമൂലം ഈ റോഡ് വാഹന ഗതാഗതത്തിന് യോഗ്യമല്ലാതായിരിക്കുന്നു. ഉപരിതലം പുതുക്കലും, ഓവു ചാൽ നിർമ്മാണവും അനിവാര്യമാണ്.

3 *എസ്റ്റേറ്റ് മുക്ക്-ഇഞ്ചി മലക്കടവ് റോഡ്*- മൂന്നര കി. മീ ദൈർഘ്യം വരുന്ന ഈ റോഡിന്റെ രണ്ടര കി. മീ. ടാർ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ദൂരത്തിന് ആവശ്യമായ വീതികൂട്ടി വികസിപ്പിച്ചെടുത്താൽ, പനമരം പുഴക്ക് കുറുകെ കൂടൽ കടവിൽ നിർമ്മിക്കുന്ന നിർദ്ദിഷ്ട പാലത്തിന്റെ അപ്രോച്ച് റോഡുമായി ബന്ധിപ്പിക്കാവുന്നതാണ്

വാർഡ് 4

1 കൂളിവയൽ-പുളിക്കംവയൽ റോഡ്- ഒരു കി. മീ. ദൈർഘ്യമുള്ള ടാർ ചെയ്ത ഈ റോഡിന്റെ ഉപരിതലം പുതുക്കലും ഓവു ചാൽ നിർമ്മാണവും അനിവാര്യമായിരിക്കയാണ്.

2 *ആറുമുട്ടൻകുന്ന് റോഡ്- എടത്തം കുന്ന് റോഡ്*- മൂന്ന് കി.മീ. ദൂരം വരുന്നതും ഇതിൽ രണ്ട് കി. മീ. മെറ്റൽ ചെയ്തതുമാണ്. അവശേഷിക്കുന്ന ഒരു കി. മീ. വീതി കൂട്ടി ടാറിംഗ് ചെയ്താൽ ആദിവാസി കേന്ദ്രമായ ഈ പ്രദേശത്തെ ഗതാഗതം സുഖമമാകും.

3 *കൈതക്കൽ- ആര്യന്നൂർ അമ്പലം റോഡ്* - രണ്ട് കി. മീ. ദൈർഘ്യം വരുന്നതും മെറ്റൽ ചെയ്തതുമായ ഈ റോഡിന്റെ ടാറിംഗ് പണിയും ഓവു ചാൽ നിർമ്മാണവും അത്യാവശ്യമാണ്.

4 *പനമരം- കാക്കത്തോട്-പാലുകുന്ന്-അഞ്ചുകുന്ന് റോഡ്*- മൊത്തം വരുന്ന അഞ്ചര കി. മീ. ദൈർഘ്യത്തിലെറ മൂന്നര കി. മീ ന്റെ ടാറിംഗ് പണി പൂർത്തീകരിച്ചതാണ്. 2 കി. മീ. മെറ്റൽ ചെയ്തതുമാണ്. ആദിവാസികൾ തിങ്ങിപ്പാർക്കുന്നതും അവികസിതവുമായ ഒരു പ്രദേശമാണ്. പള്ളിക്കുന്ന്-അഞ്ചുകുന്നു റോഡും, മാനന്തവാടി-കൽപ്പറ്റ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ റോഡ് **P W D** യെക്കൊണ്ട് ഏറ്റെടുപ്പിക്കേണ്ടതാണ്.

വാർഡ് 5

1 *കുണ്ടാല-മതിശ്ശേരികാപ്പ് റോഡ്*- ഒന്നര കി. മീ. ദൂരം വരുന്നതിൽ അര കി. മീ. മെറ്റൽ റോഡും ബാക്കി മൺ റോഡുമാണ്. ഈ റോഡ് അഭിവൃദ്ധിപ്പെടുത്തണം.

2 *കൂളിവയൽ-മതിശ്ശേരി- കമ്മന റോഡ്*- മൂന്നു കി. മീ. ദൂരം വരുന്ന മെറ്റൽ ചെയ്ത റോഡാണ്. മൂന്നു കി. മീറ്ററും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതാണ്.

3 *മൊക്കത്ത്- മാനാഞ്ചിറ- കുണ്ടാല റോഡ്*- 2 കി. മീ. ദൂരം വരുന്ന ഈ മൺ റോഡ് മെറ്റൽ ചെയ്ത് ടാറിംഗ് നടത്തേണ്ടത് അത്യാവശ്യമാണ്.

4 *കുണ്ടാല-അട്ടച്ചിറ-ചിക്കണം കുന്ന് റോഡ്*-2 കി. മീ. ദൂരം വരുന്ന ഈ മൺ റോഡ് മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടത് അത്യാവശ്യമാണ്.

5 *അഞ്ചു കുന്ന്- കുണ്ടാല റോഡ്*- ഒരു കി. മീ. ദൂരം വരുന്ന ഈ റോഡിന് അര കി. മീ. കൂടി ദീർഘിപ്പിച്ച് മെറ്റൽ ചെയ്ത് അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

6. *അഞ്ചു കുന്ന്-കാക്കാഞ്ചിറ കോളനി- അട്ടച്ചിറ റോഡ്*-

7 *മതിശ്ശേരി-കാപ്പുംകുന്ന് സർക്കുലർ റോഡ്*

8 *അഞ്ചുകുന്ന്-അട്ടച്ചിറ-കുണ്ടാല റോഡ്*

9 *മാനാഞ്ചിറ കോളനി- കുണ്ടാല റോഡ് (500 മീ.)*

10 *മതിശ്ശേരി-കാപ്പുംകുന്ന്-കൊയിലേരി-കൈതക്കൽ റോഡ് (2 കി. മീ)*

11 *കൂവമ്മൂല-എലിക്കോട്-കൂളിവയൽ റോഡ് (1 കി. മീ)*

12 *പുതിയവീട്ടിൽ നിന്നും കാപ്പും കുന്നിന്റെ മുകളിലേക്കുള്ള റോഡ് (500 മീറ്റർ)*

എന്നിവയും പരിഗണനാർഹങ്ങളായ റോഡുകളാണ്

വാർഡ് 6

1 *1 -ാം മൈൽ- മാങ്കാണി- കാരക്കാമല റോഡ്*- 3 കി. മീ. ദൈർഘ്യം വരുന്നതിൽ ഒന്നര കി. മീ. സോളിംഗ് ചെയ്തതും, ബാക്കി മൺ റോഡുമാണ്. ഈ റോഡ് **P W D** ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

2 *അഞ്ചു കുന്ന്-മെയ്യാമ്പാവ് റോഡ്*- ഒന്നര കി. മീ. ദൈർഘ്യം വരുന്ന മൺറോഡാണിത്. ഇത് അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

3 *പഴഞ്ചേരി ക്കുന്ന് റോഡ്* - ഒന്നര കി. മീ. ദൈർഘ്യം വരുന്ന ഈ റോഡിന്റെ ആവശ്യമായ സ്ഥലങ്ങളിൽ പാർശ്വ ഭിത്തിയും സോളിംഗും, മെറ്റലിംഗും നടത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

വാർഡ് 7

പാല്കുന്ന്-കൊളത്താറ- ബസ്തിനടി റോഡ്- ഒന്നര കി. മീ. ദൈർഘ്യം വരുന്ന ഈ മൺറോഡ് മെറ്റലിംഗും, സോളിംഗും നടത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

2 പാലുകുന്ന് -പുത്തൂർ - കൊളത്താറ റോഡ്- ഒരു കി. മീ ദൂരം വരുന്ന ഈ മൺറോഡ് സോളിംഗും, മെറ്റലിംഗും നടത്തി ഗതാഗത യോഗ്യമാക്കേണ്ടത് അത്യാവശ്യമാണ്.

3 മാതോത്ത് പൊയിൽ-എടത്തുംകുന്ന്-ക്ലബ്ബുകുന്ന് റോഡ്- 3 കി. മീ. ദൂരം വരുന്ന മെറ്റൽ ചെയ്ത റോഡാണിത്. ഇത് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്

4 എടത്തും കുന്ന്- ചെമ്മിളി-ആറുമൊട്ടൻ കുന്ന് റോഡ്- മൂന്നു കി. മീ ദൂരം വരുന്നതും 8 മീ വീതിയോടും കൂടിയ റോഡാണിത്, ഇതിൽ ഒരു കി. മീ ദൈർഘ്യത്തിൽ വീതി കൂട്ടേണ്ടതാണ്.

5 ഒന്നാം മൈൽ-മാങ്കാണി റോഡ്- രണ്ടര കി. മീ നീളത്തിൽ മെറ്റലിംഗും സോളിങ്ങും നടത്തി അവശേഷിക്കുന്ന പണികൂടി പൂർത്തീകരിച്ച് മുഴുവനും ടാറിങ്ങ് നടത്തണം

6 പഴയ ഹെൽത്തു സെൻറർ - റോഡ്

7 എടത്തും കുന്ന് കേളനി റോഡ്

8 ഏഴാം മൈൽ -കല്ലിട്ടാംകുഴി-ആലിക്കണ്ടി റോഡ് എന്നിവയും നിർമിക്കേണ്ടതാണ്.

വാർഡ് 8

മലങ്കര -കള്ളംതോട് റോഡ്- രണ്ടര കി. മീ. ദൈർഘ്യത്തിൽ 2 കി. മീ. ടാർ ചെയ്തതും500 മീറ്റർ മെറ്റൽ ചെയ്തതുമാണ്. അടിയന്തര പ്രാധാന്യത്തോടെ ഈ റോഡ് ടാറിംങ്ങ് നടത്തി ഗതാഗത യോഗ്യമാക്കണ്ടതാണ്.

2 മലങ്കര -താളിപ്പാറ-കുറുമ്പാലക്കോട്ട റോഡ്- 3 കി.മീ നീളം വരുന്ന റോഡാണിത്. ഇതിൽ 2 കി. മീ ടാർ ചെയ്തതും ബാക്കി 1 കി. മീ. മെറ്റൽ ചെയ്തതുമാണ്. ഈ റോഡ് ടാർ ചെയ്ത് സംരക്ഷിക്കേണ്ടതാണ്.

3 വിളമ്പു കണ്ടം - മലങ്കര-താളിപ്പാറ വഴി മുണ്ടക്കുറ്റി റോഡ്- ദൈർഘ്യം 3.5 കി.മീ. ഇതിൽ 2 കി. മീ പനമരം ഗ്രാമ പഞ്ചായത്തിലും ബാക്കി കോട്ടത്തറ പഞ്ചായത്തിലുമാണ്. ഈ റോഡ് ചുരമില്ലാത്ത പൂഴിത്തോട് റോഡുമായി ബന്ധപ്പെടുത്താവുന്നതുമാണ്.ഈ റോഡ് അഭിവൃദ്ധിപ്പെടുത്തേണ്ടതും കുപ്പാടിത്തറ പുഴയ്ക്ക് കുറുകെ താളിപ്പാറകടവിൽ ഒരു പാലം നിർമ്മിക്കേണ്ടതുമാണ്.

4 വിളമ്പു കണ്ടം-പാറക്കൽ റോഡ്- ദൈർഘ്യം 2 കി. മീ. 500 മീറ്റർ ദൈർഘ്യത്തിന് സ്ഥലമെടുത്ത് വികസിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

5 കൂട്ടിക്കുറി- സർവോദയം റോഡ്- 2 കി. മീ ദൂരം വരുന്ന മൺനടപ്പാതയാണ്. വീതി കൂട്ടി മെറ്റൽ ചെയ്യേണ്ടതാണ്.

6 ചേരിയംകൊല്ലി-കഴുക്കലോടി-വിളമ്പുകണ്ടം റോഡ്- ഈ റോഡ് നിർമ്മിച്ച് ഗതാഗത യോഗ്യ മാക്കേണ്ടതാണ്.

വാർഡ് 8

1 കംമ്പ്രഷൻ മുക്ക്-വീടീക്കുന്ന് പണിയ കോളനി റോഡ്- ഈ റോഡിൻെറ ശോചനീയാവസ്ഥ പരിഗണിച്ച് ആവശ്യമായ പണികൾ നടത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

2 വിളമ്പുകണ്ടം സ്കൂൾ താഴെ-ആനകെട്ടി വയൽ നടപ്പാത- 100 മീറ്റർ ദൂരം വരുന്ന ഈ മൺ നടപ്പാത കല്ലു പതിച്ച് സഞ്ചാര യോഗ്യമാക്കേണ്ടതാണ്.

3 പുഴക്കൽ വീട് കോളനി നടപ്പാത- 100 മീറ്റർ നീളമുള്ള ഈ നടപ്പാതയുടെ ശോചനീയാവസ്ഥ പരിഗണിച്ച് കല്ലുപതിച്ച് സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

വിളമ്പുകണ്ടം സ്കൂൾ-നിക്കുംനടി നടപ്പാത- 200 മീറ്റർ നീളം വരുന്ന ഈ നടപ്പാത കല്ലു പതിച്ച് സഞ്ചാര യോഗ്യമാക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു

വാർഡ് 9

1 ഏച്ചോം-കൈപ്പാട്ടുക്കുന്ന്-കരിമ്പുമ്മൽ റോഡ്- 6 കി. മീ. ദൈർഘ്യം വരുന്ന വളരെ പ്രധാനപ്പെട്ട റോഡാണിത്. 2 **P W D** റോഡുകളെ ബന്ധിപ്പിക്കുന്ന ഈ റോഡിൽ മാനന്തവാടി-കൽപ്പറ്റ(പള്ളിക്കുന്ന് വഴി) ബസ് സർവ്വീസുണ്ട്. വാർഷിക അറ്റകുറ്റപ്പണികളുടെ അഭാവം നിമിത്തം റോഡ് നശിച്ചുകൊണ്ടിരിക്കുന്നു. ഏതുസമയവും ഇപ്പൊഴുള്ള ബസ് സർവ്വീസ് നിന്നുപോവാനും സാധ്യതയുണ്ട്. ഈ റോഡ് അടിയന്തര പ്രാധാന്യത്തോടെ സംരക്ഷിക്കേണ്ടതുണ്ട്.

2 സർവോദയം-അരിഞ്ഞോർമല റോഡ് - 3 കി. മീ ദൂരം വരുന്ന ടാർ ചെയ്ത ഈ റോഡിൻെറ ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

3 സർവോദയം-പന്തലാടി റോഡ്- 2 കി. മീ. ദൂരം വരുന്ന ടാർ ചെയ്ത ഈ റോഡ് റീ ടാർ ചെയ്ത് എത്രയും പ്രാധാന്യത്തോടെ ഗതാഗത യോഗ്യമാക്കേണ്ടിയിരിക്കുന്നു.

4പെരേറ്റക്കുന്ന് കോളനി-സർവോദയം സ്കൂൾ റോഡ് - ഏകദേശം ഒന്നര കി.മീ ദൂരം വരുന്ന റോഡാണിത്. ഇത് സോളിങ്ങും മെറ്റലിങ്ങും നടത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

5 പന്തലാടി-പള്ളിക്കുന്ന് റോഡ്- ആകെയുള്ള ഒന്നര കി. മീ. ദൈർഘ്യത്തിൽ അര കി.മീ. നിലവിൽ മൺറോഡ് ഉണ്ട്. അവശേഷിക്കുന്ന ദൈർഘ്യത്തിന് സ്ഥലമെടുത്ത് വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്.

6 പൂങ്കുല-സർവോദയം റോഡ്- 2 കി. മീ. ദൈർഘ്യം വരുന്ന ഈ മൺറോഡ് സോളിങ്ങും മെറ്റലിങ്ങും നടത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

7 വാടോം-കുറുമ്പാലക്കോട്ട കോളനി റോഡ്- ഒരു കി. മീ. ദൂരം വരുന്ന ഈ നടപ്പാതയുടെ വീതി കൂട്ടി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

8 എട്ടുകയം-പെരാരി നടപ്പാത- അടിയന്തര പ്രാധാന്യം നൽകി വീതി കൂട്ടി സോളിങ്ങും മെറ്റലിങ്ങും നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്

വാർഡ് 10

1 ചുണ്ടക്കുന്ന്-അരിഞ്ചേറുമ്മൽ സർവോദയം റോഡ്- 4 കി. മീ ദൈർഘ്യം വരുന്ന ഈ റോഡ് റീ ടാറിംങ്ങ് ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

2 ചുണ്ടക്കുന്ന്-ആടയാട്ട് റോഡ്- ഒന്നര കി. മീ. ദൂരം വരുന്ന ഒരു മൺ റോഡാണിത്. ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതാണ്

3 ചുണ്ടക്കുന്ന് -അംഗൻവാടി നടപ്പാത- 100 മീറ്റർ നീളം വരുന്ന ഈ നടപ്പാത കല്ലു പതിച്ച് സഞ്ചാര യോഗ്യമാക്കേണ്ടതാണ്.

4 പച്ചിലക്കാട്-ചുണ്ടക്കുന്ന് റോഡ് - 2 കി. മീ. ദൈർഘ്യം വരുന്ന ടാർ റോഡാണിത്. അടിയന്തിര പ്രാധാന്യം നൽകി ഈ റോഡിന്റെ ഉപരിതലം പുതുക്കലും ഓവ് ചാൽ നിർമ്മാണവും നടത്തേണ്ടതാണ്.

5 നീരട്ടാടി-മിച്ചഭൂമി-വട്ടപ്പൊയിൽ നടപ്പാത- ഈ നടപ്പാതയുടെ ശോചനീയാവസ്ഥ പരിഗണിച്ച് കല്ല് പതിച്ച് സഞ്ചാര യോഗ്യമാക്കേണ്ടതാണ്.

വാർഡ് 11

പനമരം-ഹൈസ്കൂൾ റോഡ്- 500 മീറ്റർ ദൈർഘ്യം വരുന്ന അതിപ്രധാനമായ ഒരു ടാർ റോഡാണിത്. പനമരം ഗവ. ആശുപത്രി, ഗവ. ഹൈസകൂൾ, **P W D** നിരത്തുകൾ വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസ്, അധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, ഐ പി പി നേഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ടെലിഫോൺ എക്സ്ചേഞ്ച് മുതലായവ സ്ഥിതി ചെയ്യുന്നത് ഈ റോഡിന്റെ പാർശ്വ ഭാഗങ്ങളിലാണ്. 15 വർഷം മുമ്പ് ടാർ ചെയ്തതിനു ശേഷം നാളിതുവരെ യാതൊരു അറ്റകുറ്റപണികളും ചെയ്തിട്ടില്ല. രോഗികളെ എത്തിക്കാൻ പോലും ബുദ്ധിമുട്ടാണ്. ആവശ്യമായ അറ്റകുറ്റപണികൾ നടത്തി ഗതാഗതയോഗ്യമാക്കേണ്ടിയിരിക്കുന്നു.

4 ഹൈസ്കൂൾ നീരട്ടാടി റോഡ്

പനമരം ഹൈസകൂൾ റോഡിൽ നിന്ന് തുടങ്ങി പനമരം പുഴയുടെ തീരത്തു കൂടി പോകുന്ന 3 കി. മീ ദൂരം വരുന്ന റോഡാണിത്. റോഡ് വീതി കൂട്ടി ടാറിംങ്ങ് നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

3 പനമരം എൽ. പി. സകൂൾ -നീരട്ടാടി റോഡ് - 2 കി. മീ. ദൂരം വരുന്ന ഈ മൺ റോഡ് ടാർ ചെയ്ത് അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

4 പനമരം- മേച്ചേരി റോഡ്- 2 കി. മീ. ദൂരം വരുന്ന മെറ്റൽ ചെയ്ത റോഡാണിത് വയൽ പ്രദേശമാകയാൽ വർഷകാലത്ത് റോഡ് തകർന്ന് നാമാവശേഷമായി മാറിക്കൊണ്ടിരിക്കുന്നു. ആവശ്യമായ ഓവു പാലങ്ങൾ നിർമ്മിച്ച് ടാർ ചെയ്ത് അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

5 പനമരം -പഴയ നടവയൽ റോഡ് - 600 മീറ്റർ നീളമുള്ളതും ടാർ ചെയ്തതുമായ റോഡാണിത് ഓവു ചാൽ നിർമ്മിച്ച് റിപ്പെയറിംങ്ങ് നടത്തി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

6 കരിമ്പുമ്മൽ -വാടോച്ചാൽ റോഡ്- ഒന്നര കി. മീ ദൂരം വരുന്നതും വയൽ ഭാഗത്തു കൂടി കടന്നു പോകുന്നതുമായ ഈ മൺ റോഡ് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

7 പനമരം നിർമ്മിതി കേന്ദ്രം റോഡ്- 500 മീറ്റർ മെറ്റൽ ചെയ്ത റോഡ് നിലവിൽ ഉണ്ട്. സ്ഥലമെടുത്ത് 500 മീറ്റർ കൂടി നിർമ്മിച്ചാൽ ഈ റോഡിനെ പനമരം ഹോസ്പിറ്റൽ റോഡുമായി ബന്ധിപ്പിക്കാവുന്നതാണ്. ഈ റോഡ് ടാറിംങ്ങ് നടത്തി ഗതാഗതയോഗ്യമാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

8 പനമരം ബൈപാസ് റോഡ് - അതിപ്രധാനമായ ഒരു PWD റോഡാണ് മാനന്തവാടി-കൽപ്പറ്റ-കോഴിക്കോട് റോഡ്. പനമരം ടൗണിൽ നിന്നും പനമരം ബീനാച്ചി ബത്തേരി റോഡും, പനമരം ഹൈസ്കൂൾ റോഡും പോകുന്നുണ്ട്. വാഹനങ്ങളുടെ ആധിക്യം മൂലം വീർപ്പു മുട്ടുന്ന ഈ പട്ടണത്തിൽ ഒരു ബൈപാസ് റോഡ് അവശ്യമായി തീർന്നിരിക്കുന്നു. പനമരത്തു നിന്നും തിരിയുന്ന ബീനാച്ചി റോഡിൽ K M 0/450 ൽ എത്തുന്ന പഴയ നടവയൽ റോഡിൽ കൂടി, പനമരം മില്ല് റോഡ് ജംഗ്ഷനിൽ നിന്നും വയൽ തീരത്തു കൂടി ഏകദേശം 1.750 കി.മീ നീളത്തിൽ 10 മീറ്റർ വീതിയിൽ സ്ഥലമെടുത്ത് റോഡ് നിർമ്മിച്ചാൽ ടൗണിലെ ഗതാഗത കുരുക്ക് ഒഴിവാക്കാനും മറ്റു പല മേഖലകളെ അഭിവൃദ്ധിപ്പെടുത്താനും സാധിക്കും.

വാർഡ് 12

1. കൈതക്കൽ -കൃഷ്ണ മൂല റോഡ്- 3 കി. മീ ദൈർഘ്യമുള്ള ഈ റോഡിന്റെ ഒരു കി. മീ. ദൂരം ടാർ ചെയ്യാൻ എസ്റ്റിമേറ്റ് ആയതാണ്. ഒന്നര കി.മീ. സോളിങ്ങ് പ്രവർത്തി നടത്തിയിട്ടുണ്ട്. ബാക്കി അര കി.മീ മൺ റോഡാണ്. മുഴുവനായും ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

2 കൂമ്പാരത്തെരുവ് -പരക്കുനി റോഡ് - 800 മീറ്റർ നീളമുള്ള ഈ റോഡ് സോളിംങ്ങും, മെറ്റലിങ്ങും നടത്തേണ്ടതാണ്.

3 കൈതക്കൽ കൃഷ്ണ മൂല കോളനി റോഡ്- 2 കി.മീ ദൂരം വരുന്ന ഈ റോഡിൽ ഒരു കി. മീ ടാർ ചെയ്തതാണ്. ബാക്കിഭാഗംമൺ റോഡാണ്. ഈ റോഡ് ടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കേണ്ടത് ആവശ്യമാണ്.

4 ചെങ്ങാടക്കടവ് -പരക്കുനി മാനംകോട്(പുഴയോരം)റോഡ്- 4 കി. മീ. ദൂരം വരുന്ന പുഴയോരത്തു കൂ ടി കടന്നു പോകുന്ന ഈ മൺ റോഡ് സോളിങ്ങും മെറ്റലിംങ്ങും നടത്തി ഗതാഗതയോഗ്യമാക്കേണ്ടതാണ്

5 പരക്കുനി -കൈതയ്ക്കൽ കോളനി റോഡ്- ഏകദേശം ഒരു കി. മീ ദൂരം വരുന്ന ഈ റോഡ് സ്ഥലമെടുത്ത് പരക്കുനി റോഡും കൈതക്കൽ കോളനി റോഡും തമ്മിൽ ബന്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

6 കൈതയ്ക്കൽ മില്ല് കൈതയ്ക്കൽ കോളനി നടപ്പാത - കോളനി നിവാസികളും മറ്റുള്ളവരും ഉപയോഗിച്ചു പോരുന്ന ഈ വരമ്പ് വീതി കൂട്ടി കല്ലു പതിക്കേണ്ടതാണ്.

7 കണ്ണാടി മുക്ക് കാപ്പുംചാൽ നടപ്പാത -300 മീറ്റർ നീളത്തിൽ സ്ഥലമെടുത്ത് കല്ലുപതിച്ച് സഞ്ചാര യോഗ്യമാക്കേണ്ടതാണ്.

8 മണിമല -കൃഷ്ണമൂല റോഡ്- ഒരു കി. മീ. ദൂരം വരുന്ന ഈ റോഡിൽ 800 മീറ്റർ നിലവിൽ മൺറോഡുണ്ട്. 200 മീറ്ററിന് കൂടി സ്ഥലമെടുത്ത് റോഡ് ബന്ധിച്ചാൽ ഗതാഗതം സുഗമമാക്കാം

വാർഡ് 13

1 ഗണപതി ടെമ്പിൽ-മണൽവയൽ മരിതിയമ്പം റോഡ്- 2 കി. മീ. വരുന്ന ദൈർഘ്യത്തിലെ ഒരു കി. മീ.മെറ്റൽ ചെയ്തതും ബാക്കി ഒരു കി. മീ മൺ റോഡുമാണ്. ടാറിംങ്ങ് നടത്തി ഗതാഗതയോഗ്യമാക്കണം.

2 അഞ്ഞിണ്ണി- അമ്മാനി -ഓർക്കോട്ടു മൂല റോഡ് -വനത്തിനോടടുത്തു കിടക്കുന്ന ഈ പ്രദേശത്തിന്റെ വളർച്ചയ്ക്കായി അമ്മാനി കോളനിയിലേക്കുള്ള ഭാഗത്ത് ഒരു പാലം നിർമ്മിച്ച് നാല് കി. മീ റോഡ് ടാറിംങ്ങ് ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്നു.

3 പ്ലാക്കണ്ടി- പാറവയൽ -ഓണിവയൽ- അമ്മാനി റോഡ് - രണ്ടര കി. മീ. ദൈർഘ്യം വരുന്ന മൺ റോഡ് വീതി കൂട്ടി സോളിങ്ങും മെറ്റലിങ്ങും ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടിയിരിക്കുന്നു.

4 നീർവാരം- മഞ്ഞവയൽ- അമ്മാനി റോഡ്- രണ്ടര കി. മീ. നീളമുള്ള റോഡ് സോളിങ്ങും മെറ്റലിങ്ങും നടത്തി അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു.

5നീർവാരം പാലം -പരിയാരം കുന്ന് റോഡ്- 2 കി. മീ. റോഡ് നിർമ്മിച്ച് പരിയാരം കുന്ന് റോഡുമായി ബന്ധിപ്പിക്കേണ്ടതാണ്. ആദിവാസികൾക്ക് മിച്ചഭൂമിയായും മറ്റും ലഭ്യമായ ഭൂമി ഗതാഗത സൗകര്യത്തിന്റെ അഭാവം നിമിത്തം വേണ്ടത്ര ഫലപ്രദമാക്കാൻ സാധിക്കുന്നില്ല.സോളിങ്ങും മെറ്റലിങ്ങും നടത്തി റോഡ് ഗതാഗതയോഗ്യമാക്കേണ്ടതാണ്

6 മാത്തൂർ-അഞ്ഞിണ്ണി റോഡ്- ഒന്നര കി. മീ. ദൈർഘ്യം വരുന്ന മെറ്റൽ ചെയ്ത ഈ റോഡിന്റെ രണ്ടറ്റവും PW D റോഡുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

7 പുഞ്ചവയൽമില്ല് -പരിയാരംകുന്ന് റോഡ്- ഒന്നര കി. മീ. ദൂരം വരുന്ന ഈ പാത ടാറിങ്ങ് അടക്കമുള്ള പ്രവർത്തികൾ നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന മറ്റു നിർദ്ദേശങ്ങൾ

1 ആലുങ്കൽ താഴെ- ചെക്കിട്ട റോഡ് ടാർ ചെയ്യണം.

2 ചെക്കിട്ട പുഴയ്ക്ക് കോൺക്രീറ്റ് നടപ്പാലം പണിയണം.

3 ചെറുകാട്ടൂർ പള്ളിക്ക് പുറകിലൂടെ ഉള്ള **P W D** റോഡ് ഗതാഗതയോഗ്യമാക്കണം.

4 പുളിക്കം വയൽ കോളനി - എടത്തും കുന്ന് റോഡ് ഗതാഗതയോഗ്യമാക്കണം.

5 അറുമുട്ടൻ കുന്ന് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

6. കീഞ്ഞുകടവ് റോഡ് റീ ടാറിംങ്ങ് നടത്തി ഗതാഗതയോഗ്യമാക്കണം.

7 അറുമൊട്ടം കുന്ന്- വെള്ളമ്പാടി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

8 പുലമൂല അംഗൻവാടി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

9 കരിമം കുന്ന് -വെള്ളമ്പാടി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

10 കൂളിവയൽ -ചെമ്പിളി കോളനി റോഡ് ടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കണം.

11 കൂളിവയൽ -കൊയിലേരി റോഡ് റീ ടാർ ചെയ്യണം.

12 കൂളിവൽ അംഗൻവാടി -അടിയാ കോളനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

13 ആറാം മൈൽ -കാപ്പുകുന്ന് -കാരക്കാമല റോഡ് ഗതാഗതയോഗ്യമാക്കണം.

14 കാപ്പും കുന്ന് ആദിവാസി കോളനി റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

15 പെരേറ്റക്കുന്ന് -നടുവിൽ കോളനി -സർവോദയം റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

16 അരിഞ്ചേറുമ്മൽ വെള്ളച്ചി മൂല റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

17 പന്ത്രണ്ടാം മൈൽ മണിപുരം കോളനി റോഡ് കല്ലു പതിച്ച് ഗതാഗതയോഗ്യമാക്കണം.

18 തൂങ്ങാടി സർവ്വോദയം തോടിന് പാലം നിർമ്മിക്കണം.

19 പനമരം-നിർമ്മിതി കേന്ദ്രം റോഡ് പുഴയിലേക്കുള്ള ബൈപാസ് റോഡ് ആയി അനുവദിക്കണം.

20 പനമരം മിൽ റോഡിന് ഓവു ചാൽ നിർമ്മിക്കണം.

21 കഴുക്കലോടി-പുല്ലേരിറോഡ് സോളിംഗ് നടത്തണം.

22 കുണ്ടാല എട്ടിൽ കോളനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

P W D റോഡുകൾ സംബന്ധിച്ച്

ഈ ഗ്രാമപഞ്ചായത്തിൽ 44 കി. മീ ദൈർഘ്യത്തിലാണ് **P WD** റോഡുകൾ ഉള്ളത്. പല സ്ഥലങ്ങളിലും റോഡിന് ആവശ്യമായ റീതിയോ വേണ്ടത്ര ഓവു ചാൽ സൗകര്യങ്ങളോ ഇല്ല. പള്ളിക്കുന്ന്-അഞ്ചുകുന്ന് റോഡിൽ വാറുമ്മൽ കടവ് എന്ന സ്ഥലത്ത് പനമരം പുഴയ്ക്ക് കുറുകെ ഒരു പാലം അത്യാവശ്യമാണ്. ബജറ്റിൽ ഉൾപ്പെട്ട പ്രവർത്തിയാണെങ്കിലും നടപടികൾ പുരോഗമിച്ചിട്ടില്ല. ഈ റോഡിൽ ഓവു ചാലുകളും പലയിടങ്ങളിലായി വേണം.

പനമരം ബീനാച്ചി റോഡിൽ പനമരത്തുനിന്നും 0/450 ൽ ചെറുപുഴക്കു കുറുകെയുള്ള പാലം വർദ്ധിച്ചുവരുന്ന വാഹനഗതാഗതഭാരം താങ്ങൽ മാത്രം വീതിയും ബലവും ഇല്ല.

രണ്ടോ അതിൽ കൂടുതലോ പഞ്ചായത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നതും **P WD** റോഡുകളെ തമ്മിൽ കൂട്ടിയിണക്കുന്നതുമാണ്. പഞ്ചായത്തിലെ മിക്ക റോഡുകളും ആയതിനാൽ താഴെപ്പറയുന്നവ **P W D** ഏറ്റെടുക്കേണ്ടതാണ്

1 കരിമ്പുമ്മൽ-കൈപ്പാട്ടുകുന്ന്-ഏച്ചോം റോഡ് ടാർ ചെയ്ത് (7 കി. മീ)

2 കൈപ്പാട്ടുകുന്ന്- വിളമ്പുകണ്ടം റോഡ് (3 കി. മീ)

3 പനമരം-പാലുകുന്ന്-അഞ്ചു ക്കുന്ന് റോഡ്

4 നീർവാരം- കേളോം-ചെറുകാട്ടൂർ റോഡ് (3 കി. മീ)

5 പച്ചിലക്കാട്-ചുണ്ടക്കുന്ന്-അരിഞ്ചേർമല-ചുണ്ടക്കര റോഡ് (7 കി. മീ)

6 1 -ാം മൈൽ മാങ്കാണി കാരയ്ക്കാമല ചേരിയം കൊല്ലി റോഡ് (5 കി. മീ)

7 മാത്തൂർ അഞ്ഞണ്ണി -അഞ്ഞണ്ണി അമ്മാനി ഓർക്കോട്ടുമൂല റോഡ് (3.5 കി. മീ)

8 വിളമ്പുകണ്ടം -താളിപ്പാറ -മുണ്ടക്കുറ്റി റോഡ് (3.5 കി. മീ)

9 കൂളിവയൽ -മതിശ്ശേരി -കമ്മന -കുണ്ടാല -ആറാംമൈൽ റോഡ്

ഈ ഗ്രാമ പഞ്ചായത്തിൽ 75 നടപ്പാലങ്ങൾ ഉണ്ട്. അവയെല്ലാം മുളകൊണ്ടുള്ളവയാണ്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഇവയിലൂടെയുള്ള യാത്ര ദുഷ്കരമാണ്.

5 വർഷം കൊണ്ട് ഇവ കോൺക്രീറ്റ് പാലങ്ങളാക്കിയാൽ ആവർത്തന ചെലവിനത്തിൽ വമ്പിച്ച ഒരു സംഖ്യ ബാക്കി വെക്കാം.

അടിയന്തര പ്രാധാന്യമുള്ള പ്രവർത്തികൾ

1 കൂടൽ കടവിൽ രണ്ടു പാലങ്ങളുടെയും പണി എത്രയും പെട്ടെന്ന് ആരംഭിക്കുക.

2 കൽപ്പറ്റ മാനന്തവാടി P W D റോഡിൽ ഉള്ളിശ്ശേരി വയൽ മണ്ണിട്ടുയർത്തി കയറ്റം കുറയ്ക്കുക.

3 പുഞ്ചവയൽ കാട്ടിക്കുളം എം എൽ എ റോഡ് പൂർത്തിയാക്കുക.

4 വാറുമ്മൽ കടവിൽ പാലം പണിയുക.

5 കേളോം കടവിൽ ജീപ്പ്, കാർ തുടങ്ങിയവ സഞ്ചരിക്കാനുള്ള പാലം നിർമ്മിക്കുകയും ചെറുകാട്ടൂർ നീർവാരം റോഡ് ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.

6 പനമരം ബീനാച്ചി റോഡിൽ ആദ്യത്തെ ഒരു കി. മീ. മണ്ണിട്ട് ഉയർത്തി സൈഡ് കെട്ടി സംരക്ഷിക്കുക.

7 പനമരം- നെല്ലിയമ്പം- നടവയൽ റോഡ് അടിയന്തരമായി റിപ്പെയർ ചെയ്യുക.

8 കരിമ്പുമ്മൽ കൈപ്പാട്ടുകുന്ന് ഏച്ചോം റോഡ് അടിയന്തരമായി റിപ്പെയർ ചെയ്ത് ഗതാഗതയോഗ്യമാക്കുക

9 പനമരം- പാലുക്കുന്ന് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

10 6 -ാം മൈൽ കമ്മന കുണ്ടാല റോഡ് റിപ്പെയർ ചെയ്യുക.

11 കൂവമൂല, മതിശ്ശേരികാപ്പു കമ്മന റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

12 പച്ചിലക്കാട് ചുണ്ടക്കുന്ന് അരിഞ്ചേർമല ചുണ്ടക്കര റോഡ് നിർമ്മിക്കുക.

13 കൈപ്പാട്ടുകുന്ന് -വിളമ്പുകണ്ടം -ചേരിയംകൊല്ലി റോഡ് ഗതാഗതയോഗ്യമാക്കുക.

14 1 -ാം മൈൽ -മാങ്കാണി -കാരയ്ക്കാമല -ചേരിയംകൊല്ലി റോഡ് ഗതാഗതയോഗ്യമാക്കുക.

15 കാപ്പുംചാൽ -ചെറുകാട്ടൂർ -ഇഞ്ചിമലക്കടവ് റോഡ് അഭിവൃദ്ധിപ്പെടുത്തി ഗതാഗതയോഗ്യമാക്കുക.

16 കൈതക്കൽ -കൊയിലേരി റോഡ് റിപ്പെയർ ചെയ്യുക.

17 കൂളിവയൽ- കൊയിലേരി റോഡ് റിപ്പെയർ ചെയ്യുക..

18 കൂടൽ കടവിൽ തടയണ കെട്ടി ജലനിരപ്പ് കൂട്ടുകയും പനമരത്തു നിന്നും കുറുവാ ദ്വീപിലേക്ക് ബോട്ടു സർവീസ് ആരംഭിക്കുകയും ചെയ്യുക.

19 പനമരം ടൗണിൽ ടാക്സി സ്റ്റാൻറ് , ഓട്ടോ സ്റ്റാൻറ് , ലോറി സ്റ്റാൻറ് എന്നിവ ഏർപ്പെടുത്തുക

20 പനമരത്ത് KS R T C ഗ്യാരേജ് ആരംഭിക്കുക.

21 പനമരം ബൈപാസ് നിർമ്മിക്കുക.

പുതിയ ബസ് റൂട്ടുകൾക്കുള്ള നിർദ്ദേശങ്ങൾ-

1 പനമരം-പാലുകുന്ന്-അഞ്ചുകുന്ന്-മാനന്തവാടി റൂട്ട്-

2 പനമരം-കരിമ്പുമ്മൽ-കൈപ്പാട്ടുകുന്ന്-വിളമ്പുകണ്ടം റൂട്ട്-

3 പനമരം -കാപ്പുംചാൽ -ഇഞ്ചിമലക്കടവ് റോഡ്

4 പനമരം-കൂളിവയൽ-മതിശ്ശേരിക്കാപ്പ്-കമ്മന-കുണ്ടോല റൂട്ട്- ആറാം മൈൽ മാനന്തവാടി റൂട്ട്-

5 പനമരം-എരനെല്ലൂർ-അരിഞ്ചേർമല-ചുണ്ടക്കുന്ന്-കമ്പളക്കാട്-കൽപ്പറ്റ റൂട്ട്-

6 പനമരം-പുഞ്ചവയൽ-നീർവാരം-ദാസനക്കര-പുൽപ്പള്ളി -

7 പനമരം-നെല്ലിയമ്പം-നടവയൽ-ബത്തേരി റൂട്ട്-

ഊർജ്ജം

പ്രവർത്തന സാധ്യതകൾ

1 വീടു തോറും തോറും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുകയും പുറമ്പോക്കിലും വഴിയോരത്തും വേലിയരികിലും വൃക്ഷവൽക്കരണം നടത്തുകയും ചെയ്താൽ ഗ്രാമീണ മേഖലയിലെ ഇന്ധനോർജ്ജ പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കപ്പെടും.

2 കന്നുകാലി സമ്പത്തുള്ള വീടുകളിലെല്ലാം ബയോഗ്യാസ് ഉൽപ്പാദിപ്പിക്കപ്പെടണം.

3 ഒന്നിലധികം വാർഡുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറ് വൈദ്യുതോൽപാദനത്തിന് ഉപയോഗിക്കപ്പെടണം.

4 പ്രഷർ കുക്കറുകൾ, ദക്ഷതയേറിയ വിളക്കുകൾ എന്നിവയ്ക്ക് നിലവിലുള്ള സബ്സിഡിക്കുപുറമെ പഞ്ചായത്തുതല സബ്സിഡിയുടെ സാധ്യതകൾ കൂടി കണ്ടെത്തണം.

5 വാർഡു തലത്തിൽ ഊർജ്ജ സമിതികൾ രൂപീകരിക്കുകയും അടുപ്പിൻെറയും മറ്റും പ്രചരണങ്ങൾ നടത്തുകയും ചെയ്യുക.

6 സ്ട്രീറ്റ് ലൈറ്റുകളുടെ നടത്തിപ്പ് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിലാക്കുക.

7 പനമരം ടൗണിലെ മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി പ്രകാശോർജ്ജം ഉൽപ്പാദിപ്പിക്കാനുള്ള സാധ്യതകൾ ആരായുക.

8 കാറ്റാടി യന്ത്രം ഉപയോഗിച്ചുള്ള വൈദ്യുതി നിർമ്മാണത്തിൻെറ സാധ്യതകളെക്കുറിച്ച് പഠിക്കുക(8 -ാം വാർഡ് -കുറുമ്പാലക്കോട്ട)

9 പുഴകളിൽ തടയണ കെട്ടി ചെറിയ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുക.

1995 ലെ കണക്കു പ്രകാരം ഈ ഗ്രാമപഞ്ചായത്തിൽ 2500 വീടുകൾക്കും 600 വ്യാപാര സ്ഥാപനങ്ങൾക്കും, 43 വ്യവസായ സ്ഥാപനങ്ങൾക്കും 135 കാർഷിക സ്ഥാപനങ്ങൾക്കും വൈദ്യുതിയുണ്ട്. 225 അപേക്ഷകർക്ക് വൈദ്യുതി ബന്ധം കൊടുക്കുവാനുണ്ട്.

വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതു നിമിത്തം വൈദ്യുതി ബന്ധം വിഛേദിക്കപ്പെട്ട ആദിവാസി കോളനികളിലെ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കണം.

തെരുവു വിളക്കുകൾ-

ബൾബുകൾ - 80, ട്യൂബ് -26, സോഡിയം വേപ്പർ -6, മെർക്കുറി വേപ്പർ ഇല്ല.

ഗ്രാമസഭകളിൽ വന്ന മറ്റു നിർദ്ദേശങ്ങൾ

1 അഞ്ചുകുന്ന് വാരുമ്മൽ കടവ് റോഡിലും 6 -ാം മൈൽ കാപ്പുംകുന്ന് റോഡിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

2 നീർവാരം, മുക്രമൂല, മണിക്കോട്, കല്ലുവയൽ, തരകമ്പം എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

3 കാപ്പുംചാൽ, ചെറുകാട്ടൂർ പള്ളി, എസ്റ്റേറ്റ് മുക്ക്, കൊയിലേരി പാലം, കൂളിവയൽ, അംഗൻവാടി എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

4 എട്ട്, ഒൻപത് വാർഡുകളിലെ പ്രധാനപ്പെട്ട കവലകളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക.

5 പച്ചിലക്കാട്, ചുണ്ടക്കുന്ന്, അരിഞ്ചേർമല എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

6 കീഞ്ഞുകടവ് റോഡ്, ആരൂന്നൂർ ക്ഷേത്രം റോഡ്, കൂളിവയൽ ജംഗ്ഷൻ, ആറുമൊട്ടം കുന്ന് കോളനി റോഡ് കീഞ്ഞുകടവ് , കൈതയ്ക്കൽ, കരിമരുന്ന്, അറുമൊട്ടം കുന്ന്, പരക്കുനി എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

8

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

പാർപ്പിടം

പനമരം പഞ്ചായത്തിൽ ആവാസ സൗകര്യം പൊതുവിൽ പരിതാപകരമാണ്. ജനസംഖ്യയുടെ 45 % ത്തോളം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. 34% ത്തോളം പട്ടിക ജാതി-പട്ടിക വർഗ്ഗമാണ്. ഭൂരിഭാഗം ജനങ്ങളും കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ്. ജനങ്ങളുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥ പാർപ്പിട സൗകര്യങ്ങളിൽ വളരെ പ്രകടമാണ്. 50 % ത്തോളം വീടുകൾ ഓല/പുല്ല് മേഞ്ഞ കുടിലുകളാണ്. 42 % ഓടു മേഞ്ഞ വീടുകളും ഭവന നിർമ്മാണ രംഗത്തെ പുതിയ പ്രവണത- കോൺക്രീറ്റ് വൽക്കരണം പഞ്ചായത്ത് വ്യാപകമായിട്ടില്ലെന്നത് ശ്രദ്ധേയമാണ്. മൊത്തം വീടുകളുടെ ആറ് ശതമാനം മാത്രമാണ് കോൺക്രീറ്റ് കെട്ടിടങ്ങൾ. 50 ചതുരശ്ര മീറ്ററിൽ താഴെ തറ വിസ്തീർണ്ണമുള്ള ചെറിയ വീടുകളാണ് അധികവും.

പട്ടിക I

വീടുകളുടെ തരം തിരിവ് -വാർഡ് തിരിച്ച്

വാർഡ് നമ്പർ	ഒന്നിൽ കൂടുതൽ നിലകളുള്ളത്	കോൺക്രീറ്റ്	ഓട്	ഓല/പുല്ല്
I	8	87	290	428
II	3	18	407	786
III	13	31	448	331
IV	20	49	204	316
V	4	12	326	366
VI	5	25	395	233
VII	31	14	160	250
VIII	7	40	417	356
IX	7	79	253	623
X	2	24	337	557
XI	83	148	140	182
XII	40	27	252	400
XIII				
ആകെ	183	550	3929	4858

കുടിലുകളിൽ താമസിക്കുന്നവരിൽ അധികവും ആദിവാസി കുടുംബങ്ങളാണ്. 150 ൽ ഏറെ കുടുംബങ്ങൾ പുറംപോക്കിൽ കുടിൽകെട്ടി താമസിക്കുന്നവരാണ്.

കഴിഞ്ഞ 5 വർഷക്കാലത്ത് ശരാശരി വീടുകൾ നിർമ്മിക്കുവാനാണ് പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകിയിട്ടുള്ളത്. പുതിയ വീടുകളുടെ നിർമാണത്തിൽ ക്രമാനുഗതമായ പുരോഗതി പ്രകടമല്ല. 1991-95കാലയളവിൽ വീട് നിർമ്മാണത്തിൽ മുരടിപ്പ് പ്രകടമാണ്. 1995-96 വർഷത്തിൽ വീട് നിർമ്മാണത്തിലുണ്ടായ കുതിച്ചു കയറ്റം താൽകാലിക പ്രതിഷേധമാണ്. വീടുകളുടെ, ചുമർ, മേൽപ്പുര, തറവിസ്തീർണ്ണം നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കൾ എന്നിവ പരിഗണിച്ചാൽ മെച്ചപ്പെടുത്തേണ്ടവയാണ് പകുതിയോളം വീടുകളും.

പട്ടിക 2

വീട് നിർമ്മാണ പുരോഗതി - പട്ടിക

വർഷം	നിർമ്മിച്ച വീടുകളുടെ എണ്ണം
1991-92	266
1992-93	198
1993-94	214
1994-95	257
1995-96	356
ആകെ	1291

ആദിവാസി വിഭാഗങ്ങളുടെ വീട് നിർമ്മാണ രീതിയിൽ വന്ന മാറ്റം ശ്രദ്ധേയമാണ്. മുളയും ചെളിയു മുപയോഗിച്ച് വീടിന്റെ ചുമർ നിർമ്മിക്കുന്ന പരമ്പരാഗത രീതി പൂർണ്ണമായും അപ്രത്യക്ഷമായി കഴിഞ്ഞു. വനം വെട്ടിവെളുപ്പിക്കപ്പെട്ടതും മുളയുടെ ലഭ്യത കുറഞ്ഞതും ഇതിന് കാരണമായിട്ടുണ്ട്. ഇടത്തരം വലിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ സുലഭമായി ഉപയോഗിക്കപ്പെട്ടിരുന്ന ചിത്രപ്പണി ചെയ്ത മര ഉരുപ്പടികളും മരം കൊണ്ടുള്ള ചുമർ പാനലിംഗും പഴയ കഥയായി മാറിയിട്ടുണ്ട്. ഇതിന് സമാന്തരമായി കോൺക്രീറ്റ് വീടുകൾ വ്യാപകമാക്കാനുള്ള പൊതുപ്രവണത ദൃശ്യമാകാത്തതിനുള്ള ഉത്തരം സാമ്പത്തിക പിന്നോക്കാവസ്ഥയിൽ തന്നെ

പഞ്ചായത്തിൽ 1700 ഓളം കുടുംബങ്ങൾ താമസിക്കുന്ന 128 ആദിവാസി കോളനികളുണ്ട്. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത കുടിലുകളിൽ താമസിക്കുന്നവരൊ സ്വന്തമായി വീടില്ലാത്തവരൊ ആണ് അധികവും. ഇതോടൊപ്പം ഭവനരഹിതരായ മറ്റ് ദുർബ്ബല വിഭാഗങ്ങളും പുറമ്പോക്കിൽ താമസിക്കുന്നവരും പാർപ്പിടപ്രശ്നം സങ്കീർണ്ണമാക്കുന്നു.

വിവിധ സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 521 ഓളം വീടുകൾ മാത്രമാണ് പഞ്ചായത്തിൽ നിർമ്മിക്കാൻ കഴിഞ്ഞത്. പ്രശ്നത്തിന്റെ വ്യാപ്തിയും സങ്കീർണ്ണതയും പരിഗണിക്കുമ്പോൾ നിലവിലുള്ള സർക്കാർ പദ്ധതികൾ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി മെച്ചപ്പെടുത്താൻ പര്യാപ്തമല്ലെന്ന് വ്യക്തമാണ്.

പട്ടിക 3

ഭവന ലഭ്യത- വിവിധ പദ്ധതികളിലൂടെ

വർഷം	JRY/MWS	പ്രളയ ദുരിത ദുർഭല വിഭാഗം ഭവന വായ്പ	പഞ്ചായത്തിന്റെ ഉപാധി രഹിത ഫണ്ട്
1992-92	40		
1992-93	74		
1993-94	76	141	35
1994-95	92		
1995-96	63		
ആകെ	345	141*	35

*നടവയൽ വില്ലേജ് അതിർത്തിയിൽ ഉൾപ്പെട്ട പ്രദേശത്തെ വിവരം ഉൾപ്പെടുന്നില്ല.

സർക്കാർ ഭവന നിർമ്മാണ പദ്ധതികൾക്കു പുറമേ പനമരത്ത് പ്രവർത്തിക്കുന്ന ജില്ലാ കാർഷിക വികസന ബേങ്കും ജില്ലാസഹകരണ ബേങ്കും ഭവന നിർമ്മാണ വായ്പ നൽകുന്നുണ്ട്. കാർഷിക വികസന ബേങ്ക് 90-92 വർഷത്തിൽ 112 ഉം ജില്ലാ സഹകരണ ബേങ്ക് ആകെ 30 ഉം ഭവന നിർമ്മാണ വായ്പ അനുവദിച്ചിട്ടുണ്ട്.

നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ അപര്യാപ്തമാണ്. വായ്പാ സംഖ്യ കാലോചിതമായി വർദ്ധിക്കാത്തതും ഭവന നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനയും ഭവന നിർമ്മാണത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കെട്ടിട നിർമാണ തൊഴിലാളികളുടെ ദൗർലഭ്യമുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കൂലിയിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിനുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇഷ്ടിക നിർമാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതി പ്രചരിപ്പിക്കുന്ന, സർക്കാർ സംരംഭമായ നിർമ്മിതി കേന്ദ്രയുടെ ഒരു യൂണിറ്റ് പനമരത്ത് പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള 220 വീടുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. (പനമരം പഞ്ചായത്തിൽ ഇല്ല) സർക്കാർ, അർദ്ധസർക്കാർ, പൊതുസ്ഥാപനങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുകയും, ചെലവു കുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും വിപണനവും, നടത്തുകയും, സാങ്കേതിക സഹായം ലഭ്യമാക്കുകയും തൊഴിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. എങ്കിലും പഞ്ചായത്തിൽ ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതിക്ക് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

പ്രശ്നങ്ങൾ

1 കുടിലുകളിൽ താമസിക്കുന്നവരും സ്വന്തമായി വീടില്ലാത്തവരുമാണ് അധികവും.

2 ഭവന നിർമ്മാണ ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കണം.

3 ദുർബ്ബല വിഭാഗങ്ങൾക്ക് പലിശ രഹിത ഭവന വായപ് അനുവദിക്കണം.

4 നിലവിലുള്ള വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ നടപടി വേണം.

5 വർഷക്കാലത്ത് വെള്ളം കയറുന്ന പ്രദേശത്തുള്ളവരെ മാറ്റി പാർപ്പിക്കാൻ സ്ഥിരം സംവിധാനം ഉണ്ടാവണം.

6 സർക്കാർ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കണം.

7 ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കോളനികൾ സ്ഥാപിക്കണം.

8 പുരകെട്ടി മേയാനുള്ള ധനസഹായതുകയും എണ്ണവും വർദ്ധിപ്പിക്കണം.

9 ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

സാധ്യതകൾ -നിർദ്ദേശങ്ങൾ

1 നിലവിലുള്ള സർക്കാർ പദ്ധതികൾ, പഞ്ചായത്തിന്റെ സ്വന്തം ഫണ്ട്, ഉപാധി രഹിത ഫണ്ടിന്റെ വിഹിതം സന്നദ്ധ സംഘടനകളുടെ സഹായം, സന്നദ്ധ സേവനം എന്നിവ ഉപയോഗപ്പെടുത്തി പ്രതിവർഷം 300 വീടുകൾ വീതം, 5 വർഷം കൊണ്ട് 1500 വീടുകൾ നിർമ്മിക്കാനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത് പരിഗണിക്കാവുന്നതാണ്. ഇതിലേക്ക് നിർമിതി കേന്ദ്രത്തിന്റെ ഭവന നിർമ്മാണ രീതി ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്.

2 പുറമ്പോക്കിൽ താമസിക്കുന്നവരേയും മറ്റ് ഭൂരഹിതരേയും 4 സെൻറ് ഭൂമി നൽകുന്ന പദ്ധതി പ്രകാരം പുന:രധിവസിപ്പിക്കുന്നതിന് മുൻഗണന നൽകണം. അർഹരായവരെ കണ്ടെത്താൻ സമഗ്രമായ ഒരു സർവ്വേ നടത്താവുന്നതാണ്.

3 ഒരു ഭവന നിർമാണ സഹകരണ സംഘം രൂപികരിക്കുന്നതിനുള്ള പദ്ധതി പരിഗണിക്കാവുന്നതാണ്.

4 നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള ധന സഹായതുകകൾ ഗണ്യമായി വർദ്ധിപ്പിക്കണം.

5 പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള നിലവിലുള്ള പുനഃരുദ്ധാരണ പദ്ധതി സന്നദ്ധസംഘടനകളുടെ സഹായത്തോടെ കാര്യക്ഷമമാക്കണം.

6 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിന് പൊതു വിതരണ സമ്പ്രദായം ആവിഷ്കരിക്കണം. പഞ്ചായത്ത് കേന്ദ്രീകരിച്ച് ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപാദന വിപണന സഹകരണ സംഘം രൂപീകരിക്കാനുള്ള സാധ്യത ആരായാവുന്നതാണ്.

7 ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതിക്ക് വ്യാപകമായ പ്രചരണം നൽകണം. നിർമ്മിതി കേന്ദ്രത്തിന്റെ സഹായം തേടാവുന്നതാണ്.

8 പട്ടികജാതി-പട്ടിക വർഗ്ഗ ദുർബ്ബല വിഭാഗങ്ങൾ ക്കുള്ള സർക്കാർ ഭവന നിർമ്മാണപദ്ധതികളുടെ അഴിമതി ഒഴിവാക്കുന്നതിന് പഞ്ചായത്തിന്റെ നേരിട്ട് ഉള്ള മേൽ നോട്ടത്തിൽ പദ്ധതി നടപ്പിലാക്കണം. ഈ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം നിർമിതി കേന്ദ്രയെ ഏൽപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

9 കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പരിപാടി പഞ്ചായത്തിൽ ലഭ്യമായ വിദഗ്ദരായ കെട്ടിട നിർമ്മാണ തൊഴിലാളികളെ ഉപയോഗപ്പെടുത്തി തൊഴിൽ രഹിത പരിശീലന പദ്ധതി

നടപ്പിലാക്കി പരിഹരിക്കാം. ഒരു പൈലറ്റ് പ്രോജക്റ്റായി 10 പേർക്ക് കെട്ടുപണി, ആശാരി പണി എന്നിവയിൽ പരിശീലനം നൽകാവുന്നതാണ്. അപ്രൻറിസ് കാലത്ത് ട്രൈനികൾക്ക് സ്റ്റൈപ്പൻറ് നൽകണം. പഞ്ചായത്ത് ചെറിയ തുക ഗ്രാൻറ് നൽകി സന്നദ്ധ സംഘടനകളെ കൊണ്ട് ഈ പരിപാടി ഏറ്റെടുപ്പിക്കാവുന്നതാണ്. നിർമിതി കേന്ദ്രം നടപ്പിലാക്കുന്ന നിലവിലുള്ള തൊഴിൽ പരിശീലനം വിപുലമാക്കാനുള്ള സാധ്യത ആരായാവുന്നതാണ്

10 ദുർബ്ബല വിഭാഗങ്ങളുടെ ഭവന പുന:രുദ്ധാരണത്തിന് കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സർവ്വീസ് സംഘങ്ങൾ രൂപീകരിക്കണം. ഇതിന് തൊഴിലാളി സംഘടനകളുടെ സഹകരണം തേടാവുന്നതാണ്.

സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം പഞ്ചായത്തിലെ 45 % ത്തോളം ജനങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ഭൂരിഭാഗം വരുന്ന ആദിവാസി ദുർബല വിഭാഗങ്ങളുടെ സാമൂഹ്യസ്ഥിതി ശോചനീയമാണ്. സമഗ്രമായ സാമൂഹ്യക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക വഴിയേ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും സാമൂഹ്യസ്ഥിതി മെച്ചപ്പെടുത്താനും കഴിയുകയുള്ളൂ

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള സാമൂഹ്യക്ഷേമ പരിപാടികളുമാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പാവപ്പെട്ടവരുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്താനും ഉദ്ദേശിച്ചുള്ള വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ പ്രകാരം, അർഹരായ വളരെ ചെറിയ വിഭാഗത്തിന് മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളൂ. പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 4093 കുടുംബങ്ങളെയാണ് I R D P ധന സഹായത്തിന് അർഹതയുള്ളവരായി കണ്ടെത്തിയിട്ടുള്ളത്. എന്നാൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 234 കുടുംബങ്ങൾക്കാണ് ധന സഹായം ലഭിച്ചിട്ടുള്ളത്.

പട്ടിക 4

I R D P സഹായ ലഭ്യത പട്ടിക

വർഷം	ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ എണ്ണം
1992-93	65
1993-94	52
1994-95	70
1995-96	47
ആകെ	234

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടത്തിപ്പിലെ ഗുരുതരമായ വീഴ്ചകൾ മൂലം ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു പോയിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ പാവപ്പെട്ടവർക്ക് പരമാവധി പ്രയോജനം കിട്ടുന്നവയായിരിക്കണം. പക്ഷേ മിക്ക തൊഴിൽ പദ്ധതികളുടെയും ഗുണഭോക്താക്കൾ അധികവും സമൂഹത്തിലെ മേലെക്കിടയിലുള്ളവരാണ്. ഇപ്പോൾ J R Y പോലുള്ള തൊഴിൽ പദ്ധതികൾ റോഡു നിർമ്മാണത്തിന് അമിത പ്രാധാന്യം നൽകുന്നു. ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ റോഡുകൾക്കുള്ള പ്രാധാന്യം പരിമിതമാണ്. പ്രാദേശികമായ വിഭവ സാധ്യതകളോ ഗുണഭോക്താക്കളുടെ അഭിരുചിയോ കണക്കിലെടുക്കാതെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇത് മൂലം, നടപ്പിലാക്കുന്ന പരിമിതമായ പദ്ധതികളുടെ ലക്ഷ്യം പോലും പരാജയപ്പെടുന്നു.

ഗ്രാമീണ യുവജനങ്ങളെ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ട്രൈസം പദ്ധതിയിലൂടെ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 37 പേർക്ക് മാത്രമാണ് തൊഴിൽ പരിശീലനം നൽകിയത്. പ്രാദേശികമായ ആവശ്യങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ തൊഴിലിൽ കൂടുതൽ പേർക്ക് പരീശീലനം നൽകാനും പരിശീലനം ലഭിച്ച മേഖലയിൽ തൊഴിൽ കണ്ടെത്താനും നിലവിലുള്ള സംവിധാനം പര്യാപ്തമല്ല.

പട്ടിക 5

ട്രൈസം തൊഴിൽ പരിശീലനമ ലഭിച്ചവരുടെ വിവരം

വർഷം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവർ
1992-93	10	4
1993-94	12	7
1994-95	7	2
1995-96	8	2
ആകെ	37	15

ഗ്രാമീണ സ്ത്രികളുടെയുംകുട്ടികളുടെയും ഉന്നമനത്തിനായുള്ള ഹ . ദ ഥ ന പദധെതി പ്രകാരംകഴിഞ്ഞ 5 വർഷത്തിനുള്ളിൽ പഞ്ചായത്തിലെ 5 വാർഡുകളിൽ ഓരോ പശു വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക ആവശ്യവും സാധ്യതയും കണക്കിലെടുത്ത് വൈവിദ്ധ്യമുള്ള പരിപാടികൾ ആവിഷ്കരിക്കുവാൻ കഴിയുന്നില്ല.

പട്ടിക 6

DW C R A സഹായ ലഭ്യത

ആരംഭിച്ച വർഷം	തൊഴിൽ സംരംഭത്തിന്റെ ഇനം/എണ്ണം
1992-93	ഡയറി യൂണിറ്റ്. 1 ·
1993-94	ഡയറി യൂണിറ്റ് / ആട് 1
1994-95	ഡയറി യൂണിറ്റ് - 1
1995-96	ഡയറി യൂണിറ്റ് / ആട് 1

പഞ്ചായത്തിൽ വിവിധ പെൻഷൻ പദ്ധതികളെ ക്കുറിച്ചുള്ള പരിശോധനയിൽ അർഹരായ ധാരാളം പേർക്ക് ഇനിയും ആനുകൂല്യം ലഭിക്കാനുണ്ടെന്ന് വ്യക്തമായിട്ടുണ്ട്

പട്ടിക 7

പെൻഷൻ ലഭിച്ചവരുടെ വിവരം

പെൻഷൻ ലഭിച്ചവരുടെ വിവരം

	1991-92	1992-93	1993-94	1994-95	1995-96	ആകെ
അഗതി പെൻഷൻ	3	-	-	4	2	9
വിധവ പെൻഷൻ	50	9	14	13	13	99
വികലാംഗ പെൻഷൻ	42	6	4	9	4	65
വാർദ്ധക്യകാല പെൻഷൻ	9	1	2	1	6	19

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 31 അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. കെട്ടിടങ്ങളില്ലാത്ത 14 അംഗൻ വാടികൾ ഉണ്ട്. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മുൻഗണന ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1 നിലവിലുള്ള ക്ഷേമ പദ്ധതികൾ അപര്യാപ്തമാണ്. ക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല.

2 ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം വരുന്നു.

3 നിലവിലുള്ള അംഗൺവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. കൂടുതൽ അംഗൺവാടികൾ ആവശ്യമാണ്.

4 അംഗൺവാടികളിൽ കുട്ടികൾക്ക് സൗജന്യ വൈദ്യ പരിശോധന ആവശ്യമാണ്.

5 പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് ക്രഷെ സ്ഥാപിക്കണം.

6 കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

7 നിർമ്മാണ തൊഴിലാളികളുടെ കൂലി ഏകീകരിക്കണം.

സാധ്യതകൾ നിർദ്ദേശങ്ങൾ

1 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഗുണഫലം പരമാവധി പാവപ്പെട്ടവർക്ക് കിട്ടിയെന്ന് ഉറപ്പുവരുത്തണം. പാവപ്പെട്ടവരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതും പ്രാഥമിക വിഭവ സാധ്യതകൾ ഉള്ളതുമായ തൊഴിൽ സംരംഭങ്ങൾ മാത്രം ഏറ്റെടുക്കണം.

2 വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവുകൾ, വായനശാലകൾ അംഗൺവാടികൾ, സന്നദ്ധ സംഘടനകൾ എന്നിവയിലൂടെ ലഭ്യമാക്കാനുള്ള സംവിധാനം ഔദ്യോഗികമായി ആവിഷ്കരിക്കാവുന്നതാണ്.

3 വിവിധ പെൻഷൻ പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും ജനകീയ സമിതികൾ രൂപീകരിക്കണം.

4 പഞ്ചായത്തിലെ മുഴുവൻ ആദിവാസി കുടുംബങ്ങളെയും ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാധ്യത ആരായാവുന്നതാണ്.

5 ട്രൈസം പദ്ധതിയിൽ കൂടുതൽ പേർക്ക് പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി ആവിഷ്കരിക്കണം. അതിൽ ബാങ്കു വായ്പയുടെ ലഭ്യത ഉറപ്പുവരുത്തണം.

6 DWCRA യൂണിറ്റ് സ്ഥാപിക്കൽ-വാർഡുകൾ തോറും പ്രതിവർഷം ഒന്ന് വീതം DWCRA യൂണിറ്റുകൾ സ്ഥാപിക്കാം. റെഡിമേയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണ യൂണിറ്റ് തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

7 പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് പുതിയ അംഗൺവാടികൾ സ്ഥാപിക്കുകയും കെട്ടിടമില്ലാത്തവർക്ക് കെട്ടിടം നിർമ്മിക്കുന്നതിനും മുൻഗണനാടിസ്ഥാനത്തിൽ നടപടി എടുക്കണം. അംഗൺവാടികളിൽ ആവശ്യമായ ഫർണിച്ചറുകൾ, കളിക്കോപ്പുകൾ, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം. സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്. അംഗൺവാടി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തേണ്ടതാണ്.

8 തൊഴിലാളികളുടെയും ജീവനക്കാരുടെയും കുട്ടികൾക്ക് വേണ്ടി പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് ഒരു ക്രഷെ സ്ഥാപിക്കണം.

9 പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കണം.

10 ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങളിലും 5 വർഷം കൊണ്ട് കക്കൂസ് നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിക്കണം. കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടിയിലെ ഇരട്ട കുഴി കക്കൂസ് നിർമ്മാണ പദ്ധതി, നിർമ്മിതി കേന്ദ്രത്തിന്റെ ചെലവു കുറഞ്ഞ കക്കൂസ് നിർമ്മാണ പദ്ധതി എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെയും ഇതര സാമൂഹ്യക്ഷേമ പദ്ധതിയുടെയും നടത്തിപ്പിലെ മുൻഗണനാ ക്രമം നിശ്ചയിക്കുന്ന നിലവിലുള്ള സമീപനത്തിൽ പൊളിച്ചെഴുത്ത് വരുത്തേണ്ടത് അനിവാര്യമാണ്. ഒരു കി. മീ. റോഡിന് ചിലവാക്കുന്ന തുക കൊണ്ട് 12 അംഗൺവാടികൾ പണിയാം. ഇത്തരത്തിലുള്ള ഒരു സമീപന രീതിയിലൂടെ സാമൂഹ്യക്ഷേമരംഗത്ത് മാറ്റം ഉണ്ടാക്കാൻ കഴിയും.



9 വനിതാക്ഷേമം

പ്രാചീനഭാരതത്തിൽ സ്ത്രീ സംപൂജ്യയായിരുന്നു. എല്ലാ രംഗങ്ങളിലും മേധാവിത്വവും പ്രാമാണ്യവും ഉണ്ടായിരുന്നു. ആദ്യകാല ഗോത്രവ്യവസ്ഥയിൽ സ്ത്രീയായിരുന്നു ഗോത്രത്തിന്റെ നേതൃത്വം വഹിച്ചിരുന്നത്. വിദ്യാഭ്യാസ വിഷയങ്ങളിലും അവൾ ഔന്നത്യം നേടിയിരുന്നു. മഹത്തായ ശക്തിയുള്ളവൾ എന്ന അർത്ഥത്തിൽ മഹിളയെന്നു വിളിക്കപ്പെട്ടു. സൃഷ്ടിയും സ്ഥിതിയും പരിപാലനവും എല്ലാം സ്ത്രീയുടെ ഔദാര്യമായിരുന്നു. ശക്തിശ്രോതസ്സുകൾക്കല്ലാം അന്നുഭാരതീയർ സ്ത്രീ സങ്കൽപ്പം നൽകിയിരുന്നു. എന്നാൽ കാലത്തിന്റെ പ്രവാഹത്തിൽ ഈ മഹത്തായസങ്കൽപ്പവും ഔന്നത്യവും തകിടം മറിഞ്ഞു. സ്ത്രീ ഒരു രണ്ടാംതരം പൗരയായി മാറി. ഇതിന്നാധാരമായ ചരിത്രവസ്തുതകൾ കണ്ടെത്തി പ്രശ്നപരിഹാരം തേടേണ്ടത് ഇന്നത്തെ തലമുറയുടെ കർത്തവ്യമാണ്. ഈ രംഗത്താണ് വനിതാക്ഷേമപ്രവർത്തകരുടെ ശ്രദ്ധ പതിയേണ്ടത്.

ഇന്നു സ്ത്രീ എല്ലാ രംഗങ്ങളിലും രണ്ടാം സ്ഥാനക്കാരിയാണ്. കായികശേഷികൊണ്ടു പുരുഷൻ പ്രഥമഗണനീയനായിമാറി. അടിച്ചേൽപ്പിക്കപ്പെട്ട 'അലസത' സ്ത്രീയെ ക്രമേണ അടിമകളും അബലകളുമാക്കിമാറ്റി.

നമ്മുടെ ഭരണഘടന എല്ലാരംഗങ്ങളിലും വനിതകൾക്കു പുരുഷൻമാർക്കൊപ്പം അവസരസമത്വവും അവകാശവും ഉറപ്പു നൽകുന്നുണ്ട്. എന്നിട്ടുമെന്തേ നമ്മുടെ വനിതകളുടെ പദവി ഉയരാത്തത്. ഇന്നത്തെ ഈ ദുരവസ്ഥക്കെതിരെ വനിതകൾ ഉയർത്തെഴുന്നേൽക്കണം. അർഹിക്കുന്ന സ്ഥാനമാനങ്ങൾ പിടിച്ചുപറ്റണം. ഇവിടെയാണ് സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ മികവും തികവും കാണേണ്ടത്.

കേരളത്തിന്റെ ഇതരഭാഗങ്ങളിലെന്നപോലെ ഈ ഗ്രാമപഞ്ചായത്തിലും മരുമക്കത്തായ സമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. 'ഉഗ്രശാസൻമാരായ' കാരണവൻമാരുടെ കീഴിൽ ഗൃഹജോലിയും കുട്ടികളെ വളർത്തലും മറ്റുമായി അവൾ ഒതുങ്ങിക്കൂടി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവളുടെ കൂടപ്പിറപ്പുകളായി. ചാതുർവർണ്യം അടിച്ചേൽപ്പിച്ച വസ്ത്രധാരണ രീതിയും തൊഴിൽരംഗത്തെ വിഭാഗീയതയും അവളെ സാമൂഹ്യരംഗങ്ങളിൽ നിന്നും പറിച്ചുമാറ്റി.

ആദിവാസി സ്ത്രീകളുടെ വസ്ത്രധാരണരീതി മറ്റുള്ളവരിൽനിന്നും തികച്ചും ഭിന്നമായിരുന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾ വസ്ത്രധാരണത്തിലെന്നപോലെ സംസാരഭാഷയിലും നിലനിന്നിരുന്നു. ഈ രീതി അധികം ബാധിച്ചിരുന്നത് സ്ത്രീകളെയാണ്. ഉന്നതകുലജാതർ നാഗപടത്താലിയും മറ്റു സ്വർണ്ണാഭരണങ്ങളും ധരിച്ചപ്പോൾ ആദിവാസികൾ കല്ലുമാലയും ഓട്ടമുക്കാൽമാലയും ധരിച്ചിരുന്നു. കാതിൽ പനയോലയായിരുന്നു ധരിച്ചിരുന്നത്. പനയോലയിൽ പശചേർത്ത് കുന്നിക്കുരു ഒട്ടിച്ചും ഉപയോഗിച്ചിരുന്നു.

വിദ്യാഭ്യാസ സൗകര്യം വളരെ കുറവായിരുന്നു. ആശാൻ കളരികളിൽ സാധാരണസ്ത്രീകൾക്ക് അവസരം നിഷേധിക്കപ്പെട്ടു. കുടിയേറ്റകർഷകരുടെ ആഗമനത്തോടെ കാർഷിക – സാമൂഹ്യ – സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഗണ്യമായ വ്യതിയാനം സംഭവിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാതിലുകൾ ഏവർക്കുമായി തുറക്കപ്പെട്ടു. വസ്ത്രധാരണ രീതിയിലും ആചാരമര്യാദയിലും മാറ്റങ്ങൾ ഉണ്ടായി.

എങ്കിൽപ്പോലും വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് വേണ്ടത്ര ബോധം എല്ലാവർക്കും ഉണ്ടായില്ല. സാമൂഹ്യമായ വിലക്കുകൾ ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വിദ്യാലയങ്ങളുടെ കുറവ്, അനൗപചാരിക വിദ്യാലയങ്ങൾ ഇല്ലായ്മ തുടങ്ങിയവ ഇതിന്റെ പ്രധാനകാരണങ്ങൾ ആയിരുന്നു.

തൊഴിൽമേഖലയിലും സ്ത്രീകൾ ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. കാർഷികമേഖലയിൽ അന്നുണ്ടായിരുന്ന തൊഴിലുകൾ പലതും ഇന്നില്ലാതായി. എന്നാൽ അന്നത്തേതിനെ അപേക്ഷിച്ചുള്ളൊരു പ്രത്യേകത ഇന്ന് പുരുഷൻമാർ ചെയ്യുന്ന മിക്കജോലികളും സ്ത്രീകളും ചെയ്യുന്നുണ്ടെന്നുള്ളതാണ്. തുല്ല്യജോലിക്ക് തുല്ല്യ വേതനം എന്നതത്വം സേവനമേഖലയിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നു. കുടുംബത്തിലെ ക്ഷേമൈശ്വര്യങ്ങളുടെ പ്രതീകമായി സ്ത്രീയെ കണക്കാക്കപ്പെടുന്നെങ്കിലും കുടുംബജോലികൾ സ്ത്രീയുടെ കടമയാണെന്ന ധാരണക്ക് ഇന്നും വേണ്ടത്ര മാറ്റംവന്നിട്ടില്ല.

നമ്മുടെ രാജ്യത്തിന്റെ കലാകായിക രംഗങ്ങളിൽ ആധിപത്യം മിക്കവാറും സ്ത്രീകൾക്കുതന്നെയാണ്. നാടിന്റെ ഉയർച്ച വനിതകളുടേയും കൂടി ക്ഷേമമാണ്. എല്ലാ വികസനമേഖലകളിലും ഭരണരംഗങ്ങളിലും സ്ത്രീകൾക്ക്

അർഹമായ പ്രാധാന്യം ലഭ്യമായേപറ്റൂ. വനിതാസംഘടനകൾ ഇതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ ജനസംഖ്യ 45000 ആണ് (ഏകദേശം). ഇതിൽ സ്ത്രീകളുടെ എണ്ണം ഏതാണ്ട് 23000 വരും. വിദ്യാലയങ്ങളിലെ അംഗസംഖ്യയിലും പെൺകുട്ടികൾതന്നെ മുന്നിൽ. പള്ളിക്കുന്നിൽ സ്ഥിതിചെയ്യുന്ന ലൂർദ്മാതാ ഹൈസ്ക്കൂൾ പെൺകുട്ടികൾക്കുവേണ്ടിയുള്ളതാണ്.

നിർദ്ദേശങ്ങൾ – പരിഹാരങ്ങൾ

1. വനിതകളുടെ തൊഴിൽസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദഗ്ദപരിശീലനത്തിനും ആവശ്യമായ ഡ്രൈവിങ്ങ് സ്ക്കൂളുകൾ, ഓട്ടോമൊബൈൽ വർക്കുഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കണം.

2. വിദ്യാഭ്യാസസ്ഥാപനങ്ങളിലും മറ്റു തൊഴിൽ സ്ഥാപനങ്ങളിലും വനിതാജീവനക്കാർക്ക് പ്രാഥമികാവശ്യങ്ങൾക്കായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

3. സംയോജിത വികസനപദ്ധതികളിൽ അമ്മമാർക്കാവശ്യമായ ബോധവൽക്കരണം നടത്തണം. സെമിനാറുകളിൽ മദ്യം, മയക്കുമരുന്ന്, സ്ത്രീപീഢനം, സ്ത്രീധനം ഇവക്കെതിരെയുള്ള ബോധവൽക്കരണം നിർബന്ധമാക്കണം.

4. മഹിളാസമാചങ്ങളുടെ പ്രവർത്തനങ്ങൾ കക്ഷിരാഷ്ട്രീയത്തിന് അതീതമാകണം. പഴയതും പുതിയതുമായ മുപ്പതോളം മഹിളാസമാചങ്ങൾ ഇവിടെപ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കണം.

5. പനമരത്ത് വനിതാവിഭാഗം അടങ്ങിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

6. വനിതാലീഗൽസെൽ ആരംഭിക്കണം.

7. കുടുംബാസൂത്രണ വിഷയങ്ങളോടൊപ്പം ആരോഗ്യപരമായ കാര്യങ്ങളിലും രോഗപ്രതിരോധവിഷയങ്ങളെക്കുറിച്ചും പ്രാഥമിക ശുശ്രൂഷയെക്കുറിച്ചും ക്ലാസ്സുകൾ നൽകണം.

8. പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്ന അമ്മമാരോടുള്ള വിവേചനം അവസാനിപ്പിക്കണം.

9. ആയിരം ജനസംഖ്യക്ക് ഒരു അങ്കൺവാടി എന്ന തത്വം പ്രാവർത്തികമാക്കണം.

10. മഹിളാസമാജങ്ങൾ പുകയില്ലാത്ത അടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് വീട്ടമ്മമാരെ ബോധ്യപ്പെടുത്തണം.

11. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിന് തൊഴിൽശാലകളോടനുബന്ധിച്ച് 'ക്രഷു'കൾ സ്ഥാപിക്കണം.

12. സഹകരണാടിസ്ഥാനത്തിൽ ഔഷധത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കണം. തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് മുൻഗണന നൽകണം.

13. അഞ്ചുകുന്നു കേന്ദ്രമായി പഴം, പച്ചക്കറി കേന്ദ്രങ്ങൾ മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ തുടങ്ങണം.

14. അമ്മമാരുടെയും സ്ത്രീകളുടെയും സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് ഉദ്യാനകൃഷി, പച്ചക്കറിത്തോട്ടം ഇവ നടപ്പിലാക്കേണ്ടതാണ്.

15. കായക്കുന്ന് കേന്ദ്രമായി കോഴിവളർത്തൽ കേന്ദ്രം ആരംഭിക്കണം. നീർവാരം കേന്ദ്രമായുള്ള അഗർബത്തി നിർമ്മാണകേന്ദ്രം പുനരുജ്ജീവിപ്പിക്കണം.

16. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സോപ്പുനിർമ്മാണം, കക്കനീറ്റൽ, ഇഷ്ടിക, ഓട്, തീപ്പെട്ടി, റക്സിൻനിർമ്മാണം, കളക്കോപ്പുനിർമ്മാണം, ബുക്ക്ബൈന്റിംഗ്, ബട്ടൺ നിർമ്മാണം, ബ്യൂട്ടിപാർലർ, സോഡാ ഫാക്ടറി, അടയ്ക്കാസംസ്ക്കരണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയവ സ്ഥാപിച്ചാൽ സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതാണ്.

17. ആദിവാസികളും അവിവാഹിതകളുമായ അമ്മമാരെ പുനരധിവസിപ്പിക്കുകയും സ്വയംതൊഴിൽ കണ്ടെത്തുന്ന പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്യുക.

18. ഐ. ആർ. ഡി. പി. ഉൽപ്പന്നങ്ങളുടെ വിപണനം ഊർജ്ജിതമാക്കാൻ കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങണം.

19. സാക്ഷരതാപ്രവർത്തനങ്ങളിൽ മഹിളാസമാജങ്ങൾക്ക് ഗണ്യമായ സംഭാവനകൾ നൽകാൻ കഴിയും. അതിനായി അവർക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകേണ്ടതാണ്.

20. മിൽക്ബൂത്തുകളിൽ വനിതകളെ നിയമിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

21. മഹിളാസമാജങ്ങൾ കേന്ദ്രീകരിച്ച് വ്യവസായശാലകൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുക.

22. കരിമംകുന്നിൽ മഹിളാഇലക്ട്രേണിക് യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ഖാദി ബോഡിന്റെ ധനസഹനയത്തോടെ നിർമ്മിക്കുക.

23. വിധവകൾ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, അവിവാഹിതരായ അമ്മമാർ എന്നിവരെ ഉൾപ്പെടുത്തി കാപ്പുംചാലിൽ വ്യവസായയൂണിറ്റ് ആരംഭിക്കണം.

സമൂഹത്തിന്റെ സർവോൻമുഖമായ വളർച്ചയും വികാസവും, സമൂഹത്തിൽ സ്ത്രീയുടെ പദവിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അവരുടെ ക്ഷേമൈശ്വര്യങ്ങൾ ഉറപ്പ്വരുത്തേണ്ടത് ഏതൊരു പരിഷ്കൃത ജനസമൂഹത്തിന്റെയും പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. അതിന്നുതകുന്ന പരിപാടികൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് അർപ്പണമനോഭാവത്തോടെ നടപ്പാക്കിയാൽമാത്രമെ സമൂഹം അതിന്റെ കടമ നിർവ്വഹിക്കപ്പെടുകയുള്ളൂ.

10 സഹകരണം

'പരസ്പരസഹായത്തിൽക്കൂടിയുള്ള സ്വശ്രയത്വം' എന്നാണ് സഹകരണ പ്രസ്ഥാനത്തെ അതിന്റെ പിതാവായ റോബർട്ട് ഓവൻ വിശേഷിപ്പിച്ചിരിക്കുന്നത്. എല്ലാവരും എല്ലാവർക്കും വേണ്ടി എന്ന ആശയം പ്രചരിപ്പിക്കുന്ന ഈ പ്രസ്ഥാനത്തിന് ഏറെ സാധ്യതകളുണ്ട്.

പനമരം പഞ്ചായത്ത് ഉൾപ്പെടുന്ന മേഖലയിൽ 1921-ൽ തന്നെ സഹകരണ പ്രസ്ഥാനങ്ങൾ ഉടലെടുത്തതായി കാണാം. സർവ്വീസ് സഹകരണ ബാങ്കുകളുടെ ആദ്യരൂപം 'പരസ്പര സഹായ ഐക്യ നാണയ സംഘം' ആയിരുന്നു.

പനമരം ഐക്യ നാണയ സംഘം:

കുപ്പത്തോട് പൊങ്ങിണി ചീക്കല്ലൂർ വില്ലേജുകൾ ഉൾപ്പെടുത്തി പനമരം ഐക്യ നാണയ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത് 24-10-1921 ലാണ്. തുടക്കത്തിൽ 38 മെമ്പർമാരുണ്ടായിരുന്ന സംഘം ആദ്യമായി പ്രവർത്തനം ആരംഭിച്ചത് ചെറുകാട്ടൂരിൽ കേളോത്ത് എന്ന ഭവനത്തിൽ വെച്ചായിരുന്നു. 1963-ൽ ഈ സംഘം വിഭജിക്കപ്പെടുകയും പൊങ്ങിണി ചീക്കല്ലൂർ അംശം വേറിട്ടു പോവുകയും കുപ്പത്തോടംശം മാത്രം പരിധിയായി നിർണ്ണയിക്കപ്പെടുകയും ചെയ്തു. ഈ സംഘം ബേങ്കായി മാറുന്നത് 1963 ൽ നവംബർ 16നാണ്. ഇപ്പോഴത്തെ പ്രസിഡണ്ട് പി. സി. മാധവൻ നമ്പ്യാരാണ്.

മുൻപു വേതനം പറ്റാതെയുള്ള സേവനമായിരുന്നു. 1953 ൽ ആണ് ആദ്യത്തെ ജീവനക്കാരൻ നിയമിതനാവുന്നത്. ഇന്ന് ബേങ്കിന് 9 അംഗങ്ങളുള്ള ഡയറക്ടർ ബോർഡും 20 സ്ഥിര ജീവനക്കാരും കാപ്പുംചാൽ, നീർവാരം തുടങ്ങി രണ്ടു ശാഖകളും ഉണ്ട്. ബേങ്കിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്.

അഞ്ചുകുന്ന് ഐക്യ നാണയ സംഘം

അഞ്ചുകുന്ന് ഐക്യ നാണയ സംഘം 8-11-1921 ൽ പ്രവർത്തനം ആരംഭിച്ചു. ആദ്യയോഗം മാങ്ങാപാളി ശ്രീ. ഇ. പി. നാരായണ ശർമ്മയുടെ വീട്ടിൽ വെച്ചായിരുന്നു. അദ്ദേഹം തന്നെയായിരുന്നു സ്ഥാപക പ്രസിഡണ്ട്. കുറെ കാലത്തേക്ക് പ്രവർത്തനം നിലച്ച സംഘത്തിന്റെ ആസ്ഥാനം അഞ്ചുകുന്നിൽ നിന്നും ഏച്ചോത്തേക്ക് മാറ്റി. 1966 ൽ ഈ സംഘം രണ്ടായി പിരിയുകയും അഞ്ചുകുന്ന്, ഏച്ചോം സർവ്വീസ് ബേങ്കുകൾ നിലവിൽവരികയും ചെയ്തു. (ഏച്ചോം സർവ്വീസ് ബേങ്കിൽ ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. സി.കെ. കുഞ്ഞികൃഷ്ണൻ മാസ്റ്ററാണ്. ബേങ്കിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞെങ്കിലും പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്തിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ഭരണമാണ് നിലവിലുള്ളത്.) പത്തുസെന്റ് ഭൂമിയും അതിലൊരു കെട്ടിടവും ബേങ്കിന് സ്വന്തമായുണ്ട്. കൂടുതൽ വിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

ശ്രീ. ഇ. പി. ഈശ്വരൻ എമ്പ്രാന്തിരി ചീഫ് പ്രൊമോട്ടറായി 10-6-66 ൽ അഞ്ചുകുന്ന് സർവീസ് സഹകരണബേങ്ക് നിലവിൽ വന്നു. ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. വട്ടമറ്റം വർഗ്ഗീസാണ്. ബേങ്കിന്റെ കീഴിൽ 3 ജീവനക്കാരുണ്ട്. സ്വന്തമായി പ്രവർത്തിക്കുന്ന ബേങ്കിന് ഒരു വളം ഡിപ്പോയും കൺസ്യൂമർ സ്റ്റോറും ഉണ്ട്. (ബേങ്കിന്റെ മറ്റു വിവരങ്ങൾക്ക് പട്ടിക 1 കാണുക.)

വയനാട് സഹകരണ ഭൂപണയ ബേങ്ക്.

പനമരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ബേങ്ക് 28-3-60 ൽ പ്രവർത്തനം ആരംഭിച്ചു. LL 230 റജിസ്റ്റർ നമ്പറിലുള്ള പ്രസ്തുത ബേങ്കിന്റെ സ്ഥാപക പ്രസിഡണ്ട് ശ്രീ. പി.എം. പത്മനാഭൻ ആയിരുന്നു. ശ്രീ. കല്ലിൽ അബു (വൈ. പ്ര), ശ്രീ. മന്ദത്ത് പത്മനാഭൻ നായർ (ട്രഷറർ), ബി.വി. മത്തായി, എ. എം. സിദ്ധാർത്ഥൻ, പി. കുഞ്ഞിരാമൻ നായർ, പി. വെങ്കിടസുബ്ബൻ, പി. സി. കുഞ്ഞനന്തൻ നമ്പ്യാർ, എ. വെങ്കിട നരസിംഹനാഥൻ എന്നിവർ പ്രഥമ ഡയറക്ടർ ബോർഡംഗങ്ങളായിരുന്നു. ശ്രീ. എം. കെ. കുഞ്ഞികൃഷ്ണൻ നായർ, പി. കുഞ്ഞിരാമൻ നായർ, പി. വി. സഹദേവൻ, ടി. മോഹനൻ എന്നിവർ പ്രസിഡണ്ടുമാരായിരുന്നിട്ടുണ്ട്.

ഭൂപണയ ബേങ്ക് എന്നത് പിന്നീട് വയനാട് കാർഷിക വികസന ബേങ്ക് എന്നാക്കി മാറ്റി. വയനാട് മുഴുവനും പ്രവർത്തനമേഖലയായുണ്ടായിരുന്ന ബേങ്കിന്റെ മേഖല വൈത്തിരി താലൂക്കിൽ പുതിയ ബേങ്കിന്റെ ഉത്ഭവ

ത്തോടെ മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ താലൂക്കുകളിൽ ഒതുങ്ങി തുടക്കത്തിൽ രണ്ടക്കത്തിൽ ഒതുങ്ങിനിന്ന മെമ്പർഷിപ്പ് ഇന്ന് 14,000 ൽ പരമായി വർദ്ധിച്ചിരിക്കുന്നു. പനമരം പഞ്ചായത്തിൽ തന്നെ ബേങ്കിന് 2500 ൽ പരം മെമ്പർമാരുണ്ട്.

ഇന്നു ബേങ്കിന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ല. അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിലാണ് ബേങ്ക് ഇപ്പോൾ. ഇരുപത്തൊമ്പത് ജീവനക്കാർ ആവശ്യമുള്ളടത്ത് ഇപ്പോഴുള്ളത് 14 പേർമാത്രമാണ്. താഴെ പറയുന്ന പദ്ധതികൾക്കാണ് ബേങ്ക് വായ്പ നൽകിവരുന്നത്.

1. ചെറുകിട ജലസേചന പദ്ധതികൾ
2. ഭൂവികസന പദ്ധതികൾ
3. ട്രാക്ടർ, ട്രില്ലർ മുതലായവ വാങ്ങുന്നതിന്
4. തോട്ടവിളകൾ കൃഷി ചെയ്യുന്നതിന്
5. മൃഗസംരക്ഷണത്തിന്
6. സാധാരണ വായ്പകൾ
7. കാർഷികേതരവായ്പകൾ

ചെറുകിട വ്യവസായങ്ങൾക്ക്

ചെറുകിട ചരക്കുവാഹനങ്ങൾക്ക്

മുമ്പ് ഭവന നിർമ്മാണ വായ്പ നൽകിയിരുന്നു. ഓവർ ഡ്യൂ കൂടിയതിനാൽ ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്.

പനമരം ക്ഷീരോല്പാദന സഹകരണ സംഘം.

അഞ്ചുകുന്നിൽ 22-10-73 നാണ് പ്രവർത്തനം ആരംഭിച്ചത്. ശ്രീ. പി. സുബ്രഹ്മണ്യൻ മാസ്റ്റർ ചീഫ് പ്രൊമോട്ടറും, ശ്രീ. ഇ.പി. ഈശ്വരൻ എമ്പ്രാന്തിരി ഹോണററി സെക്രട്ടറിയുമായിരുന്നു. തുടക്കത്തിൽ സംഭരിച്ച പാൽ 5 ലിറ്ററാണെങ്കിൽ ഇന്നത് പ്രതിദിനം 1650 ലിറ്ററായി വർദ്ധിച്ചിരിക്കുന്നു. പനമരം പഞ്ചായത്തു മുഴുവനും പ്രവർത്തന പരിധിയുള്ള സംഘത്തിൽ 450 മെമ്പർമാരുണ്ട്. ഷെയർ ക്യാപ്പിറ്റൽ 11,000 രൂപയും പ്രവർത്തനമൂലധനം 3.5 ലക്ഷം രൂപയുമുണ്ട്. പനമരം പഞ്ചായത്തിലെ 24 കേന്ദ്രങ്ങളിൽ നിന്ന് ശരാശരി 1650 ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്. അതിൽ 950 ലിറ്റർ മിൽമക്ക് നൽകുന്നത് കൂടാതെ ബാക്കി പ്രാദേശിക വിൽപ്പന നടത്തുന്നു. ഒട്ടാകെ 17 ജീവനക്കാരുള്ളതിൽ 10 പേർ സ്ഥിരവും 7 പേർ ദിവസക്കൂലിക്കാരുമാണ്. സ്വന്തമായി 3 കെട്ടിടവും 19 സെന്റു സ്ഥലവും സംഘത്തിനുണ്ട്. വയനാട് ജില്ലയിൽ കൺസ്യൂമർ രംഗത്ത് പ്രവർത്തിക്കുന്ന ഏകക്ഷീരസംഘമാണിത്. അഞ്ചുകുന്ന്, കുണ്ടാല, വിളമ്പുകണ്ടം, നീർവാരം എന്നിവിടങ്ങളിലായി 4 കൺസ്യൂമർ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്.

മറ്റു സഹകരണ സംഘങ്ങൾ

പ്രവർത്തനത്തിൽ പല അപാകതകളുണ്ടെങ്കിലും കുറച്ചെങ്കിലും പ്രവർത്തിക്കുന്ന സംഘങ്ങൾ മുകളിൽ പറഞ്ഞവ മാത്രമാണ്. കൂടാതെ പനമരം ഗിരിജൻ സർവീസ് സഹകരണ സംഘം, നോർത്ത് വയനാട് ലേബർ കോൺട്രാക്ട് സൊസൈറ്റി, പനമരം പഴം, പച്ചക്കറി സഹകരണമാർക്കറ്റിംഗ് സൊസൈറ്റി, വിവിധ സ്ക്കൂൾ സൊസൈറ്റികൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പനമരം ഗിരിജൻ സർവീസ് സഹകരണ സംഘത്തിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കു ടൈപ്റൈറ്റിംഗ് പരിശീലനം നൽകുന്നുണ്ടെങ്കിലും കുട്ടികൾ വളരെ കുറവായതിനാൽ ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. വയനാട് ജില്ലാ സഹകരണ ബേങ്കിന്റെ ഒരു ബ്രാഞ്ചും പനമരത്ത് പ്രവർത്തിച്ചുവരുന്നു.

രജിസ്റ്റർ ചെയ്ത 50 ൽ പരം സൊസൈറ്റികൾ ഈ പഞ്ചായത്തിൽ വേറെയുമുണ്ട്. പ്രസ്തുത സൊസൈറ്റികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല, എന്നുമാത്രമല്ല സർക്കാറിൽ നിന്ന് ലക്ഷക്കണക്കിന് രൂപ ഗ്രാന്റായി നേടിയെടുക്കുന്ന സംഘങ്ങളാണിവ. ഇത്തരം സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യേണ്ടതാണ്. പനമരം ലേബർ കോൺട്രാക്റ്റ് സൊസൈറ്റി മാനന്തവാടിയിലും, വിളമ്പുകണ്ടം വനിതാപ്രിന്റിംഗ് ആന്റ് ബൈന്റിംഗ് സൊസൈറ്റി കൽപ്പറ്റയിലും നല്ലനിലയിൽ പ്രവർത്തനം നടത്തുന്നുണ്ടെന്നറിയുന്നു.

ഭൂമിശാസ്ത്രപരമായി പനമരം പഞ്ചായത്തിനെ താഴെ പറയുന്ന രീതിയിൽ 3 മേഖലകളിലായി തിരിച്ച് അതതുമേഖലകളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് യോജിച്ച സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

1. വാർഡ് 1, 2, 13 എന്നിവ ഉൾപ്പെടുന്ന പുഞ്ചവയൽ മേഖല.

2. വാർഡ് 3, 4, 5, 6, 7, 12 എന്നിവ ഉൾപ്പെടുന്ന അഞ്ചുകുന്ന് മേഖല.

3. വാർഡ് 8, 9, 10, 11 എന്നിവ ഉൾപ്പെടുന്ന പനമരം മേഖല.

I. **ക്ഷീരോൽപാദക സഹകരണസംഘം.**

1) ക്ഷീരോൽപാദകരുടെ സൗകര്യാർത്ഥം കൂടുതൽ കളക്ഷൻ സെന്ററുകൾ തുടങ്ങുകയും സംഘത്തിന്റെ പ്രവർത്തനത്തിലെ വൈകല്യങ്ങൾ പരിഹരിക്കുകയും ചെയ്യുക പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കകാനും, വിപണനം നടത്തുന്നതിനുമുള്ള പുതിയ സാങ്കേതിക വിദ്യകൾ നൽകി അഞ്ചുകുന്ന് 6-ാം വാർഡിലുള്ള ഈ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുക.

2) ഗുണനിലവാരമുള്ള കാലിത്തീറ്റകൾ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുക.

3) സൈലേജ് ടാങ്ക് നിർമ്മിക്കാൻ ധനസഹായം 500 രൂപ എന്നത് വർദ്ധിപ്പകക്കുക.

4) തീറ്റപ്പുല്ല് കൃഷിചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകുക.

5) സ്ക്കൂളുകളിലും, പനമരം ബസ്റ്റാന്റിലും മിൽക്കുബൂത്തുകൾ തുടങ്ങുക. (മിൽക്കു ബൂത്തുകൾ നടത്താൻ തൊഴിലില്ലാത്ത വനിതകളെ ഏൽപ്പിക്കാവുന്നതാണ്.)

II. **പഴം പച്ചക്കറി സംസ്കരണം.**

പനമരം പഞ്ചായത്തിൽ ഏത്തവാഴ കൃഷി ഏറിവരികയാണ്. കൂടാതെ മഴക്കാലത്ത് ചക്ക, മാങ്ങ എന്നിവ കണ്ടമാനം പഴുത്തളിഞ്ഞ് ഉപയോഗശൂന്യമായി വീണുപോവുകയാണ് ചെയ്യുന്നത്. ചുരിങ്ങിയ ചിലവിൽ ഇവ ശേഖരിക്കാൻ കഴിയും, ഇവ ശേഖരിച്ച് വിൽപന നടത്തുന്ന മേഖലയിൽ ഇന്ന് പനമരം ആസ്ഥാനമായി രജിസ്റ്റർ ചെയ്തിട്ടുള്ള പനമരം ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ കോ. ഓപ്പറേറ്റിവ് സൊസൈറ്റി മാത്രമാണുള്ളത്. കായക്കുന്ന്, വിളമ്പുകണ്ടം എന്നിവിടങ്ങളിൽ സഹകരണ സംഘങ്ങൾ രൂപികരിക്കേണ്ടതാണ്.

മേൽപറഞ്ഞ യൂണിറ്റുകൾക്കൊപ്പം വനിതകൾക്കായി അച്ചാർ, കറിപ്പൊടികൾ, ജാം, സ്ക്വാഷ്, കൊണ്ടാട്ടം , പപ്പടം, ചിപ്സ് എന്നിവ നിർമ്മിക്കാനും വിപണനം നടത്താനുമുള്ള യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.ഈമേഖലയിലെ തൊഴിൽ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതാണ്.

III. **ടൈലറിംഗ് ആന്റ് ഗാർമെന്റ്സ് മെയ്കിംഗ്.**

വനിതകൾക്ക് ടൈലറിംഗ്, റെഡിമെയ്ഡ് മെയ്കിംഗ് എന്നിവയിൽപരിശീലനം നൽകാനും തൊഴിൽ നൽകാനും, ഉൽപ്പന്നങ്ങൾ വിപണനം നടത്താനുമുള്ള കേന്ദ്രങ്ങൾ അഞ്ചുകുന്ന്, പുഞ്ചവയൽ, അരിഞ്ചേർമല എന്നിവിടങ്ങളിൽ തുടങ്ങാവുന്നതാണ്. ഈ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു കേന്ദ്രം പനമരം ടൗണിലും ആരംഭിക്കുന്നതു നന്നായിരിക്കും.

IV. **ഓട, മുള, കൈത, ചൂരൽ എന്നിവ കൊണ്ടുള്ള ഉപകരണങ്ങളും, കളിപ്പാട്ടങ്ങളും നിർമ്മിക്കൽ.**

കർഷകർക്ക് അത്യാവശ്യമായ മുറം, കുട്ട, പരമ്പ്, പായ തുടങ്ങിയ കാർഷിക ഉപകരണങ്ങളും കളിപ്പാട്ടങ്ങളും നിർമ്മിക്കാൻ വിദഗ്ദരായ ഗിരിജനങ്ങൾ പണ്ട് ധാരാളമുണ്ടായിരുന്നു. ഇന്ന് ഈ രംഗത്ത് വൈദഗ്ദ്യമുള്ള ആൾക്കാർ കുറഞ്ഞു വരികയാണ്. പുതിയ തലമുറയെ പഠിപ്പിച്ചെടുക്കാനും ഇത്തരം സാധനങ്ങൾ ഉണ്ടാക്കി വിപണനം നതത്തുന്നതിന് ഗിരിജൻ സൊസൈറ്റികൾ മുന്നോട്ടു വരേണ്ടതാണ്. പനമരം പഞ്ചായത്തിൽ പള്ളിക്കുന്ന്, പനമരം എന്നിവിടങ്ങളിലുള്ള ഗിരിജൻ സഹകരണസംഘങ്ങൾ പ്രവർത്തന രഹിതമായിട്ട് കൊല്ലങ്ങൾ പലതു കഴിഞ്ഞു. ഇവ പുനരുദ്ധരിക്കാൻ പറ്റുമോ എന്ന് പരിശോധക്കേണ്ടതും ഇല്ലെങ്കിൽ ഇവ ലിക്വിഡേറ്റ് ചെയ്ത് 1, 5, 8 വാർഡുകളിൽ ഇത്തരം സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. ഇവയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വയനാട്ടിലെ കേന്ദ്രങ്ങളിലും ജില്ലക്കുവെളിയിലും സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

കാപ്പിക്കൊമ്പ്, ചിരട്ട മുതലായവ ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണവും വിൽപ്പനയും തൊഴിൽ സാധ്യതയുള്ള മറ്റൊരു മേഖലയാണ്. വളരെയധികം ആവശ്യക്കാർ ഈ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗിരിജൻ സംഘങ്ങളിലൂടെ ഇവയുടെ നിർമ്മാണവും വിപണനവും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

V. മൺപാത്രനിർമ്മാണ യൂണിറ്റുകൾ

മൺപാത്രങ്ങൾക്കും, പൂച്ചട്ടികൾക്കും ആവശ്യക്കാർ ഏറെയുണ്ട്. പരമ്പരാഗതമായി മൺപാത്രങ്ങൾ നിർമ്മിക്കുന്നവർ ഈ പഞ്ചായത്തിൽ വാറുമ്മൽ കടവ്, കൊയിലേരി, കൈതക്കൽ, നീർവാരം, കക്കത്തോട് എന്നീപ്രദേശങ്ങളിൽ കൂട്ടമായിട്ടാണ് താമസിക്കുന്നത്. മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇവരെ ഒരു സഹകരണസംഘത്തിന്റെ കീഴിൽ കൊണ്ടുവരുന്നതായാൽ പാവപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ട ഇവരുടേയും പുരോഗതിക്ക് ആക്കം കൂട്ടാൻ ഉപകരിക്കും.

VI. ഇഷ്ടിക, ഓട്, നിർമ്മാണ, വിപണന സഹകരണസംഘം

പനമരം പഞ്ചായത്തിന്റെ മിക്കവാറും എല്ലാ വാർഡുകളിലും പുഴയോരങ്ങൾ ഉണ്ട്. ഈ പുഴയോരങ്ങളിലെ മണ്ണ് ഇഷ്ടിക നിർമ്മാണത്തിന് അനുയോജ്യമാണ്. ഇപ്പോൾത്തന്നെ വാറുമ്മൽക്കടവ്, മാത്തൂർ വയൽ തുടങ്ങിയ സ്ഥലങ്ങളിൽ ഇഷ്ടിക നിർമ്മിക്കുന്ന സ്വകാര്യ കളങ്ങൾ ധാരാളമുണ്ട്. എന്നാൽ സഹകരണാടിസ്ഥാനത്തിൽ ഇതിലേക്ക് ശ്രദ്ധ തിരിഞ്ഞുകാണുന്നില്ല. പനമരം ആസ്ഥാനമാക്കി ഒരു സഹകരണ സംഘം ഈ മേഖലയിൽ ആരംഭിച്ചാൽ തൊഴിൽ സാധ്യത വർദ്ധിക്കുമെന്നതാണ്. ഓടുനിർമ്മാണത്തിന്റെ സാധ്യതയും സഹകരണമേഖലയിൽ പരീക്ഷിച്ചുനോക്കാവുന്നതാണ്.

VII. മെഴുക്തിരി, ചന്ദനത്തിരി, സോപ്പ് നിർമ്മാണയൂണിറ്റ്

പനമരം പഞ്ചായത്തിലെ നീർവാരത്തു രൂപീകൃതമായ ആതിര അഗർബത്തി പുനരുദ്ധരിക്കാൻ ആവശ്യമായതു ചെയ്യേണ്ടതാണ്. കൂടാതെ അരിഞ്ചേർമല, കാപ്പുംചാൽ എന്നിവിടങ്ങളിൽ ഈ വ്യവസായം വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് നടത്താനുള്ള സാധ്യത പരിശോധിക്കപ്പടേണ്ടിയിരിക്കുന്നു

VIII. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മാണവും വിപണനവും

ഇതു പ്ലാസ്റ്റിക് യുഗമാണല്ലോ, ഉപ്പ് തൊട്ട് കർപ്പൂരം വരെ നമുക്ക് ലഭ്യമാകുന്ന സാധനങ്ങൾ പ്ലാസ്റ്റിക് കവറിലോ ഡപ്പികളിലോ ആണ് അടക്കം ചെയ്യപ്പെട്ടിരിക്കുന്നത്. കൂടാതെ ബ്രഷ്, കയർ, ചരട് തുടങ്ങി, കാപ്പി, കുരുമുളക്, റബ്ബർ മുതലായവ വെച്ചുപിടിപ്പിക്കുന്നതിനു പോലും നമ്മൾ പ്ലാസ്റ്റിക്കിനെ ആശ്രക്കുന്നു. ഈ അവസരം ഉപയോഗിച്ച് തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരളവുവരെ ശ്രമിക്കേണ്ടിയിരിക്കുന്നു. 7-ാം വാർഡിൽ വാലുകുന്നിൽ തൊഴിൽരഹിതരായ ചെറുപ്പക്കാരെ സംഘടിപ്പിച്ച് സഹകരണമേഖലയിൽ ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

മറ്റു മേഖലയിൽ

സഹകരണ മേഖലയിൽ ബിസ്ക്കറ്റുകമ്പനി ആരംഭിക്കുക, റബ്ബർ, പ്ലാസ്റ്റിക്, തുകൽ ഇവയുപയോഗിച്ചുള്ള ചെരിപ്പുനിർമ്മാണം തുടങ്ങുക എന്നിവ പനമരം കേന്ദ്രമായി ആരംഭിക്കാവുന്നതാണ്. 3-ാം വാർഡിലെ കൂളിവയലിൽ ആശാരിപ്പണിയിലേർപ്പെട്ടിരിക്കുന്ന ഒട്ടനവധി പേർ ഫർണിച്ചർ നിർമ്മാണത്തിൽ വിദഗ്ദരാണ്. ഇവരെക്കൂടി ഉൾപ്പെടുത്തി ഒരു ഫർണിച്ചർ നിർമ്മാണ സഹകരണസംഘം തുടങ്ങുകയാണെങ്കിൽ ഫർണിച്ചർ നിർമ്മാണത്തിനും വിപണനത്തിനും പുറമെ പ്രസ്തുത തൊഴിലിൽ പരിശീലനവും നൽകാൻ കഴിയും.

അലൂമിനിയം ഫാബ്രിക്കേഷൻ, വയറിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഇലക്ട്രേണിക്സ് ഉപകരണങ്ങളുടെ അസംബ്ലിംഗ്, റിപ്പയറിംഗ് എന്നിവയുടെ യൂണിറ്റും, സാങ്കേതിക പരിശീലനം നൽകാനുള്ള ഒരു സഹകരണ കോളേജും പനമരത്ത് ആരംഭിക്കാവുന്നതാണ്.

സഹകരണമേഖലയിൽ പാരലൽ കോളേജും, ഡ്രൈവിംഗ് സ്ക്കൂൾ, ടൈപ്റൈറ്റിംഗ്, കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ, ഫോട്ടോസ്റ്റാറ്റ് യൂണിറ്റ്, ബസ് സർവീസ് എന്നിവയുടെ സാധ്യതയും നമ്മുടെ പഞ്ചായത്തിൽ തള്ളിക്കളയാവുന്നതല്ല.

കുറുമ്പോല കോട്ടയിൽ ഔഷധതോട്ടം വെച്ചുപിടിപ്പിക്കുക കൂടാതെ വീട്ടുമുറ്റത്തും , ടെറസ്സിലും ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കുക, സഹകരണ പച്ചക്കറിത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുക എന്നിവയും ഈ മേഖലയിൽ പരീക്ഷിക്കാവുന്നതാണ്.

പഞ്ചായത്തിലെ സർവ്വീസ് സഹകരണസംഘങ്ങൾ മൂന്നും ഇന്നു നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ പനമരം ആസ്ഥാനമായി പ്രവർത്തിക്കുന്ന വയനാട് സഹകരണ കാർഷിക വികസന ബേങ്കും നഷ്ടത്തിലാണ്. പനമരം ബേങ്കിന്റെ കീഴിൽ പ്രവർത്തിച്ചു വന്ന കൺസ്യൂമർ സ്റ്റോർ, വളംഡിപ്പോ, ടെക്സ്റ്റയിൽ ഷോറും എന്നിവയും ഏച്ചോം ബേങ്കിന്റെ കിഴിലുണ്ടായിരുന്ന കൺസ്യൂമർ സ്റ്റോറുംനിർതലാക്കപ്പെട്ടത് പ്രസ്തുത സ്ഥാപനങ്ങൾ നഷ്ടത്തിലായതിനാലാണ്.

സഹകരണ സ്ഥാപനങ്ങളുടെ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

1. പനമരം സഹകരണബേങ്ക് – 42 ലക്ഷം രൂപ
2. ഏച്ചോം സഹകരണ ബേങ്ക് – 14 ലക്ഷം രൂപ
3. അഞ്ചുകുന്ന് സഹകരണ ബേങ്ക് – 4 ലക്ഷം രൂപ
4. കാർഷിക വികസന ബേങ്ക് – 120 ലക്ഷം രൂപ


നഷ്ടം ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഹരിക്കാവുന്നതാണ്.

1. നിലവിലുള്ള ത്രീ ടയർ സിസ്റ്റം ഒഴിവാക്കി ടു ടയർ സിസ്റ്റം നടപ്പിലാക്കേണ്ടതാണ്.
2. റീ ക്ലാസ്സിഫിക്കേഷൻ നടപ്പിൽ വരുത്തുക.
3. പാനലിന് വോട്ട് ചെയ്യുന്ന സമ്പ്രദായം മാറ്റി ഗ്രാമപഞ്ചായത്തിലെപ്പോലെ വാർഡുകൾ തിരിച്ച് ഒരാൾ ഒരാൾക്കുമാത്രം വോട്ടുചെയ്യുന്ന സമ്പ്രദായം ഏർപ്പെടുത്തുക. നിലവിലുള്ളനിയമത്തിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

അഞ്ചുകുന്ന് സർവ്വീസ് ബേങ്ക് ഇന്ന് പ്രവർത്തിക്കുന്നത് മെയിൻറോഡിൽ നിന്നും ഒരു കി.മീ. ഉള്ളിലായിട്ടാണ്. പ്രസ്തുതബേങ്കിന്റെ ഒരു ശാഖ കെല്ലൂരിൽ തുടങ്ങുകയാണെങ്കിൽ കൂടുതൽ ബിസിനസ് നടക്കുന്നതും ഇന്നത്തെ നഷ്ടം പരിഹരിക്കാൻ കഴിയുന്നതുമായിരിക്കും.

നഷ്ടം വന്നതുകക്ക് വീണ്ടും വീണ്ടും പലിശയിനത്തിൽ വൻതുക വകയിരുത്തപ്പെടുന്നത് മൂലം നഷ്ടം കൂടിക്കൂടി വരുന്നു. ഇതൊഴിവാക്കാൻ ഇന്നത്തെ നഷ്ടം എഴുതിത്തള്ളുകയോ നഷ്ടത്തിനു തുല്യമായ സംഖ്യ പലിശയീല്ലാത്ത വായ്പയായി ബേങ്കുകൾക്കു നൽകുകയോ ചെയ്യേണ്ടതാണ്. ഇന്നുനൽകുന്ന മാർജിൻ തുകയിൽ വർദ്ധനവ് വരുത്തേണ്ടതാണ്.

ജീവനക്കാരുടെ ബാഹുല്യം മൂലം വേതനം കൊടുക്കാൻ പോലും കഴിയാതെ നഷ്ടത്തിലോടുന്ന സ്ഥാപനങ്ങൾ ഒരുവശത്ത്, ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഇടപാടുകൾ മുഴുവനും തൃപ്തികരമായി പൂർത്തിയാക്കാൻ കഴിയാതെ നഷ്ടത്തിലോടുന്ന സ്ഥാപനങ്ങൾ മറുവശത്ത്. ഇവ രണ്ടും ഒഴിവാക്കാൻ ഒരു ജില്ലയിലെ എല്ലാസഹകരണ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് ഒരു പൊതുസർവീസ് എന്ന ആവശ്യം ദീർഘനാളായി ജീവനക്കാർ ഉന്നയിച്ചു വരികയാണല്ലോ. ഈ കാര്യം പരിഗണിക്കുകയാണെങ്കിൽ മേൽ പറഞ്ഞ അപാകതകൾ ഒഴിവാക്കാൻ കഴിയും.



സർവീസ് സഹകരണ ബേങ്ക്
ലോൺ സംബന്ധിച്ച സ്ഥിതിവിവരകണക്ക്

	അഞ്ചുകുന്ന് സർവീസ് സഹകരണ ബേങ്ക്	പനമരം സർവീസ് സഹകരണ ബേങ്ക്	ഏച്ചോം സർവ്വീസ് സഹകരണ ബേങ്ക്
കാർഷികവായ്പ	4332377.–	16265157.–	3634875.–
കാർഷികേതര വായ്പ	41000.–	1688342.–	148062.–
ഡയറി	72435.–	816450.–	–
ജലസേചനം MT, LT	532027.–	567450.–	–
സ്വർണപ്പണയം	1839183.–	8270040.–	2843051.–
ഡെപ്പോസിറ്റ് വായ്പ	407890.–	–	–
ഇതരവായ്പകൾ	–	249000.–	–
ആകെ	7224912.–	2,78,56,439.–	6625988.–

പട്ടിക 1.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	നിക്ഷേപങ്ങൾ	വായ്പകൾ സ്വീകരിച്ചത്	വായ്പകൾ നൽകിയത്	കുടിശ്ശിക	നഷ്ടം
1.	അഞ്ചുകുന്ന് സർവീസ് സഹകരണ ബേങ്ക്. C. 311.	1996	2,064	9,46,176	45,00,000	45,00,000	72,00,000	12,00,000	4,00,000
2.	ഏച്ചോം സർവീസ് സഹകരണ ബേങ്ക്. C. 6612.	1921	2,092	4,76,475	33,00,000	48,00,000	66,00,000	14,00,000	13,00,000
3.	പനമരം സർവീസ് സഹകരണ ബേങ്ക്.	1921	5,495	23,38,811	230,00,000	173,00,000	265,00,000	34,00,000	42,00,000

11 പട്ടികജാതി പട്ടികവർഗ ക്ഷേമം

പനമരം ഗ്രാമപഞ്ചായത്തിൽ ജനസംഖ്യയുടെ 34 % വും പട്ടിക വർഗവിഭാഗമാണ്. അതുകൊണ്ടുതന്നെ ആസൂത്രണത്തിലും പഞ്ചായത്തിന്റെ സർവതോമുഖമായ വികസനപ്രക്രിയയിലും ഈ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. പഞ്ചായത്തിൽ നിലവിൽ 2056 പട്ടികവർഗ കുടുംബങ്ങളും 168 പട്ടിക ജാതി കുടുംബങ്ങളും ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ആകെ ജനസംഖ്യ 9537 ആണ്.

പഴശ്ശി രാജാവിന്റെ സൈന്യത്തിൽ ചേർന്ന് ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ധീരമായി പോരാടിയ കുറിച്യരുടെയും മറ്റ് ആദിവാസി വിഭാഗങ്ങളുടെയും പിൻതലമുറക്കാർ ഇന്ന് ജീവിക്കുന്നത് വളരെ പരിതാപകരമായ അവസ്ഥയിലാണ്. നൂറ്റാണ്ടുകളോളം ചൂഷണത്തിനു വിധേയരായവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ ഇത് പ്രായോഗിക വൈഷമ്യങ്ങൾ ഏറെയുള്ളതുമാണ്. മാറി മാറി വരുന്ന സർക്കാരുകൾ ഇവരുടെ ക്ഷേമത്തിനുവേണ്ടി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പലതിനും ലക്ഷ്യം കണ്ടെത്താനായില്ല. സർക്കാരിന്റെ നിരവധി സൗജന്യ പദ്ധതികൾ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ പര്യാപ്തമായിട്ടുണ്ട്. അതോടൊപ്പം തന്നെ അജ്ഞത നിമിത്തം അർഹമായ ഒട്ടേറെ ആനുകൂല്യങ്ങൾ ഇവർക്ക് കൈമോശം വരികയും ചെയ്തു. നിയമത്തിന്റെ നൂലാമാലകൾ പരമ്പരാഗതമായ ഇവരുടെ പല തൊഴിലുകളേയും ഇവർക്ക് അന്യമാക്കിക്കൊണ്ടിരിക്കുകയാണ്.

വിദ്യാഭ്യാസം

പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങളുടെ ഇന്നുള്ള പിന്നോക്കാവസ്ഥയുടെ ഏറ്റവും പ്രധാന കാരണം വിദ്യാഭ്യാസത്തിന്റെ കുറവാണ്. സാക്ഷരതാ പ്രസ്ഥാനത്തിലൂടെ നിരവധി പേർ അക്ഷരാഭ്യാസം നേടിയെങ്കിലും, നിരക്ഷരരുടെ എണ്ണം കൂടിവരുന്ന പ്രവണതയാണുള്ളത്. തുടർ വിദ്യാഭ്യാസം കാര്യക്ഷമമാകാതെ പോയതും ഇതിന്റെ പ്രധാന കാരണമാണ്. പട്ടിണി, തൊഴിലില്ലായ്മ, അജ്ഞത തുടങ്ങിയ കാരണങ്ങളാൽ പലരും കുട്ടികളെ സ്കൂളിൽ അയക്കുന്നില്ല. ഭൂരിപക്ഷം കോളനികളിലേയും കുട്ടികൾ സ്കൂളിൽ പോകുന്നില്ല. വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്കിന്റെ എണ്ണംകുറവാണെങ്കിലും പൂർണമായും തടയാൻ കഴിഞ്ഞിട്ടില്ല. ഗവൺമെൻറിൽ നിന്ന് പല ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ വിഭാഗം ഇന്നും വേണ്ടത്ര ബോധവാൻമാരല്ല. അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പഠനത്തോട് താൽപര്യമുണ്ടാകാൻ കോളനികളോടനുബന്ധിച്ച് ബാലവാടികൾ സ്ഥാപിക്കണം.

പാർപ്പിടം

സ്ഥിരമായ വീടില്ലാത്ത പട്ടിക വർഗ കുടുംബങ്ങൾ 1042 ആണ്. പട്ടികജാതിയിൽ പ്പെടുന്നവരുടെ എണ്ണം ഇതിനുപുറമേ വരും. കോളനികളിലെ സൗകര്യങ്ങൾ പരിമിതമാണ്. ചെറ്റക്കുടിലുകളും അപൂർവ്വമല്ല. ഒരു കുടുംബത്തിന് താമസിക്കാനുതകുന്ന വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. വീട് ഇല്ലാത്തവരും വീട് നഷ്ടപ്പെട്ടവരും അന്യരുടെ കുടുംബങ്ങളിൽ ചേക്കേറുന്നത് പ്രശ്നം രൂക്ഷമാക്കുന്നു. വിവിധ ഏജൻസികളിൽ നിന്നുള്ള വായ്പാ സൗകര്യം ഉപയോഗിച്ച് വീടുകൾ ഉണ്ടാക്കിയവർ കടക്കെണിയിൽ അകപ്പെട്ടിട്ടുണ്ട്. വീട് നിർമ്മാണത്തിന് അനുവദിക്കപ്പെട്ട തുകയുടെ അപര്യാപ്തത പല വീടുകളുടെയും നിർമാണത്തെ അപൂർണ്ണമാക്കുന്നു. പല വീടുകളുടെയും നിലവാരം തീരേ മോശമാണ്. ചോർന്നൊലിക്കുന്ന വീടുകൾ ധാരാളമാണ്. പല വീടുകളിലും കക്കൂസ് ഇല്ല. അതുകൊണ്ടു തന്നെ പരിസര ശുചീകരണം താറുമാറായിട്ടുണ്ട്. വിരബാധ, വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയ അസുഖങ്ങൾ കോളനികളിൽ പലപ്പോഴും കാണപ്പെടുന്നു. പരിസര ശുചീകരണത്തിലൂടെ മാത്രം പരിഹരിക്കാവുന്നതാണ് ഈ രോഗങ്ങളത്രയും. ചില കോളനികളിലുള്ളത് ഒരു പൊതു കക്കൂസ് മാത്രമാണ്.

വീട് നിർമ്മിക്കുമ്പോൾ ഉപഭോക്താവിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി അവരെ നോമിനിയാക്കുന്ന പതിവുണ്ട്. എന്നാൽ മറ്റു ചിലർ ഇവരെ നോമിനികളാക്കി പണി ഏറ്റെടുത്ത് മുഴുമിക്കാതെ പോയ സന്ദർഭങ്ങളും ഒട്ടേറെയുണ്ട്. താഴ്ന്ന നിലവാരത്തിലുള്ള സാമഗ്രികളുടെ ഉപയോഗം വീടുകളുടെ ഗുണത്തെ ബാധിക്കുന്നു. വീടുകൾക്ക് അനുവദിക്കുന്ന തുകകൾ കാലാനുസൃതമായി പരിഷ്ക്കരിക്കപ്പെടുന്നില്ല. ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത നിർമ്മാണച്ചെലവ് വർദ്ധിപ്പിക്കുന്നു.

സാമൂഹ്യ പദവി

നൂറ്റാണ്ടുകളായി അധ:സ്ഥിതമെന്ന് മുദ്രകുത്തിയ ആദിവാസി വിഭാഗങ്ങളുടെ സാമൂഹ്യ സ്ഥിതി ഇന്ന് ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ട്. മൂന്നര ദശകങ്ങൾക്കു മുമ്പു വരെ ചില വിഭാഗങ്ങളുടെ ഇടയിൽ തീണ്ടലും തൊടീലും തുടങ്ങിയ ഉച്ച നീചത്വങ്ങൾ നിലവിലുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അത്തരം രീതികൾ വളരെ അപൂർവ്വം എന്നു വേണം പറയാൻ. പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമാർജനത്തിനായി നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും അവയൊന്നും ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പഞ്ഞ മാസങ്ങളിൽ ദാരിദ്ര്യവും പട്ടിണിയുമായി കഴിയുന്ന കുടുംബങ്ങൾ ഏറെയാണ്. ചാരായ നിരോധനം കോളനികളിലെ ജീവിത രീതിയിലും മറ്റും മാറ്റങ്ങൾ വരുത്താൻ സഹായകമായിട്ടുണ്ട്.

തൊഴിൽ

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗക്കാരിൽ ഭൂരിഭാഗവും കൂലിവേലയിൽ ഏർപ്പെടുന്നവരാണ്. ന്യൂനപക്ഷം കാർഷികമേഖലയിലും മറ്റു നിർമാണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടുവരുന്നു. പനമ്പ്, മുറം, കുട്ട തുടങ്ങിയവയുടെ നിർമാണങ്ങളിൽ ഏർപ്പെട്ടിരുന്നവരിൽ പലരും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം നിമിത്തം മറ്റുമേഖലകളിലേക്കു തിരിയുകയാണ്. കാർഷിക മേഖലയിൽ ജോലി സ്ഥിരതയില്ലാത്തതിനാലും പ്രതിഫലം താരതമ്യേന കുറവായതിനാലും പലർക്കും ഈ മേഖലയോട് വേണ്ടത്ര ആഭിമുഖ്യം ഇല്ല. കൂലിവേല ചെയ്ത് ഉപജീവനം കഴിച്ചുപോരുന്ന ഇവർക്ക് അടിയന്തിരമായും പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. തയ്യൽ ജോലിയിൽ താൽപര്യമുള്ള പട്ടികജാതി-പട്ടികവർഗവനിതകൾക്ക് സാമ്പത്തിക പരാധീനത നിമിത്തം പ്രസ്തുത തൊഴിൽ രംഗം അപ്രാപ്യമാകുന്നു. ആട്,പശു, കോഴി തുടങ്ങിയവ വിവിധ പദ്ധതികളിൽ മുഖേന ലഭിക്കുന്നുണ്ടെങ്കിലും സ്ഥായിയായ ഒരു വരുമാനം ഇക്കൂട്ടർക്ക് ഇതിൽ നിന്നും ലഭിക്കുന്നില്ല.

പട്ടിക

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ ജനസംഖ്യ

ക്രമ നമ്പർ	വില്ലേജ്	പട്ടികജാതി-			പട്ടികവർഗം		
		പുരുഷൻമാർ	സ്ത്രീകൾ	ആകെ	പുരുഷൻമാർ	സ്ത്രീകൾ	ആകെ
1	ചെറുകാട്ടൂർ	111	95	206	1010	1006	1016
2	പനമരം	221	222	4431	1033	1073	2106
3	അഞ്ചുകുന്ന്	136	143	279	1952	2008	3960
	ആകെ	468	460	928	3995	4087	8082

പ്രശ്നങ്ങൾ

1 തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു. വിദ്യാഭ്യാസത്തിന്റെ അഭാവം ഇവരെ കൂലിവേലയിലേക്കുമാത്രം ഒതുക്കിനിർത്തുന്നു.

2 ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾ പഞ്ചായത്തിൽ ധാരാളമാണ്. കുടിലുകളിൽ താമസിക്കുന്നവരും ഏറെയാണ്.

3 വിദ്യാഭ്യാസ പുരോഗതി വളരെ മന്ദഗതിയിലാണ്.

4 മുഴുവൻ കോളനികളിലും ശുദ്ധജലം ലഭ്യമല്ല. പല കോളനികളിലും കിണറുകളും ടേപ്പുകളും ഉപയോഗ ശൂന്യമായിക്കിടക്കുന്നു.

5 കക്കൂസിന്റെ അഭാവം നിമിത്തം പരിസര മലിനീകരണം പ്രശ്നങ്ങളുണ്ടാക്കുന്നു. ഇത് പല രോഗങ്ങൾക്കും വഴിവെക്കുന്നു.

6 70% വീടുകളും വൈദ്യുതീകരിക്കപ്പെടാത്തവയാണ്.

7 ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കോളനികളിൽ നിന്നും അകലെയാണ്.

8 ശ്മശാനത്തിന്റെ അഭാവം വളരെ ഗൗരവമേറിയതാണ്.

9 തുടർ വിദ്യാഭ്യാസ പരിപാടികളുടെ അഭാവം നിരക്ഷരതാ തോത് വർദ്ധിപ്പിക്കുന്നു.

10 കൈവശഭൂമിക്ക് ആവശ്യമായ രേഖകളില്ല. തൻനിമിത്തം ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

11 ആനുകൂല്യങ്ങൾ ലഭിക്കാനുള്ള നിബന്ധനകൾ ലളിതമാക്കണം

നിർദേശങ്ങൾ

1 മിച്ചഭൂമി നൽകുമ്പോൾ ഭവന രഹിത ഭൂരഹിത കുടുംബങ്ങൾക്ക് മുൻഗണന നൽകണം

2 വീടില്ലാത്ത 1042 കുടുംബങ്ങൾക്ക് വീടു പണിയുകയും കേടുവന്ന വീടുകൾ അടിയന്തിരമായി നന്നാക്കുകയും ചെയ്യുക. സ്ഥലം വാങ്ങി വീടുവെയ്ക്കാനും ധനസഹായത്തിന് ഈടാക്കുന്ന പലിശനിരക്കിൽ ഇളവു വരുത്താനും നടപടികൾ വേണം.

2 കക്കൂസില്ലാത്ത എല്ലാ വീടുകളിലും യുദ്ധകാലാടിസ്ഥാനത്തിൽ കക്കൂസുകൾ നിർമിക്കുക. പരിസരശുചീകരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

3 കുടിവെള്ളം ലഭ്യമല്ലാത്ത കോളനികൾ കിണറുകളോ ടാപ്പ് കണക്ഷനോ അനുവദിക്കുക.

4 ദുർഗമങ്ങളായ സ്ഥലങ്ങളിലെ കോളനികൾ മാറ്റിസ്ഥാപിക്കുക.

5 പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക.

7 താൽപര്യമുള്ള കുടുംബങ്ങൾക്ക് വളർത്തു മൃഗങ്ങളേയും മറ്റും നൽകുന്ന പദ്ധതി ഊർജ്ജിതപ്പെടുത്തുക.

8 ചെറുകിട വ്യവസായങ്ങളാരംഭിച്ച് പട്ടികജാതി പട്ടികവർഗക്കാർക്ക് തൊഴിലിൽ മുൻഗണന നൽകുക.

9 കോളനികൾക്ക് സമീപമുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഈ വിഭാഗങ്ങൾക്ക് മുൻഗണന നൽകുക.

10 അവശരായ വൃദ്ധജനങ്ങൾക്ക് പെൻഷൻതുക കൃത്യമായി നൽകുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

11 വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി പുതിയ പ്രൈബൽ ഹോസ്റ്റലുകൾ, ബാലവാടികൾ മുതലായവ പണിയുക. നിലവിലുള്ള ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

12 ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ കൂടുതൽ ഉദാരവൽക്കരിക്കുക.

വാർഡു തല നിർദ്ദേശങ്ങൾ

1 പാതിരിയമ്പം താഴെ ഭാഗത്ത് (ചെമ്പോട്ടി കോളനി) കുടിവെള്ള സൗകര്യത്തിനായി രണ്ടു കിണർ കുഴിക്കുക.

2 പാതിരിയമ്പം പ്രദേശത്ത് ശ്മശാനം നിർമ്മിക്കുക. അന്യാധീനപ്പെട്ട ശ്മശാനങ്ങൾ തിരിച്ചു ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

3 നെല്ലിക്കുനി കോളനിവാസികളെ പുനരധിവസിപ്പിക്കുക.

4 കോളനികളിലേക്കുള്ള ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.

5 ഭൂരഹിതരെ പുനരധിവസിപ്പിക്കുക.

6 കാട്ടർ പള്ളി ഓടക്കൊല്ലി, കരിമംകുന്ന്, ചെമ്പിളി കോളനി, കീഞ്ഞു കടവ് തുടങ്ങിയ കോളനികളിൽ വൈദ്യുതി എത്തിക്കുക.

7 മാതോത്ത് പൊയിലിൽ ഇഷ്ടിക വ്യവസായം തുടങ്ങുക.

8 പുഴയോരങ്ങളിൽ താമസിക്കുന്നവർക്ക് വർഷകാലത്ത് ഭൂരിതാശ്വാസകേന്ദ്രം സ്ഥാപിക്കുക.

9 വിളമ്പുകണ്ടം ഏച്ചോം പ്രദേശങ്ങൾക്കായി ഒരു പ്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുക.

10 തണ്ണീർവയൽ കോളനിയിൽ കൃഷി ആവശ്യത്തിനായി മോട്ടോർ സ്ഥാപിക്കുക.

11 കോളനിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക.

12 കുറുമ്പാലക്കോട്ട കോളനിയിലേക്ക് പടവുകൾ നിർമിക്കുക.

13 അർഹരായ മുഴുവനാളുക്കളേയും I R D P ലിസ്റ്റിൽ ഉൾപ്പെടുത്തുക.

14 വാർഡു കേന്ദ്രങ്ങളിൽ വെച്ച് സൗജന്യ മെഡിക്കൽ കേമ്പുകൾ നടത്തുക.

15 വൈദ്യുതി ബന്ധത്തിന് ബുദ്ധിമുട്ടുള്ള കോളനികളിൽ സോളാർ വിളക്കുകൾ സ്ഥാപിക്കുക.

16 എല്ലാ കോളനികളിലും ക്രഷ് സംവിധാനം ആരംഭിക്കണം.

17 രണ്ട് വീതം വാർഡുകൾ ഏകോപിപ്പിച്ച് ചികിൽസാ സംവിധാനം ഏർപ്പെടുത്തണം.

18 കളത്തിങ്കൽ , പഴഞ്ചേരി ആദിവാസി കോളനികളിൽ കിണർ നിർമ്മിക്കുക.

19 അറുമൊട്ടം കുന്ന് ആദിവാസി കോളനിയിൽ കിണർ നിർമ്മിക്കുക.

ആദിവാസി വിഭാഗങ്ങളുടെ വർത്തമാനകാലപ്രശ്നങ്ങൾ അത്യന്തം ഗൗരവത്തോടെ വീക്ഷിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിലെ പ്രബലമായ ഈ വിഭാഗത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള വികസനം അസമമായിരിക്കും. നൂറ്റാണ്ടുകളോളം പ്രകൃതിയുടെ ഭാഗമായി അവരെ ആധുനികതയുടെ പുതിയലോകത്തിലേക്ക് നയിക്കുക വളരെ ശ്രമകരമാണ്. ഭൗതീക ജീവിതരീതിയിൽ എന്തൊക്കെ മാറ്റങ്ങൾ വന്നാലും മാനസികമായിക്കൂടി പുതിയമാറ്റങ്ങൾക്ക് അവരെ സജ്ജരാക്കാൻ ബോധപൂർവ്വമായ ശ്രമം അനിവാര്യമാണ്. അതിനാവശ്യമായ ഒരു പുത്തൻ സാംസ്കാരിക അവബോധനമാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ അനിവാര്യതയും.

പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവര കണക്ക്

ക്രമ നമ്പർ	കോളനിയുടെ പേർ	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ ആൺ	പെൺ	ആകെ	ജാതി	വീടിന്റെ സ്വഭാവം ഓട്	പുല്ല്	മറ്റുള്ളവ	ശുദ്ധജല ലഭ്യത	വൈദ്യുതീകരിച്ചതാണോ	കക്കൂസ് സൗകര്യം
1	2	3	4	5	6	7	8	9	10	11	12	14
1	നീരിട്ടാടി	24	43	32	75	കുറുമർ	14	2	-	കിണർ	ഇല്ല	ഇല്ല
						പണിയർ						
						അടിയർ						
2	കൈപ്പട്ടുകുന്ന്	7	13	16	29	പണിയർ	-	5	-	ഇല്ല	--	--
3	ചാളക്കര	10	15	24	39	പണിയർ	9	-	-	ഇല്ല	--	--
4	ചെറുകുന്ന്	13	26	16	42	പണിയർ	5	-	-	കേണി	--	--
5	മണ്ണിട്ടാം കുഴി	2	4	5	9	കുറിച്യർ	2	-	-	കേണി	--	--
6	തുങ്ങാടി	8	11	13	24	പണിയർ	1	3	-	കേണി	--	--
7	കരിമ്പാലമൂല	5	6	9	15	പണിയർ	5	-	-	കേണി	--	--
8	എരിക്കിലാട്ട്	7	9	9	18	പണിയർ	6	-	-	കിണർ	--	--
9	വരുതികണ്ടി	2	4	4	8	കുറുമർ	1	-	-	കേണി	--	--
10	പുളിയാത്തുംകുന്ന്	3	7	7	14	പണിയർ	3	-	-	കിണർ	--	--
11	നാരകക്കണ്ടി	4	8	12	20	പണിയർ	-	3	-	കേണി	--	--
12	കളത്തിങ്ങൽ	8	9	11	20	പണിയർ	3	4	-	കേണി	--	--
			6	7	13	കുറുമർ						
13	പുളിഞ്ചോട്	6	9	20	29	പണിയർ	3	3	-	കേണി	--	--
14	അമ്പലക്കര	7	15	24	39	പണിയർ	7	-	-	കിണർ	--	--
15	പടിക്കം വയൽ	18	27	24	51	പണിയർ	1	9	1	കിണർ	--	--
			6	5	11	കുറുമർ						
16	എരനെല്ലൂർ	12	20	26	46	പണിയർ	7	2	-	കിണർ	--	--
17	ചീനപ്പുല്ല്	8	15	9	17	പണിയർ	2	1	-	കേണി	--	--
18	ആടയാട്ട്	4	8	9	17	പണിയർ	2	1	-	കേണി	--	--
19	കരിനമ്മൽമിച്ചഭൂമി	7	12	13	25	പണിയർ അടിയർ	3	3	-	കിണർ	--	--
20	കോട്ടക്കുന്ന്	12	18 6	14 6	32 12	പണിയർ കുറുമർ	8	-	-	കേണി	--	--
21	വാഴക്കണ്ടി	10	17	15	32	പണിയർ	7	-	-	കേണി	--	--
22	നെല്ലാറാട്ട്	8	18	13	21	പണിയർ	3	1	-	കേണി	--	--
23	അരിയിൽ വീട്	12	25	20	45	പണിയർ	4	1	-	കേണി	--	--
24	വാന്നിമൂല	9	19	25	44	പണിയർ	7	-	-	കിണർ	--	--
25	പുളിമരം	6	12	13	35	പണിയർ	1	1	-	കേണി	--	--
26	ചുണ്ടക്കുന്ന്	14	8 16	7 14	15 30	പണിയർ കുറുമർ	8	3	-	കിണർ	--	--

പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവര കണക്ക്

ക്രമ നമ്പർ	കോളനിയുടെ പേർ	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ ആൺ	പെൺ	ആകെ	ജാതി	വീടിന്റെ സ്വഭാവം ഓട്	പുല്ല്	മറ്റുള്ളവ	ശുദ്ധജല ലഭ്യത	വൈദ്യുതീകരിച്ചതാണോ	കക്കൂസ് സൗകര്യം
1	2	3	4	5	6	7	8	9	10	11	12	13
53	കോട്ടപ്പടി	4	7	10	17	അടിയർ	4	--	--	കിണർ	ഇല്ല	ഇല്ല
54	കൃഷ്ണമൂല	13	26	24	50	അടിയർ	10	1	--	കേണി	ഉണ്ട്	--
55	മാതംക്കോട്	13	28	22	50	അടിയർ	4	5	--	കിണർ	ഇല്ല	--
56	ചെറുകാട്ടുർ	13	30	27	57	അടിയർ	10	1	--	കിണർ	ഇല്ല	--
57	കാക്കഞ്ചിറ	21	49	48	97	കുറിച്ച്യർ	19	1		പൈപ്പ്	ഉണ്ട്	--
58	അട്ടച്ചിറ	6/12	36	47	83	പണിയർ / കുറിച്ചുർ	7	8	--	കിണർ	ഉണ്ട്	ഉണ്ട്
59	കൊരലോട്ട്	9	17	24	41	പണിയർ	6	1	--	കേണി	ഇല്ല	--
60	എട്ടിൽ	7/3	25	18	43	കുറിച്ചുർ/ പണിയർ	3	4	--	കേണി	ഉണ്ട്	--
61	മതിശ്ശേരി	22	30	40	70	അടിയർ	22	--	--	കേണി	ഉണ്ട്	--
62	കൂപ്പമൂല	21/2/1	45	49	94	അടിയർ /പണിയർ കുറിച്ചുർ	8	5	--	കിണർ	ഉണ്ട്	--
63	ചിക്കണം കുണ്ട് പൂളക്കൽ	16/5	44/9	36/14	80/23	കുറിച്ചുർ പണിയർ	4	9	--	കിണർ	ഇല്ല	--
64	നെടുമ്പാല	32/1	46	47	93	പണിയർ/ കുറിച്ചുർ	26	--	--	കിണർ	ഇല്ല	--
65	മനയ്ക്കൽ	2/3/4	17	16	33	അടിയർ /പണിയർ കുറിച്ചുർ	2	5	--	കിണർ	ഇല്ല	--
66	കല്ലുമൊട്ടംകുന്ന്	9	21	15	36	കുറുമർ	4	4	--	കിണർ	ഇല്ല	--
67	കന്നുട്ടിപ്പാടി	7	11	10	21	കുറുമർ	1	6	--	കിണർ	ഇല്ല	--
68	കല്ലിട്ടാങ്കുഴി	15	24	26	50	കുറിച്ചുർ	7	3	--	കിണർ	ഉണ്ട്	--
69	മാങ്ങാപ്പാളി	13	21	26	47	പണിയർ	6	--	--	കിണർ	ഉണ്ട്	--
70	ആലക്കണ്ടി	9	15	19	34	കാട്ടുനായ്ക്കർ കുറിച്ചുർ	6	3	--	കിണർ	ഉണ്ട്	--
71	എടത്തും കുന്ന്	21	36	32	68	അടിയർ	3	8	--	കിണർ	ഇല്ല	--
72	കളത്തിങ്കൽ	4	9	9	18	പണിയർ	--	4	--	ഇല്ല	ഇല്ല	--
73	ബസ്തിപുരം	12	29	26	55	പണിയർ	1	1 1	-	കിണർ	ഇല്ല	--
74	കൊളത്താറ	30	83	92	175	പണിയർ	25	5	--	കിണർ	ഇല്ല	--
75	പാലുകുന്ന്	20	36	67	103	പണിയർ	7	4	--	കിണർ	ഇല്ല	--
76	ചേരിമ്മൽ	26	104	56	160	കുറിച്ചുർ	13	12	--	കിണർ	ഇല്ല	--
77	മാങ്കാണി	13	43	25	68	കുറിച്ചുർ	13	--	--	കിണർ	--	--
78	തച്ചിലോട്	20	45	43	88	കുറിച്ചുർ	11	4	--	കിണർ	--	--
79	വാകയാട്ട്	20	61	49	110	കുറുമർ	--	13	--	കിണർ	ഇല്ല	--
80	ബസ്തിപൊയിൽ	11	22	26	48	കുറിച്ചുർ (കൺവെർട്ടഡ്)	--	11	--	ഇല്ല	ഇല്ല	--

പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവര കണക്ക്

ക്രമ നമ്പർ	കോളനിയുടെ പേർ	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ ആൺ	പെൺ	ആകെ	ജാതി	വീടിന്റെ സ്വഭാവം ഓട്	പുല്ല്	മറ്റുള്ളവ	ശുദ്ധജല ലഭ്യത	വൈദ്യുതീകരിച്ചതാണോ	കക്കൂസ് സൗകര്യം
1	2	3	4	5	6	7	8	9	10	11	12	13
81	പുതുർക്കുന്ന്	8	18	17	35	കുറുമർ	1	6	--	ഇല്ല	ഇല്ല	--
82	ചേന്നംപ്പൊട്ടി	5	18	13	21	കുറിച്യർ	3	2	--	കിണർ	ഇല്ല	--
83	പഴഞ്ചേരി	6	17	13	30	പണിയർ	3	3	--	കിണർ	ഇല്ല	--
84	മാതോത്ത് പൊയിൽ	11	24	16	40	പണിയർ	7	4	--	കിണർ	ഇല്ല	--
85	കാപ്പുകുന്ന്	30	25	11	36	പണിയർ	2	17	--	കിണർ	ഇല്ല	--
86	പുതുർ	30	33	39	72	പണിയർ	--	13	--	ഇല്ല		ഇല്ല
87	മൊട്ടമ്മൽ	13	14	18	32	പണിയർ	4	5	--	കിണർ	ഇല്ല	--
88	പുതിയിടത്തുമ്മൽ	15	23	19	42	പണിയർ	3	12	--	ഇല്ല	ഇല്ല	--
89	ലക്ഷം വീട് കോളനി ചേരിമ്മൽ	11	42	34	76	പണിയർ	4	7	--	കിണർ	ഇല്ല	--
90	കാപ്പിൽ കോളനി	6	15	11	26	പണിയർ	3	3	--	ഇല്ല	ഇല്ല	--
91	പാതിരിയമ്പം	53	167	111	278	പണിയർ /നായ്ക്കർ കുറിച്യർ	12	20	--	കിണർ	ഇല്ല	--
92	കമ്പത്തുംകുന്ന്	3	8	10	18	കുറിച്യർ	2	1	--	കിണർ	ഇല്ല	--
93	മണൽവയൽ	10	6	4	10	പണിയർ	4	6	--	കിണർ	ഇല്ല	--
94	ഗണപതികൊല്ലി	1	2	3	5	കുറിച്യർ	--	1	--	കിണർ	ഇല്ല	--
95	കുപ്പതോട്	7	25	22	47	പണിയർ/കുറിച്യർ	2	5	--	കിണർ	ഇല്ല	--
96	ചെമ്പോട്ടി	24	60	36	96	കുറുമർ കാട്ടുനായ്കർ	5	16	--	കേണി	ഇല്ല	--
97	പുത്തനങ്ങാടി	13	44	18	62	കുറിച്യർ / പണിയർ	2	11	--	കേണി	ഇല്ല	--
98	പുഞ്ചവയൽ	9	15	24	39	പണിയർ,	8	1	--	കിണർ	ഇല്ല --	
99	പാറവയൽ	15	40	37	77	കുറിച്യർ	12	13	--	കിണർ		ഇല്ല
100	ഓണിവയൽ	12	20	27	47	കുറിച്യർ	2	10	--	കേണി	ഇല്ല	--
101	അഞ്ഞണ്ണിക്കുന്ന്	16	20	37	57	അടിയർ/പണിയർ	5	7	--	കിണർ	ഇല്ല	--
102	പരിയാരം	23	60	29	89	നായ്ക്കർ	14	7	--	കിണർ / പൈപ്പ്	ഇല്ല	
103	മാത്തൂർ	12	19	43	62	പണിയർ	12	--	--	കിണർ	ഇല്ല	--
104	മാത്തൂർ പൊയിൽ	5	11	11	22	നായ്ക്കർ	--	5	--	കേണി	ഇല്ല	--
105	അമ്മാനി	35	110	40	150	പണിയർ / കുറുമർ	10	22	--	കിണർ	ഇല്ല	--
106	നെല്ലിക്കുനി	13	20	32	52	പണിയർ	3	10	--	കേണി	ഇല്ല	--
107	നെടുങ്കുന്ന്	11	40	10	50	പണിയർ	10	1	--	കിണർ	ഉണ്ട്	--
108	മുക്രാമൂല	10	17	17	34	കാട്ടുനായ്ക്കർ	9	1	--	കിണർ	ഉണ്ട്	--
109	ചണ്ണക്കൊല്ലി	38	132	25	157	അടിയർ /പണിയർ കുറുമർ	23	15	--	പൈപ്പ്	ഉണ്ട്	--
110	മൈലുകുന്ന്	19	40	27	67	പണിയർ	8	10	--	കിണർ	ഇല്ല	--

പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവര കണക്ക്

ക്രമ നമ്പർ	കോളനിയുടെ പേർ	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ ആൺ	പെൺ	ആകെ	ജാതി	വീടിന്റെ സ്വഭാവം ഓട്	പുല്ല്	മറ്റുള്ളവ	ശുദ്ധജല ലഭ്യത	വൈദ്യുതീകരിച്ചതാണോ	കക്കൂസ് സൗകര്യം
1	2	3	4	5	6	7	8	9	10	11	12	13
111	കല്ലുവയൽ	28	80	46	26	പണിയർ/കുറുമർ	14	6 -	-	കിണർ	ഇല്ല	--
112	പാലക്കര	6	11	22	33	കുറിച്യർ	3	2	--	കിണർ	ഇല്ല	--
113	നടുവിൽമിറ്റം	11	15	42	57	കുറിച്യർ	2	7	--	കിണർ	ഇല്ല	--
114	വാളമ്പാടി-പുതുശ്ശേരി	7	10	17	27	കാട്ടുനായ്ക്കർ	1	3	--	കേണി	ഇല്ല	--
115	മണിക്കോട്	7	12	15	27	ഊരാളി/ കുറുമർ	2	2	--	കേണി	ഇല്ല	--
116	തരകമ്പം	5	8	7	14	കാട്ടുനായ്ക്കർ	5	--	--	കിണർ	ഇല്ല	--
117	പുത്തൻ മിറ്റം	3	9	9	18	കുറിച്യർ (കൺവെർട്ടഡ്)	1	--	--	കിണർ	ഇല്ല	--
118	കൊട്ടവയൽ	1	10	4	14	കുറിച്യർ	--	1	--	കേണി	ഇല്ല	--
119	നഞ്ചർമൂല	5	12	10	22	പണിയർ	2	3	--	കേണി	ഇല്ല	--
120	അതിരത്തിൽ	25	59	48	107	പണിയർ	18	2	--	പൈപ്പ് കിണർ	ഇല്ല	--
121	വീട്ടിക്കുന്ന്	17	36	27	63	പണിയർ	10	--	--	കേണി	ഇല്ല	--
122	പന്നിയോടി	13	21	19	40	പണിയർ	3	--	--	കേണി	ഇല്ല	--
123	ചെമ്പോക്കണ്ടി	6	15	10	25	പണിയർ	5	--	--	കിണർ	ഇല്ല	--
128	മുനമരം	4	10	7	17	പണിയർ	2	1	--	പൈപ്പ്	ഇല്ല	--
129	വാരുമ്മൽ	12	19	28	47	പണിയർ	6	1	--	പൈപ്പ്	ഇല്ല	--
130	തണ്ണീർ വയൽ	24	43	54	97	കുറിച്യർ	11	11	--	പൈപ്പ് കേണി	ഇല്ല	--
131	അത്തിക്കൽ	16	35	32	67	കുറിച്യർ	3	10	--	പൈപ്പ് കേണി	ഇല്ല	--
132	വട്ടക്കൊല്ലി	10	19	20	39	കുറിച്യർ	9	1	--	പൈപ്പ്	ഇല്ല	--
133	നെല്ലിക്കൽ	12	16	24	40	പണിയർ / കുറുമർ	9	1	--	പൈപ്പ് കിണർ	ഇല്ല	--
134	കള്ളാടിക്കൊല്ലി	4	5	4	9	പണിയർ	1	1	--	കേണി	ഇല്ല	--
135	വാടോത്ത്	10	14	20	34	പണിയർ കുറിച്യർ	9	--	--	പൈപ്പ്,കിണർ	ഇല്ല	--
136	കൂനമേൽ	10	13	16	29	പണിയർ	5	--	--	കേണി	ഇല്ല	--
137	മുക്രാമൂല	06	11	14	25	പണിയർ	3	2	--	കേണി	ഇല്ല	--
138	ആനക്കെട്ടി	8	14	11	25	പണിയർ	3	1	--	കിണർ	ഇല്ല	--
139	കുറുമൻ മൂല	7	12	12	24	പണിയർ	4	1	--	കിണർ	ഇല്ല	--
140	കുറുമ്പാലമല	62	90	71	161	പണിയർ കുറുമർ	10	12	--	കേണി	ഇല്ല	--
141	ചൂരയ്ക്കാമൂല	7	15	14	29	കാട്ടുനായ്ക്കർ	7	--	--	കേണി	ഇല്ല	--
142	കൊല്ലിയിൽ	20	46	39	85	കുറിച്യർ	7	12	--	കേണി	ഇല്ല	--
143	നടുവിൽ വീട്	18	40	35	75	പണിയർ	15	--	--	കിണർ പൈപ്പ്	ഇല്ല	--
144	പത്തലാടി	24	71	64	135	പണിയർ/കുറിച്യർ കുറുമർ	23 --	4	--	പൈപ്പ്	ഇല്ല	--
145	പെരേറ്റകുന്ന്	48	100	95	195	പണിയർ കുറിച്യർ	30	4		കിണർ/പൈപ്പ്	ഇല്ല	--
146	വള്ളിക്കുന്ന്	7	18	18	36	കുറിച്യർ	7	--		കിണർ	ഇല്ല	--

പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവര കണക്ക്

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ ആൺ	പെൺ	ആകെ	ജാതി	വീടിന്റെ സ്വഭാവം ഓട്	പുല്ല്	മറ്റുള്ളവ	ശുദ്ധജല ലഭ്യത	വൈദ്യുതീകരിച്ചതാണോ	കക്കൂസ് സൗകര്യം
1	2	3	4	5	6	7	8	9	10	11	12	13
147	ചേരുങ്കൽ	5	15	13	28	കുറിച്യർ	3	1	--	--	--	
148	പരുമംഗലം	2	4	8	12	പണിയർ	ഇല്ല	2	--	പൈപ്പ്	--	--
149	മലങ്കര	10	18	17	35	പണിയർ	8	--	--	പൈപ്പ്	--	--

12 വിഭവസമാഹരണം

പഞ്ചായത്തിന്റെ ആസൂത്രണവികസന പ്രവർത്തനങ്ങൾക്ക് സർക്കാരിൽനിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായം അപര്യാപ്തമായതിനാൽ പഞ്ചായത്തിനകത്തുനിന്നും കൂടുതൽവിഭവങ്ങൾ സമാഹരിക്കേണ്ടതായിട്ടുണ്ട്. താഴെ പറയുന്ന വിഭവസമാഹരണത്തിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താവുന്നതാണ്.

1. *കെട്ടിടനികുതി.*

പഞ്ചായത്തിലെ കെട്ടിടങ്ങൾക്കു നിചപ്പെടുത്തിയിരിക്കുന്ന നികുതി നീതിപൂർവ്വകമല്ല. അശാസ്ത്രീയമായ നികുതിനിർണ്ണയമാണ് നിലവിലുള്ളത്. ഇത് കാലികമായ പരിഷ്ക്കാരത്തോടെ ശാസ്ത്രീയമായി പുനർ നിർണ്ണയം ചെയ്യണം. വീഴ്ച വരുത്തുന്നവർക്ക് ഇരട്ടി പിഴ ചുമത്തി ഇന്നുനിലവിലുള്ള കുടിശ്ശിക കുറച്ചുകൊണ്ടുവരണം.

2. *തൊഴിൽ നികുതി.*

സർക്കാർജീവനക്കാരിൽനിന്നുള്ള നികുതി മാത്രമേ തൊഴിൽ നികുതി മാത്രമേ കൃത്യമായി പിരിഞ്ഞുകിട്ടുന്നുള്ളൂ. കാർഷികമേഖലയിലും തൊഴിൽസ്ഥാപനങ്ങളിലും തൊഴിൽ നികുതി നിർബന്ധമാക്കണം. വാഹന ഉടമകൾ വാഹനങ്ങളിലെ ജീവനക്കാർ തുടങ്ങിയവരിൽനിന്നും തൊഴിൽനികുതി ഒഴിവാക്കണം.

3. *വിനോദനികുതി.*

ഇന്ന് വിനോദനികുതി കണക്കാക്കുന്നത് വിൽക്കുന്ന ടിക്കറ്റിന്റെ ഇത്രശതമാനം എന്ന തോതിലാണ്. ഈ സമ്പ്രദായം യഥാർത്ഥവരുമാനം തിട്ടപ്പെടുത്താൻ അപര്യാപ്തമാണ്. സിനിമാ ശാലകളിലെ സീറ്റിന്റെ എണ്ണത്തിന് ഇത്ര എന്ന തോതിൽ വിനോദനികുതി പുനക്രമീകരിച്ചാൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4. *ബേങ്ക് ഫൈനാൻസ്.*

ബേങ്കുകൾ ഇന്നുനൽകുന്ന കാർഷികവായ്പകൾ ഉദാരവത്ക്കരിക്കണം. നീതിപൂർവ്വകമായ വിതരണം നടത്തണം. കേഷ് ക്രഡിറ്റ് റേഷ്യോ പുനർനിർണയം ചെയ്യണം.

5. *കച്ചവടലൈസൻസ്.*

കച്ചവടസ്ഥാപനങ്ങളിൽനിന്ന് ഈടാക്കുന്ന ലൈസൻസ് നീതിപൂർവകമല്ല. ഇത് ശാസ്ത്രീയമായി പുനർനിർണയം ചെയ്യണം. ലൈസൻസില്ലാതെ ചെയ്യുന്ന കച്ചവടം പൂർണമായും നിരോധിക്കണം.

6. *നാഷണൽ സേവിംഗ്സ്*

നാഷണൽ സേവിംഗ്സ് സ്കീമിൽ എല്ലാവീടുകളെയും അംഗങ്ങളാക്കണം. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

7. *ചെലവുകൾ*

അനാവശ്യമായ ചെലവുകൾ നിയന്ത്രിക്കേണ്ടതാണ്. സന്നദ്ധസംഘടനകൾക്കും സ്ഥാപനങ്ങൾക്കും പഞ്ചായത്തുഫണ്ടിൽനിന്നും സമ്പാവന നൽകുവാനുള്ള ഗവ. നിർദേശം ഒഴിവാക്കണം. പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങൾക്കും സംഘടനകൾക്കും സംഭാവന നൽകുവാനുള്ള അധികാരം പഞ്ചായത്തുബോഡിന് നൽകേണ്ടതാണ്.

8. *ടൂറിസം*

വയനാടിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി 8-ാം വാർഡിൽ (വിളമ്പുകണ്ടം) സ്ഥിതി ചെയ്യുന്ന ഒറ്റപ്പെട്ടതും 2 കി.മീ ദൂരമുള്ളതുമായ കുറുമ്പാല കോട്ടമല വിനോദസഞ്ചാരകേന്ദ്രമാക്കി വികസിപ്പിക്കാൻ വളരെ സാധ്യതയുള്ളതാണ്. പ്രകൃതിരമണീയമായ ഈ പ്രദേശം ടൂറിസ്റ്റുകളെ ആകർഷിക്കുകുന്നതാണ്.

9. *മനുഷ്യാധ്വാനം.*

വിവിധ വാർഡുകളിലെ വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ മനുഷ്യാധ്വാനശേഷി പരമാവധി പ്രയോ

ജനപ്പെടുത്തണം. 15 നും 60 നും മദ്ധ്യേ പ്രായമുള്ളവരെ സംഘടിപ്പിച്ച് അതതുവാർഡുകളിൽ കർമ്മസേന രൂപീകരിക്കണം. റോഡുവെട്ടൽ, കുളം കുഴിക്കൽ, കാടുവെട്ടൽ ശുചീകരണപ്രവർത്തനങ്ങൾ തുടങ്ങിയവക്ക് സന്നദ്ധ സംഘടനകളെയും ക്ലബ്ബുകളെയും ഉപയുക്തമാക്കണം.

10. *കാർഷിക വിഭവങ്ങൾ*

പനമരം ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷികവിഭവങ്ങളാണ് നെല്ല്, കാപ്പി, കുരുമുളക്, റബ്ബർ, വാഴക്കുല, ഇഞ്ചി തുടങ്ങിയവ. ഉൽപ്പന്നങ്ങളുടെ യഥാർത്ഥവില കർഷകനിന്ന് ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിനായി പനമരം കേന്ദ്രമാക്കി ധാന്യസംഭരണ ഡിപ്പോയും കർഷകന് ലോൺ കൊടുത്ത് സഹായിക്കുന്ന രീതിയിൽ മാർക്കറ്റിംഗ് സൊസൈറ്റിയും സ്ഥാപിക്കേണ്ടതാണ്.

11. *അസംസ്കൃത വിഭവങ്ങൾ*

1. വനവിഭവങ്ങളായ തേൻ, മെഴുക്, നെല്ലിക്ക തുടങ്ങിയവ ലഭിക്കാൻ സാധ്യതയുള്ള കാടുമായിച്ചേർന്നു കിടക്കുന്ന നീർവാരം, പുഞ്ചവയൽ അടക്കമുള്ള വാർഡുകൾ കേന്ദ്രമാക്കി വനവിഭവ ശേഖരണ യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

2. പഞ്ചായത്തുമായിചേർന്നുകിടക്കുന്ന വനമേഖലയിൽ ലക്ഷക്കണക്കിന് രൂപയുടെ ഉണങ്ങിയതടികൾ ഉപയോഗശൂന്യമായിപ്പോവുകയാണ്. ഇവ ശേഖരിച്ച് വിപണനം ചെയ്താൽ സാമ്പത്തികമായി വൻനേട്ടം കൈവരിക്കാൻ സാധിക്കും. ഇതിനുവേണ്ടി നിലവിലുള്ള വനനിയമത്തില് ഭേദഗതികൾ വരുത്തേണ്ടതാണ്.

3. ധാരാളമായിക്കിട്ടാനിടയുള്ള പപ്പായ ശേഖരിച്ച് കറയെടുത്ത് സംസ്ക്കരിച്ചാൽ (പപ്പായ എക്സ്ട്രാക്ഷൻ) തൊഴിലവസരവും സാമ്പത്തിക നേട്ടവും ഉണ്ടാക്കാൻ കഴിയും.

5. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന മണൽ ഒരു നിശ്ചിത അളവിൽ ശേഖരിച്ച് വിപണനം നടത്തിയാൽ ഇന്നു ലഭിക്കുന്ന വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. വ്യക്തികൾക്ക് ലേലം ചെയ്തു കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിച്ച് പഞ്ചായത്തിന്റെ കീഴിലുണ്ടാക്കുന്ന മണൽ വാരൽ സൊസൈറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ മണൽവാരലും വിപണനവും നടത്തേണ്ടതാണ്. നെല്ലുകുത്ത് മില്ലുകളിൽനിന്ന് ലഭ്യമാകുന്ന തവിട് ശേഖരിച്ച് തവിടെണ്ണ ഉൽപാതിദിപ്പിച്ചാൽ സാമ്പത്തിക ലാഭം നേടാവുന്നതാണ്.

ഇതരവിഭവങ്ങൾ:

(1) പനമരം ടൗണിലുള്ള ഓട്ടലുകളിലേയും മൽസ്യമാർക്കറ്റിലേയും അറവുശാലകളിലേയും അവശിഷ്ടങ്ങൾ ശേഖരിച്ച് പനമരം കേന്ദ്രമാക്കി പന്നിവളർത്തൽ കേന്ദ്രമാക്കി ഇതോടനുസ്ധിച്ച് ടൗണിലെ മാലിന്യങ്ങൾ ശേഖരിച്ച് ജൈവവളവും ഉണ്ടാക്കാവുന്നതാണ്.

(2) മൽസ്യ മാർക്കറ്റിന്റെ അഭാവം നിമിത്തം പനമരത്ത് റോഡരികിലാണ് മൽസ്യ വിഭണനം നടത്തുന്നത്. മാർക്കറ്റുണ്ടാക്കിയാൽ വരുമാനം ലഭിക്കുന്നതാണ്.

(3) പനമരം പഞ്ചായത്തിന്റെ പരിതിയിൽപ്പെടുന്ന അറവു ശാലകളിലെ എല്ല് തുടങ്ങിയ മൃഗാവശിഷ്ടങ്ങൾ പാഴായിപ്പോവുകയാണ്. ഇവശേഖരിച്ച് എല്ല്പൊടി നിർമ്മാണയൂണിറ്റ് ആരംഭിക്കാവുന്നതാണ്.

ആഴ്ച ചന്ത

പനമരം ടൗണിൽ വളരേയേറെ സാധ്യതയുള്ളതാണ്. ആഴ്ച ചന്ത. കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നം ക്രയവിക്രയം നടത്താൻ ഇത് ഉപകരിക്കും. നികുതിഇനത്തിൽ പഞ്ചായത്ത് സാമ്പത്തിക നേട്ടവും കൈവരിക്കാം.

കന്നുകാലിച്ചന്ത കാക്കത്തോടിനു സമീപമളള രണ്ട് ഏക്കർസ്ഥലം കന്നുകാലിച്ചന്തയായി മാറ്റണം. ഈ ഇനത്തിലും സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

ഔഷധ സസ്യങ്ങൾ

8-ാം വാർഡിൽപ്പെടുന്ന കുറുമ്പാലക്കോട്ടലമല ഔഷധസസ്യങ്ങൾ ധാരാളം ലഭിക്കാൻ സാധ്യതയുള്ള പ്രദേശമാണ്. ഔഷധ സസ്യങ്ങൾ നട്ടുവളർത്തുകയും, അവശേഖരിച്ച് വിപണനംനടത്തി സാമ്പത്തിക നേട്ടം ഉണ്ടാക്കുകയും വേണം.

പനമരം ഗ്രാമപഞ്ചായത്ത് - വരുമാന - അനുപാതപട്ടിക

ഇനം		1993 - 94	1995 - 96	വ്യത്യാസം	ശതമാനം
1.	കെട്ടിട നികുതി	3,62,180.-	3,71,267.-	+ 9,087	2.51
2.	വിനോദ നികുതി	78,145.-	1,01,298.-	+ 23,153	29.63
3.	തൊഴിൽ നികുതി	1,60,139.-	2,02,670.-	+ 42,531	26.56
4.	ഉപാധിരഹിത ഫണ്ട്	2,69,000.-	3,82,900.-	+ 1,13,900	42.34
5.	ജെ. ആർ. വൈ	5,00,386.-	12,75,264.-	+ 7,74,878	154.86
6.	ഗ്രാന്റ്	1,25,608.-	7,60,413.-	+ 6,34,805	505.39
7.	ഏസ്റ്റാബ്ലിഷ്മെന്റ്	4,49,369	6,22,148.-	+ 1,72,779	38.45

ഉപസംഹാരം

സ്വതന്ത്രഭാരതത്തിൽ നാളിതുവരെയുള്ള വികസനസമീപനം അശാസ്ത്രീയവും ജനനൻമക്കക് പ്രധമപരിഗണന നൽകാത്തതും ആയിരുന്നു. റോഡുകളും പാലങ്ങളും കുടിവെള്ളവുമായാൽ വികസനമായി എന്നൊരു ധാരണ നാം വെച്ചുപുലർത്തിയിരുന്നു. ഉൽപാദന പ്രക്രിയ വികസനവീക്ഷണമായി കാണാൻ കഴിയാതെപോയി. കാർഷിക - വ്യവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖലയെ വികസിപ്പിക്കുന്ന ഒരു തന്ത്രമാണ് നമുക്കിന്ന് ആവശ്യം.

വിവിധ ഡിപ്പാർട്ടുമെന്റുകൾ വികസന കാര്യങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകാറില്ല. അഴിമതിരഹിതമായ വികസന പ്രക്രിയക്ക് ഊന്നൽ നൽകിയായിരിക്കണം എല്ലാ പദ്ധതികളും നടപ്പിലാക്കേണ്ടത്. ഈ പരിപാടികൾ വിജയിപ്പിക്കുവാൻ ജനപങ്കാളിത്തവും ജാഗ്രതയയും ഊട്ടിയുറപ്പിക്കണം.

വികസനത്തിനാവശ്യം വിഭവമാണ്. വിഭവസമാഹരണത്തിനുള്ള പുതിയമാർഗ്ഗങ്ങൾ കണ്ടെത്താൻ ഗ്രാമപഞ്ചായത്തിനു കഴിയണം. സർക്കാരേതിര ഏജൻസികളെ കണ്ടെത്തി അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി ആവിഷ്ക്കരിക്കാൻ ശ്രമിക്കണം.

സാമൂഹിക രാഷ്ട്രീയരംഗങ്ങളിൽ വസ്തുനിഷ്ഠമായ വിശകലനത്തിന്റെ അഭാവം പ്രശ്നങ്ങൾ വിളിച്ചുവരുത്തുന്നു. അതൊഴിവാക്കാൻ വിഭവഭൂപടവും സർവറിപ്പോർട്ടുകളും അടിസ്ഥാനമാക്കി കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്. 'രോഗം അറിഞ്ഞ് ചികിത്സിക്കണ'മെന്ന സിദ്ധാന്തം ഇവിടെ പ്രസക്തമാണ്.

വികസന ഉപാധികൾ ഫലപ്രദമായി ഉപയോഗിക്കുന്നതുഴി ആസൂത്രണം അർത്ഥപൂർണ്ണവും സംപുഷ്ടവുമാകും.

അതുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' സംപുഷ്ടമാക്കുന്നതോടൊപ്പം കാര്യങ്ങൾ നടപ്പിൽവരുത്താനുള്ള ദൃഢനിശ്ചയവും നാം കൈക്കൊള്ളണം.

ആസൂത്രണം ചെയ്ത പദ്ധതികളെ സ്കീമുകളാക്കി മാറ്റുമ്പോഴും മുൻഗണനാക്രമം നിശ്ചയിക്കുമ്പോളും കാര്യക്ഷമതയും ജനാഭിലാഷവും മാനദണ്ഡങ്ങളായി സ്വീകരിക്കാൻ ശ്രദ്ധിക്കണം. ഇത്തരത്തിൽ കാര്യങ്ങൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത ഗ്രാമപഞ്ചായത്ത് സമിതിക്കുണ്ട്. മാനവശേഷിയും പ്രകൃതിവിഭവങ്ങളും ചരിത്രപരമായ വിശകലനത്തതിന് വിധേയമാക്കി പ്രായോഗിക ബുദ്ധിയോടും സൂക്ഷ്മതയോടും പ്രാവർത്തികമാക്കാൻ സാധിക്കണം.

കക്ഷിരാഷ്ട്രീയത്തിനതീതമായ വികസനരാഷ്ട്രീയം എന്ന പുത്തൻ ആശയം പ്രവർത്തനപഥത്തിലെത്തുമ്പോൾ 'തൈരിൽനിന്നും നവനീതം' പോലെ യഥാർത്ഥ ജനകീയരാഷ്ട്രീയം തെളിഞ്ഞുവരാതിരിക്കില്ല.

കൂട്ടായ്മയിലൂടെ മാനവശക്തിയുടെ സമഗ്രവികസനത്തിന്റെ പുത്തൻകാഹളം ഉയരണം; ഉണർത്തണം. ഇവിടെയാണ് ജനങ്ങളുടെ നിതാന്തജാഗ്രത ഉണരേണ്ടത്.

ചരിത്രപരമായ ഈ കടമ ഏറ്റെടുക്കുവാൻ നമുക്ക് കഴിയുമെന്ന അദമ്യമായ മോഹത്തോടെ പനമരം ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിലേക്കുമായി സമർപ്പിക്കുന്നു.

'ഉത്തിഷ്ഠതാ ജാഗ്രതാ
പ്രാപ്യവരാൻ നിബോധതാ'

കെ. ആർ. പി	–	പി. എം. മാത്യു.
ഡി. ആർ. പി	1.	എം. സി. സബാസ്റ്റ്യൻ
	2.	അഡ്വ. കെ.എം. തോമസ്
	3.	ആയങ്കി അബ്ദുറഹിമാൻ
	4.	കെ. ജി. അശോകൻ
	5.	പി. കെ. കെ. നായർ
	6.	പി. ജെ. ബേബി
	7.	ആർ. ഹരിപ്രിയ
	8.	കെ. മൊയ്തീൻ മാസ്റ്റർ
	9.	എം. പി. ബാലകുമാർ – കൺവീനർ
	10.	രുഗ്മണി ഭാസ്ക്കരൻ നായർ
	11.	എൻ. പി. വേണുഗോപാലൻ
	12.	ജി. പ്രതാപചന്ദ്രൻ

വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്.

ചെയർമാൻ: **ജി. പ്രതാപചന്ദ്രൻ**

കൺവീനർ :**എം. പി. ബാലകുമാർ**

1. കൃഷി, ജലസേചനം

രുഗ്മിണി ഭാസ്ക്കരൻ നായർ,
ആർ. വേണുഗോപാൽ
വി. അബ്ദുള്ള മാസ്റ്റർ
പി. ജനാർദ്ദനൻ
കെ. ഡി. ദേവസ്യ
ശോശാമ്മ കുര്യൻ
അഡ്വ. കെ. എ. ജോസ്

2. മൃഗസംരക്ഷണം

അഡ്വ. കെ. എം. തോമസ്
ഡോ. അനിൽ സക്കറിയ
സിദ്ധപ്പൻ പാലക്കര
എ. കെ. രാഘവൻ
ദേവസ്യ. പി. എം

3. വ്യവസായം

എൻ. കാദർ
കെ. എം. അബ്രഹാം
സി. എച്ച്. പേക്കുഹാജി
എ. അബ്ദുറഹിമാൻ
എ. വി. ജോർജ്

4. വിദ്യാഭ്യാസം

ഷേർളി ജോസ്
ശശിധരൻതമ്പി
എം. കുഞ്ഞമ്മത്
കെ. സുരേന്ദ്രൻ
ആർ. ഹരിപ്രിയ

5. സംസ്ക്കാരം

മെഹ്റുന്നീസ റസാഖ്,
കെ. എൻ. കെ. മാസ്റ്റർ
ടി. ടി. ജോസഫ്
കെ. എൽ. ബാവ
ലീലാമ്മ ജോസഫ്

6. പൊതുജനാരോഗ്യം, കുടിവെള്ളം

എം. സി. സബാസ്റ്റ്യൻ
ഡോ. വി. എസ്. രാജൻ
എം. വി. അഗസ്റ്റിൻ
എം. ലീല
ബേബി നാപ്പള്ളി
ചന്ദ്രലേഖ
സുകുമാരൻ
ജിജി. ഉമ്മൻ

7. ഗതാഗതം, ഊർജ്ജം

കെ. ചെറിയ മൂസ്സ
എസ്. സദാശിവൻ പിള്ള
പി. കെ. അബ്ദുൾ അസീസ്
ജി. ഭാസ്കരൻ പിള്ള
കെ. സി. ജബ്ബാർ

8. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

ഗബ്രിയേൽ രാമൻ
പി. കുഞ്ഞികൃഷ്ണൻ
അനീഷ് ബാബു

9. വനിതാക്ഷേമം

കെ. വി. സുലോജന
നളിനി. കെ. ചന്ദ്രൻ
പി. ഓമന
പി. റുഖിയ
വി. എം. രാധാമണി

10. സഹകരണം

ടി. ഉഷാകുമാരി
പി. കെ. രാമനാരായണൻ
ടി. രേണുകൻ
കെ. ജി. അശോകൻ
കെ. കൃഷ്ണൻ
വി. പ്രഭാകരൻ

11. പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

പി. രാമൻ
ടി. സി. വേലായുധൻ
ബാബു സബാസ്റ്റ്യൻ

12. വിഭവസമാഹരണം

എൻ. ഹംസ
എം. സദാനന്ദൻ
പി. പി. അബൂബക്കർ
പി. എം. ജോസഫ്

''അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കു പോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഞാൻ പ്രവർത്തിക്കും.''

''അധികാരത്തെ സൂക്ഷിക്കുക.
അധികാരം ദുഷിപ്പിക്കും.
അതിന്റെ ആഡംഭരത്തിൽ മയങ്ങിപ്പോകരുത്.
ഇന്ത്യൻ ഗ്രാമങ്ങളിലെ പാവങ്ങളെ സേവിക്കാനാണ് നിങ്ങൾ അധികാരത്തിലേറിയതെന്ന കാര്യം ഓർമ്മയിരിക്കട്ടെ.''

''വിശന്നു വലയുന്ന പട്ടിണിപ്പാവങ്ങളുടെ മുന്നിൽ
ഈശ്വരനെ അവതരിപ്പിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല.
അവരുടെ ഈശ്വരൻ ആഹാരമാണ്.''

-ഗാന്ധിജി

★ അധികാരം ജനങ്ങളിലേക്ക്

★ ഒൻപതാം പദ്ധതി ജനകീയ പദ്ധതി

★ ആസൂത്രണം താഴെത്തട്ടിൽ നിന്ന് മുകളിലേക്ക്

★ ആസൂത്രണത്തിലും നിർവചനത്തിലും വിപുലമായ പങ്കാളിത്തം.

ജനനമരണ റജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ
അവകാശം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്,
വോട്ടവകാശം സ്ഥാപിക്കുന്നതിന്,
റേഷൻ കാർഡിൽ പേരു ചേർക്കുന്നതിന്.

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം-
ജനനം റജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്,
ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തര
ആനുകൂല്യങ്ങൾ വാങ്ങുന്നതിന്.
മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
-മരണം യഥാസമയം റജിസ്ററർ ചെയ്തുവെന്ന്
ഉറപ്പുവരുത്തുക.

ജനനവും മരണവും
21 ദിവസത്തിനകം
റജിസ്ററർ ചെയ്യാൻ
ഓർമ്മിക്കുക.
ഇത്
നിർബന്ധമാണ്.

പഞ്ചായത്തിന് നൽകേണ്ട
വിവിധ ഇനം നികുതികൾ,
ഫീസുകൾ തുടങ്ങിയവ യഥാസമയം
നൽകുക. അതുവഴി ഗ്രാമ
വികസനത്തിൽ പങ്കാളിയാവുക.

INSTITUTE OF LOCAL ADMINISTRATION
THRISSUR-680581

4326